# കേരള സർക്കാർ

# മത്സ്യവകുപ്പ് /അനുബന്ധ ഏജൻസികൾ വഴി നൽകുന്ന ക്ഷേമ പദ്ധതികൾ

# ആമുഖം

മത്സ്യത്തൊഴിലാളി ഉന്നമനത്തിനായി കാലോചിതവും, മികവുറ്റതുമായ പദ്ധതികൾക്കുള്ള ധനസഹായം / പരിശീലനങ്ങൾ എന്നിവയിലൂടെ കേരളത്തിന്റെ സമ്പദ് ഘടനയിൽ സുപ്രധാന പങ്കുവഹിക്കുന്ന മത്സ്യമേഖലയിലെ പുരോഗതിക്കായി ആവാസ വ്യവസ്ഥയുടെ സന്തുലനം ഉറപ്പാക്കി കൊണ്ട് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമത്തിനും, പുരോഗതിക്കും ആവശ്യമായ സാമൂഹിക സാമ്പത്തിക പദ്ധതികൾ ആവിഷ്കരിക്കുകയും, നടപ്പിലാക്കുകയും ചെയ്ത് മത്സ്യത്തൊഴിലാളികൾക്കും, മത്സ്യമേഖലയിലെ അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും വേഗത്തിലും, കുറ്റമറ്റ രീതിയിലും കാര്യക്ഷമതയോടും കൂടി സേവനം ലഭ്യമാക്കുകയാണ് ഫിഷറീസ് വകുപ്പിന്റെ പ്രധാനലക്ഷ്യം. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി മത്സ്യമേഖലയിൽ ജോലി ചെയ്യുന്നവർക്കുള്ള വിവിധ പദ്ധതികളും, ടി പദ്ധതികൾക്കുള്ള അർഹതാ മാനദണ്ഡങ്ങളും തയ്യാറാക്കി ടി മേഖലയിലെ ഗുണഭോക്താക്കൾക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിന് സഹായിക്കുക എന്നതാണ് ടി കൈപുസ്തകം ലക്ഷ്യമിടുന്നത്.

“മത്സ്യമേഖലയിലെ ക്ഷേമ പദ്ധതികൾ” എന്ന കൈപുസ്തകത്തിൽ 10 ഭാഗമായി വിവിധ മേഖലകളിലെ ഗുണഭോക്താക്കൾക്ക് ഗുണപ്രദമായ രീതിയിൽ അപേക്ഷ കൊടുക്കേണ്ടതെങ്ങനെ, അർഹത മാനദണ്ഡം, അപ്പീൽ അധികാരി എന്നിങ്ങനെ മത്സ്യമേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും, മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്കും, കൃത്യതയോടും, വേഗത്തിലും സേവനം ലക്ഷ്യമാക്കുന്നതിലൂടെ കേരളത്തിന്റെ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരിലേക്കും വകുപ്പിന്റെയും, വകുപ്പിന് കീഴിലുള്ള വിവിധ ഏജൻസികളുടെയും പ്രവർത്തനങ്ങളും ദൗത്യങ്ങളും എത്തിക്കുന്നതിനാണ് ഈ കൈപുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

## ഉള്ളടക്കം


| അദ്ധ്യായം | | | ഇനം | പേജ് നമ്പർ |
|---|---|---|---|---|
| 1 | | | മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതികൾ | 1 |
| | 1.1 | | മത്സ്യവകുപ്പ് നേരിട്ട് നടപ്പിലാക്കുന്നവ | 1 |
| | | 1.1.1 | ആഴക്കടൽ മത്സ്യബന്ധനം | 1 |
| | | 1.1.2 | സുസ്ഥിരമത്സ്യബന്ധന യന്ത്രവത്കൃതയാനങ്ങൾക്ക് സ്ക്വയർമെഷ് കോഡ് എൻഡ് (Square mesh cod end for trawlers) | 2 |
| | | 1.1.3 | സമ്പാദ്യസമാശ്വാസ പദ്ധതി (Savings cum Relief Scheme) | 2 |
| | 1.2 | | മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ | 3 |
| | | 1.2.1 | പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെ മോട്ടോറൈസേഷൻ | 3 |
| | | 1.2.2 | മത്സ്യഫെഡിൽ നിന്നും വായ്പയോ മറ്റു ധനസഹായമോ ലഭിക്കുന്നതിനുള്ള പൊതുവായ നടപടിക്രമം | 4 |
| | | 1.2.3 | സ്വയം സഹായ ഗ്രൂപ്പുകൾക്കുള്ള വായ്പ പദ്ധതി മാർഗരേഖകൾ | 5 |
| | | 1.2.4 | ദേശീയ സഹകരണ വികസന കോർപ്പറേഷൻ (NCDC) സഹകരണത്തോടെ നടപ്പിലാക്കുന്ന സംയോജിത മത്സ്യബന്ധന വികസന പദ്ധതിക്ക് (IFDP) സഹായം നൽകുന്നു. | 6 |
| | | 1.2.5 | മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതി | 7 |
| | | 1.2.6 | മത്സ്യത്തൊഴിലാളി ക്ഷേമനിധി | 7 |
| | | 1.2.7 | നിലവിലെ മണ്ണെണ്ണ പെർമിറ്റ് എൻജിനുകൾ മാറ്റി പകരം പെട്രോൾ എൻജിനുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സബ്സിഡി അനുവദിക്കുന്ന പദ്ധതി | 8 |
| | | 1.2.8 | ഉൽപ്പാദന ബോണസ് പദ്ധതി | 10 |
| | | 1.2.9 | ആഴക്കടൽ മത്സ്യബന്ധനം | 10 |
| | | 1.2.10 | നോൺ PDS മണ്ണെണ്ണ വിതരണ പദ്ധതി | 10 |
| | | 1.2.11 | മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യകച്ചവടത്തിന് പലിശരഹിത വായ്പ | 11 |
| | | 1.2.12 | മത്സ്യബന്ധനോപകരണ വായ്പകൾക്കും വനിതകൾക്കുള്ള മത്സ്യവിപണന വായ്പകൾക്കുമുള്ള പലിശ സബ്സിഡി | 11 |
| | | 1.2.13 | വായ്പ ദുരിതാശ്വാസ പദ്ധതി (LDRS) | 11 |
| | | 1.2.14 | ഫൈബർ ഗ്ലാസ് വള്ളങ്ങൾ (ബ്ലൂ റവല്യൂഷൻ പദ്ധതി) | 11 |
| | | 1.2.15 | കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി | 11 |
| | | 1.2.16 | മത്സ്യത്തൊഴിലാളികൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ് | 11 |
| | | 1.2.17 | പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന(PMMSY) | 11 |
| | | 1.2.18 | MPEDA നെറ്റ് ഫിഷ് പദ്ധതി | 11 |

| | | | | |
|---|---|---|---|---|
| | 1.3 | | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് വഴി നടപ്പിലാക്കുന്നവ | 12 |
| | | 1.3.1 | വാർദ്ധക്യകാല പെൻഷൻ | 12 |
| | | 1.3.2 | ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | 12 |
| | | 1.3.3 | വിധവാ പെൻഷൻ | 14 |
| | | 1.3.4 | മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും മരണത്തോട് അനുബന്ധിച്ച് ആശ്രിതർക്ക് ഉള്ള ധനസഹായം | 15 |
| | | 1.3.5 | മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക്ധനസഹായം നൽകുന്ന പദ്ധതി | 16 |
| | | 1.3.6 | അപകടം അല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം | 16 |
| | | 1.3.7 | മാരകരോഗ ചികിത്സാ പദ്ധതി | 17 |
| | | 1.3.8 | അടിയന്തിര ധനസഹായം | 18 |
| | | 1.3.9 | വിവാഹധനസഹായപദ്ധതി | 18 |
| | | 1.3.10 | പ്രസവശുശ്രൂഷയ്ക്കുള്ളധനസഹായപദ്ധതി | 19 |
| | | 1.3.11 | തണൽപദ്ധതി | 20 |
| | | 1.3.12 | സാന്ത്വനതീരംപദ്ധതി | 20 |
| | 1.4 | | സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ് ) | 21 |
| | | 1.4.1 | ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം | 21 |
| | | 1.4.2 | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് | 23 |
| 2 | | | മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കുള്ള കടൽ സുരക്ഷാ പദ്ധതികൾ | 25 |
| | 2.1 | | മത്സ്യവകുപ്പ് വഴി നടപ്പിലാക്കുന്നവ | 25 |
| | | 2.1.1 | മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി | 25 |
| | | 2.1.2 | യന്ത്രവൽകൃത മത്സ്യബന്ധനയാനങ്ങളിലെ തടി കൊണ്ടുള്ള ഹൾ സ്റ്റീൽ ആക്കി മാറ്റുന്ന പദ്ധതി | 26 |
| | | 2.1.3 | സുസ്ഥിരമത്സ്യബന്ധന യന്ത്രവത്കൃതയാനങ്ങൾക്ക് സ്ക്വയർമെഷ് കോഡ് എൻഡ് (Square mesh cod end for trawlers) | 27 |
| 3 | | | മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സഹായ പദ്ധതികൾ | 27 |
| | 3.1 | | മത്സ്യവകുപ്പ വഴി നടപ്പിലാക്കുന്നവ | 27 |
| | | 3.1.1 | പ്രതിഭാതീരം പദ്ധതി | 27 |
| | | 3.1.2 | ഇ-ഗ്രാൻറ്സ് | 28 |
| | 3.2 | | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്നവ | 29 |

| | | | | |
|---|---|---|---|---|
| | | | | |
| | | 3.2.1 | എസ്എസ്എൽസി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ്അവാർഡ് | 29 |
| | | 3.2.2 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി | 30 |
| | | 3.2.3 | കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹനപദ്ധതി | 30 |
| 4 | | | ഭവനനിർമ്മാണ പദ്ധതികൾ | 31 |
| | 4.1 | | വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നവ | 31 |
| | | 4.1.1 | പുനർഗേഹം പദ്ധതി | 31 |
| | | 4.1.2 | മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (എഫ് എച്ച്ഡിഎഫ്) | 33 |
| | | 4.1.3 | ലൈഫ് ഭവനപദ്ധതി | 34 |
| 5 | | | മത്സ്യകൃഷി പ്രോത്സാഹന പദ്ധതികൾ | 35 |
| | 5.1 | | വകുപ്പ വഴി നടപ്പിലാക്കുന്നവ | 35 |
| | | 5.1.1 | ജനകീയ മത്സ്യകൃഷി പദ്ധതികൾ | 35 |
| | | 5.1.2 | പിന്നാമ്പുറ വിത്തുല്പാദന യൂണിറ്റ് പദ്ധതികൾ | 40 |
| | | 5.1.3 | പി. എം.എം.എസ്.വൈ പദ്ധതികൾ | 40 |
| | | 5.1.4 | ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്തിൻറെ സംയോജിത പരിപാലനം | 42 |
| | | 5.1.5 | പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം | 44 |
| | 5.2 | | അഡാക്ക് വഴി നടപ്പിലാക്കുന്നവ | 44 |
| | | 5.2.1 | അഡാക്ക് മുഖേന നൽകുന്ന സേവനങ്ങൾ | 44 |
| | 5.3 | | KAVILമുഖേന നടപ്പിലാക്കുന്ന പദ്ധതികൾ | 46 |
| | | 5.3.1 | കാവിൽ മുഖേന നൽകുന്ന സേവനങ്ങൾ | 46 |
| | | 5.3.2 | മത്സ്യകൃഷി പ്രവർത്തനങ്ങളുടെ നിയന്ത്രണം (രജിസ്ട്രേഷൻ & ലൈസൻ | 46 |
| | 5.4 | | കോസ്റ്റൽ അക്വാ കൾച്ചർ അതോറിറ്റി (CAA) | 49 |
| | | 5.4.1 | രജിസ്ട്രേഷൻ & ലൈസൻസ് | 49 |
| 6 | | | മത്സ്യസമ്പത്ത് വർദ്ധിപ്പിക്കൽ | 52 |
| | 6.1 | | വകുപ്പ് വഴി നടപ്പിലാക്കുന്നവ | 52 |
| | | 6.1.1 | മോഡൽ ഫിഷിംഗ് ബോട്ടുകൾ | 52 |
| | 6.2 | | തീരദേശവികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നവ | 52 |

| | | | | |
|---|---|---|---|---|
| | | | | |
| | | 6.2.1 | മത്സ്യസമ്പത്തിന്റെ പുനരുജ്ജീവനത്തിനായി കൃത്രിമപ്പാരുകൾ (Artificial Reefs) | 52 |
| 7 | | | പരിശീലന പരിപാടികൾ /ബോധവത്കരണ പരിപാടികൾ | 54 |
| | 7.1 | | നിഫാം വഴി നടപ്പിലാക്കുന്നവ | 54 |
| | | 7.1.1 | സ്രാങ്ക്മാർക്കുള്ള ( Syrang) സാങ്കേതിക പരിശീലനം | 55 |
| | | 7.1.2 | മത്സ്യത്തൊഴിലാളികൾക്ക് 15 ദിന പരിശീലന പരിപാടി | 55 |
| | 7.2 | | ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ സഹായ പ്രവർത്തനങ്ങൾ | 55 |
| | 7.3 | | വകുപ്പ് വഴി നടപ്പിലാക്കുന്നവ | 55 |
| | | 7.3.1 | കണ്ടൽ വനവൽക്കരണം | 55 |
| | | 7.3.2 | ശുചിത്വ സാഗരം സുന്ദര തീരംപദ്ധതി | 56 |
| | | 7.3.3 | തൊഴിൽതീരം | 57 |
| | | 7.3.4 | സുസ്ഥിര സമുദ്ര മത്സ്യബന്ധന രീതികളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി | 58 |
| 8 | | | ഓൺലൈൻ സേവനങ്ങൾ | 58 |
| | 8.1 | | വകുപ്പ് വഴി നടപ്പിലാക്കുന്നവ | 58 |
| | | 8.1.1 | FIMS (ഫിഷർമെൻ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം | 58 |
| 9 | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ | 60 |
| 10 | | | മത്സ്യമേഖയിലെ അനുബന്ധ തൊഴിലാളികൾക്ക് വേണ്ടിയുള്ള സുസ്ഥിര വികസനപദ്ധതി – സംയോജന സാധ്യതകൾ | 62 |
| | 10.1 | | വ്യവസായ വാണിജ്യ വകുപ്പ് – സംരംഭക സേവനങ്ങൾ ലഘുവിവരണം | 63 |
| | | 10.1.1 | നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് | 63 |
| | | 10.1.2 | പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി ( PMEGP ) | 63 |
| | | 10.1.3 | പി. എം. എഫ്. എം. ഇ ( PMFME ) – PM Formalisation of Micro Food Processing Enterprises) | 64 |
| | | 10.1.4 | സൂക്ഷ്മ ചെറുകിട സംരംഭങ്ങളെ സ്കെയിൽഅപ്പ് ചെയ്യുന്നതിനുള്ള പദ്ധതി | 64 |
| | | 10.1.5 | MSME ഇൻഷുറൻസ് പദ്ധതി | 65 |

| | | | | |
|---|---|---|---|---|
| | 10.2 | | കുടുംബശ്രീ - തീരദേശ മേഖലയിലെ സംരഭകത്വ വികസനം പദ്ധതി നടത്തിപ്പ് | 65 |
| | 10.3 | | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 66 |
| | | 10.3.1 | സംരംഭ ഗ്രൂപ്പുകൾക്ക് വർക്ക്ഷെഡ് നിർമ്മിക്കൽ | 66 |
| | | 10.3.2 | ഗ്രാമചന്തകളുടെ നിർമ്മാണം | 66 |
| | 10.4 | | റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (RSETI) | 67 |

# മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതികൾ

## 1.1 മത്സ്യവകുപ്പ് നേരിട്ട് നടപ്പിലാക്കുന്നവ

### 1.1.1 ആഴക്കടൽമത്സ്യബന്ധനയാനം

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് യന്ത്രവത്കൃത ആഴക്കടൽ മത്സ്യബന്ധനയാനം നൽകി മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്.

#### അപേക്ഷിക്കേണ്ട വിധം

മത്സ്യത്തൊഴിലാളി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് പദ്ധതി പ്രകാരം മത്സ്യഭവനുകളിൽ അപേക്ഷ നൽകാം. കൂടാതെ പത്തുപേരടങ്ങിയ ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾക്കും മത്സ്യ കർഷക ഉദ്പാദകസംഘങ്ങൾക്കും, മത്സ്യ കർഷക ഉദ്പാദകകമ്പനികൾക്കും, വ്യക്തികൾക്കും പദ്ധതിയിലേക്ക് അപേക്ഷിക്കാം.

#### അർഹതാ മാനദണ്ഡം

18 വയസ്സ് പൂർത്തിയായതും പദ്ധതി തുകയുടെ അറുപത് ശതമാനം വഹിക്കാൻ കഴിവുള്ളവരുമായിരിക്കണം അപേക്ഷകർ.

#### ഗുണഭോക്തൃ തിരഞ്ഞെടുപ്പ്

ഫിഷറീസ് ജില്ലാ ഓഫീസർ അദ്ധ്യക്ഷനായുള്ള സമിതിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുത്ത ഗുണഭോക്തൃ പട്ടികയ്ക്ക് ഫിഷറീസ്ഡയറക്ടർ അധ്യക്ഷനായ സമിതിയുടെ അന്തിമ അംഗീകാരം ലഭിച്ചിരിക്കണം.

#### ധനസഹായം

1.2 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയുടെ 40 ശതമാനം തുക, അതായത് 48,00,000/-രൂപ സബ്സിഡിയായി ഗുണഭോക്താവിന് ലഭിക്കും.

#### അപ്പീൽ അധികാരി

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകൾക്ക് ദക്ഷിണ മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം അപ്പീൽ അധികാരി ആയിരിക്കും.

എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകൾക്ക് മദ്ധ്യ മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർ, എറണാകുളം അപ്പീൽ അധികാരി ആയിരിക്കും.

കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകൾക്ക് ഉത്തര മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട് അപ്പീൽ അധികാരി ആയിരിക്കും.

#### മറ്റ് വിവരങ്ങൾ

ഫിഷറീസ് വകുപ്പ് എംപാനൽ ചെയ്ത യാർഡുകളിലോ, കൊച്ചിൻ ഷിപ്പ് യാർഡിലോ യാനംപണി പൂർത്തീകരിക്കേണ്ടതാണ്. യാനം പണിപൂർത്തിയായതിന് ശേഷം രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ എടുക്കേണ്ടതാണ്.

## 1.1.2 സുസ്ഥിരമത്സ്യബന്ധന യന്ത്രവത്കൃതയാനങ്ങൾക്ക് സ്ക്വയർമെഷ് കോഡ് എൻഡ് (Square mesh cod end for trawlers)

### പദ്ധതി

- SRO No.612/2019 dated 01/09/2019 – സ്ക്വാർ മെഷ് കോഡ് എൻഡ് ട്രോൾ വലകൾക്കു നിർബന്ധമാക്കിയതിനെ തുടർന്ന് പരമ്പരാഗത ഡയമണ്ട്-ആകൃതിയിലുള്ള മെഷ് മാറ്റി സ്ക്വയർ (ചതുരം) ആകൃതിയിലുള്ള മെഷ് ഉപയോഗിക്കുന്നതിനുള്ള ധനസഹായപദ്ധതി

### അപേക്ഷിക്കേണ്ട വിധം

മത്സ്യഭവനുകൾ മുഖേന മത്സ്യവകുപ്പ് ജില്ലാ ഓഫീസർക്ക് അപേക്ഷ നൽകണം

### അർഹതാ മാനദണ്ഡം

യന്ത്രവത്കൃത ട്രോൾ ബോട്ട് ഉള്ള ബോട്ടുടമകളെയാണ്ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുന്നത്. ഗുണഭോക്തൃവിഹിതം അടയ്ക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ചായിരിക്കും ഗുണഭോക്താക്കലെ തെരെഞ്ഞെടുക്കുന്നത്.

### ധനസഹായം

- പദ്ധതി തുക: 40 ലക്ഷം രൂപ
- സംസ്ഥാന വിഹിതം: 20 ലക്ഷം രൂപ
- ഗുണഭോക്തൃ വിഹിതം: 20 ലക്ഷം രൂപ
- Fish cod end & Shrimp cod end: 250 എണ്ണം വീതം
- യൂണിറ്റ് തുക -Fish cod end -Rs.8500/-, Shrimp cod end– Rs.7500/-
- യൂണിറ്റ് തുകയുടെ 50% സബ്സിഡിയായിനല്കുന്നു

### മറ്റുവിവരങ്ങൾ

- പരമ്പരാഗത ഡയമണ്ട്-ആകൃതിയിലുള്ള മെഷ് മാറ്റി സ്ക്വയർ (ചതുരം) ആകൃതിയിലുള്ള മെഷ് ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്.വല വലിക്കുമ്പോൾ ചുരുങ്ങുകയില്ല, അതിനാൽ ചെറുമത്സ്യങ്ങൾക്ക് രക്ഷപ്പെടാൻ സാധിക്കുന്നു, ബൈ-ക്യാച്ച് കുറയ്ക്കാൻ സാധിക്കുന്നുപ്രതി ദിനം 1800 രൂപയുടെ പ്രതി വർഷം (150 തൊഴിൽ ദിനം) 2.7 ലക്ഷം പ്രതിവർഷം ഡീസൽ ലഭിക്കും.

### അപ്പീൽ അധികാരി

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകൾക്ക് ദക്ഷിണ മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം അപ്പീൽ അധികാരി ആയിരിക്കും.

എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകൾക്ക് മദ്ധ്യ മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർ, എറണാകുളം അപ്പീൽ അധികാരി ആയിരിക്കും.

കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകൾക്ക് ഉത്തര മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട് അപ്പീൽ അധികാരി ആയിരിക്കും.

## 1.1.3 സമ്പാദ്യസമാശ്വാസ പദ്ധതി (Savings cum Relief Scheme)

- മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളിൽ അവരുടെ ജീവസന്ധാരണത്തിനായുംമത്സ്യത്തൊഴിലാളികളിൽ സമ്പാദ്യ ശീലം പ്രോത്സാഹിപ്പിക്കുക

എന്ന ഉദ്ദേശത്തോടെ കൂടിയും നടപ്പിലാക്കുന്ന പദ്ധതിയാണ് മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി

### ഗുണഭോക്താക്കൾ

- കടലോരമേഖലയിലെ മത്സ്യത്തൊഴിലാളികളെയും ഉൾനാടൻ മേഖലയിലെ മത്സ്യത്തൊഴിലാളികളെയും ആണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിരിക്കുന്നത്.

### അർഹത മാനദണ്ഡം

- മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം ഉള്ളവർ ആയിരിക്കണം.
- 60 വയസ്സിൽ താഴെ പ്രായമുള്ളവരായിരിക്കണം
- FIMS ൽ ID ഉള്ളവരായിരിക്കണം

### ധനസഹായം

- ഒരു നിശ്ചിത തുക (പരമാവധി 1500 രൂപ വീതം) പദ്ധതിയിൽ അംഗമാകുന്നവരിൽ നിന്നും ശേഖരിക്കുകയും പിന്നീട് മറൈൻ മേഖലയിലെ പഞ്ഞ മാസങ്ങളായ മെയ്, ജൂൺ ,ജൂലൈ മാസങ്ങളിലും ഉൾനാടൻ മേഖലയിലെ പഞ്ഞ മാസങ്ങളായ ജൂലൈ ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിലും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യവിഹിതമായ യഥാക്രമം 1500 രൂപ വീതം (50%വീതംകേന്ദ്ര-സംസ്ഥാന സർക്കാർധനസഹായത്തോടെ)
- ഉൾപ്പെടുത്തി ആകെ 4500 രൂപ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

## അപ്പീൽ അധികാരി

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകൾക്ക് ദക്ഷിണ മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം അപ്പീൽ അധികാരി ആയിരിക്കും.

എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകൾക്ക് മദ്ധ്യ മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർ, എറണാകുളം അപ്പീൽ അധികാരി ആയിരിക്കും.

കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകൾക്ക് ഉത്തര മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട് അപ്പീൽ അധികാരി ആയിരിക്കും.

## 1.2 മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

### 1.2.1 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെ മോട്ടോറയിസേഷൻ

10 HP -യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനയൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് **40 HP വരെയുള്ള എൻജിൻ** വാങ്ങുന്നതിനുമുള്ള ധനസഹായ പദ്ധതിയാണ്. സർക്കാർ ധനസഹായത്താൽ പദ്ധതി നടപ്പിലാക്കിവരുന്നു.

### അപേക്ഷിക്കേണ്ട വിധം

മത്സ്യഫെഡിന്റെ 9 തീരദേശജില്ലകളുലും കോട്ടയം ഉൾനാടൻ ജില്ലയിലും ഉള്ള 10 ജില്ലാ ആഫീസുകളിലും ഗ്രാമതലത്തിലുള്ള പ്രോജക്റ്റ് ഓഫീസുകളിലും ഈ പദ്ധതിയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

#### അർഹതാ മാനദണ്ഡം

1. പരമ്പരാഗത മത്സ്യത്തൊഴിലാളി ആയിരിക്കണം
2. 10 എച്ച് പി വരെ എഞ്ചിൻ കപ്പാസിറ്റിയുള്ള ഓൾഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ ഉണ്ടായിരിക്കണം.

#### ഗുണഭോക്തൃ തിരഞ്ഞെടുപ്പ്

- വള്ളങ്ങൾ മത്സ്യബന്ധന വകുപ്പിൽ രജിസ്റ്റർ ചെയ്യുകയും/രജിസ്ട്രേഷൻ പ്രക്രിയ ആരംഭിക്കുകയും വേണം. ഗുണഭോക്താക്കൾ സൊസൈറ്റിയുടെ ബീച്ച് ലെവൽ മത്സ്യ ലേലത്തിൽ പങ്കെടുക്കണം. മത്സ്യഫെഡ് വ്യാസ സ്റ്റോറുകൾ വഴിയാണ് ഒബിഎം വാങ്ങേണ്ടത്,

## ധനസഹായം

- പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് **40 HP വരെയുള്ള എൻജിൻ** വാങ്ങുന്നതിനു പരമാവധി 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. 10 HP വരെ എൻജിൻ കപ്പാസിറ്റിയുള്ള ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾക്കാണ് സബ്സിഡി അനുവദിക്കുന്നത്.
- പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് **വല** വാങ്ങുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി എന്നിവ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10,000/- രൂപ അല്ലെങ്കിൽ സാമഗ്രികളുടെ 50% സബ്സിഡി നൽകുന്ന പദ്ധതി.

പദ്ധതി പ്രകാരമുള്ള സഹായം 3 വർഷത്തിലൊരിക്കൽ ആയിരിക്കും

**അപ്പീൽ അധികാരി :-** മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം

## 1.2.2 മത്സ്യഫെഡിൽ നിന്നും വായ്പയോ മറ്റു ധനസഹായമോ ലഭിക്കുന്നതിനുള്ള പൊതുവായ നടപടിക്രമം

മത്സ്യോൽപ്പാദനം, മത്സ്യബന്ധനം, സംസ്കരണം, വിപണനം തുടങ്ങിയ വിവിധ മേഖലകളിൽ നടപ്പാക്കുന്ന വ്യത്യസ്തമായ പദ്ധതികൾ വഴി കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തികവും സാമൂഹ്യവുമായ വികസനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടു കൂടി കേരളത്തിന്റെ തീരദേശത്തെ പ്രാഥമിക മത്സ്യത്തൊഴിലാളി ക്ഷേമസംഘങ്ങളുടെ ഫെഡറേഷൻ ആയി, 1984 മാർച്ച് 19നു രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സഹകരണ അപ്പെക്സ് ഫെഡറേഷൻ ആണ് കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ (മത്സ്യഫെഡ് ).

## അപേക്ഷിക്കേണ്ട വിധം

- പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘങ്ങളുടെ മേൽനോട്ടത്തിനായി ക്ലസ്റ്റർ തലത്തിൽ പ്രവർത്തിക്കുന്ന **പ്രോജക്ട് ഓഫീസർ** ആണ് അപേക്ഷ നൽകേണ്ടത്

### ഗുണഭോക്താക്കൾ

- പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ.
- അംഗത്വം രണ്ട് തരം -A ക്ലാസ് (വോട്ടിംഗ് പവർ ഉള്ള അംഗത്വം), C ക്ലാസ് (ഒരു വർഷത്തേയ്ക്കുള്ള അംഗത്വം)

### അർഹതാ മാനദണ്ഡങ്ങൾ

- പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ ആയിരിക്കണം.

### മുൻഗണനാ മാനദണ്ഡങ്ങൾ

- മത്സ്യലേലത്തിൽ പങ്കെടുക്കുന്നവർക്ക് മുൻഗണന.
- മുൻപ് വായ്പ എടുത്ത് തിരിച്ചടവ് മുടക്കം ഇല്ലാത്തവർക്ക് മുൻഗണന.
- സ്വന്തമായി വള്ളവും എൻജിനും ഉള്ളവർക്ക് മുൻഗണന.

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

- റേഷൻ കാർഡ്
- ആധാർ
- മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പാസ് ബുക്ക്
- സൊസൈറ്റി അംഗത്വ ബുക്ക്
- പാസ്പോർട്ട് സൈസ് ഫോട്ടോ
- ബാങ്ക് പാസ് ബുക്ക്

എന്നിവയുടെ പകർപ്പുകൾ

- ➢ മത്സ്യഫെഡിൽ നിന്നും വായ്പയോ ധനസഹായമോ ആവശ്യമുള്ള മത്സ്യത്തൊഴിലാളികളോ ഗ്രൂപ്പോ അവർ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിൽ അപേക്ഷ നൽകണം.
- ➢ സംഘം ഭരണസമിതിയുടെ വ്യക്തമായ ശുപാർശ സഹിതം പ്രസ്തുത അപേക്ഷകൾ ക്ലസ്റ്റർ പ്രോജക്ട് ഓഫീസർക്ക് സമർപ്പിക്കണം.
- ➢ ക്ലസ്റ്റർ പ്രോജക്ട് ഓഫീസർ ടി അപേക്ഷയിന്മേൽ വിശദമായ അന്വേഷണം നടത്തി വ്യക്തമായ ശുപാർശ സഹിതം ജില്ലാ മാനേജർക്ക് സമർപ്പിക്കണം.
- ➢ ടി അപേക്ഷകൾ പരിശോധിച്ച ശേഷം ജില്ലാ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കമ്മിറ്റി ഉചിതമായി തീരുമാനം എടുക്കുന്നു.
- ➢ ഈ തീരുമാനത്തിൽ കേന്ദ്ര ഓഫീസിൽ നിന്നും ഫണ്ട് അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് ജില്ലാ മാനേജർ വായ്പ ധനസഹായം അനുവദിച്ച് ഉത്തരവ് നൽകുന്നു.

**അപ്പീൽ അധികാരി :-** മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം

## 1.2.3 സ്വയം സഹായ ഗ്രൂപ്പുകൾക്കുള്ള വായ്പ പദ്ധതി മാർഗരേഖകൾ

### ധനസഹായ സ്ഥാപനങ്ങൾ

- ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC)
- ദേശീയ ന്യൂനപക്ഷ വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NMDFC)

### അർഹതമാനദണ്ഡങ്ങൾ

1. **വ്യക്തികൾ**

- NMDFC വായ്പ ലഭിക്കുന്നതിന് അപേക്ഷകൻ ന്യൂനപക്ഷ സമുദായ അംഗമായിരിക്കണം.
- കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കുറവായിരിക്കണം.
- NBCFDC വായ്പ ലഭിക്കുന്നതിന് അപേക്ഷകൻ പിന്നോക്ക സമുദായ അംഗമായിരിക്കണം.
- അപേക്ഷകൻ മത്സ്യത്തൊഴിലാളി സഹകരണ സംഘവുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന സ്വയംസഹായ ഗ്രൂപ്പിലെ അംഗവും പതിവായി നിക്ഷേപം അടയ്ക്കുന്ന ആളും ആയിരിക്കണം.

2. **മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ**

   - സംഘങ്ങൾ മത്സ്യഫെഡ് നടത്തുന്ന ഗ്രേഡിങ്ങിൽ ഉൾപ്പെട്ടിരിക്കണം.

- സ്വയം സഹായ സംഘങ്ങളുടെ രൂപീകരണത്തിലും പ്രവർത്തനത്തിലും ഫലപ്രദമായി ഇടപെടുന്ന സംഘങ്ങൾ ആയിരിക്കണം.
- സംഘത്തിന് പ്രവർത്തിക്കുന്ന ഓഫീസ് ഉണ്ടായിരിക്കണം.
- കമ്മ്യൂണിറ്റി ഓർഗനൈസർമാരെ നിയമിക്കുകയും ക്വാളിറ്റി സർക്കിളുകൾ രൂപീകരിക്കുകയും ചെയ്തിട്ടുള്ള സംഘങ്ങൾക്ക് വായ്പക്ക് മുൻഗണന ഉണ്ടായിരിക്കും
- തുടർച്ചയായി വായ്പ ലഭിക്കുന്നതിന് മുൻ വായ്പ പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ടായിരിക്കണം.

**3. സ്വയം സഹായ ഗ്രൂപ്പുകൾ**

- സ്വയം സഹായ ഗ്രൂപ്പുകൾ വായ്പയ്ക്ക് അപേക്ഷിക്കുന്നതിന് തൊട്ടുമുൻപുള്ള ആറുമാസങ്ങളിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘവുമായി സഹകരിച്ച് പ്രവർത്തിച്ചിട്ടുള്ളവയും ഗ്രേഡിങ്ങിൽ നൂറിൽ കൂടുതൽ പോയിൻറ് ലഭിച്ചവയും ആയിരിക്കണം.
- സ്വയം സഹായ ഗ്രൂപ്പുകൾ കൃത്യമായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിക്ഷേപം അടയ്ക്കുന്നവ ആയിരിക്കണം.
- NMDFC വായ്പ ലഭിക്കുന്നതിന് ഗ്രൂപ്പിലെ 60% ത്തിൽ അധികം പേർ ന്യൂനപക്ഷ സമുദായ അംഗങ്ങളായിരിക്കണം.
- NBCFDC വായ്പ ലഭിക്കുന്നതിന് ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും പിന്നോക്ക സമുദായ അംഗങ്ങൾ ആയിരിക്കേണ്ടതും ഗ്രൂപ്പിലെ 60% അംഗങ്ങളുടെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷത്തി അമ്പതിനായിരം രൂപയിൽ കുറവായിരിക്കണം.
- തുടർ വായ്പ ലഭിക്കുന്നതിന് മുൻ വായ്പ പൂർണ്ണമായും തിരിച്ചടച്ചിരിക്കണം.

## അപേക്ഷകൾ സമർപ്പിക്കേണ്ട വിധം

- സ്വയംസഹായ ഗ്രൂപ്പുകൾ നിർദ്ദിഷ്ട ഫോറത്തിൽ ഗ്രൂപ്പ് ഫോട്ടോ സഹിതം മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിൽ അപേക്ഷ നൽകണം.
- ഈ അപേക്ഷയുടെ വിശദവിവരങ്ങൾ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മത്സ്യഫെഡിൽ അപേക്ഷകൾ സമർപ്പിക്കണം.
- NBCFDC യിൽ നിന്നുള്ള വായ്പ ലഭിക്കുന്നതിന് എസ്.എച്ച്.ജി അംഗങ്ങളുടെ ലിസ്റ്റ് മുൻകൂറായി NBCFDC ക്ക് സമർപ്പിക്കേണ്ടതാണ്.

## പ്രായപരിധി

- 18നും 45 നും ഇടയ്ക്ക്
- സജീവ അംഗങ്ങൾക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകാവുന്നതാണ്.

**വായ്പ പരിധി**

- വ്യക്തികൾ പരമാവധി 10000 രൂപ
- തുടർവായ്പകൾ 15, 000-50,000 രൂപ വരെ
- NBCFDC മഹിളാ സമൃദ്ധി പദ്ധതി-60000 രൂപവരെ

**അപ്പീൽ അധികാരി :-** മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം

## 1.2.4 ദേശീയ സഹകരണ വികസന കോർപ്പറേഷൻ (NCDC) സഹകരണത്തോടെ നടപ്പിലാക്കുന്ന സംയോജിത മത്സ്യബന്ധന വികസന പദ്ധതിക്ക് (IFDP) സഹായം നൽകുന്നു.

മത്സ്യ ലേലത്തിൽ പങ്കെടുക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം ആയി വായ്പ അനുവദിക്കുന്നു. ലേലത്തിന് അനുപാതികമായി പരമാവധി 50 ലക്ഷം രൂപ വരെ വായ്പയായി

അനുവദിച്ചു വരുന്നു. സ്വയം സഹായ സംഘങ്ങൾ ഏർപ്പെടുത്തുന്ന ലേലക്കാർ ലേലം നടത്തുകയും ലേല തുകയുടെ 5% ലേല കമ്മീഷൻ തുകയായി ഈടാക്കുന്നു. ഇതിൽ നിന്നും 2% ഗ്രൂപ്പ് അംഗത്തിന്റെ വ്യക്തിഗത സമ്പാദ്യമായും 1% ലേലക്കാരനും 1% സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കും 1% മത്സ്യഫെഡിനുമായി വകയിരുത്തിയിട്ടുണ്ട്. മൂന്നുമാസം വരെയുള്ള പലിശരഹിത വായ്പയും രണ്ടുവർഷം വരെ നീണ്ടുനിൽക്കുന്ന 6% പലിശയോടു കൂടിയ വായ്പയും അനുവദിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ മത്സ്യത്തൊഴിലാളിയ്ക്ക് ന്യായമായ വില ലഭിക്കുന്നതിന് സഹായിക്കുന്നു.

### 1.2.5 മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി

മത്സ്യത്തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്നു.

## അപേക്ഷിക്കേണ്ട വിധം

പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും നിർദ്ദിഷ്ട പ്രീമിയം തുക പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്നതാണ്.

## അർഹതാമാനദണ്ഡം

തുടർച്ചയായി 7 ദിവസത്തിൽ കൂടുതൽ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് അടിയന്തിര ധനസഹായം ആയി പരമാവധി 10,000 രൂപ വരെ അനുവദിക്കുന്നു. ഇതിലേക്കായി ഒരു വർഷത്തേക്ക് 509 രൂപ മാത്രമാണ് പ്രീമിയം തുകയായി ഈടാക്കുന്നത്. മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴിയാണ് അംഗങ്ങൾ ആകേണ്ടത്.

## ധനസഹായം

നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 10 ലക്ഷം രൂപയും(ആകെ 10 ലക്ഷം രൂപ) മരണാനന്തര ചടങ്ങുകൾക്കായി 2500 രൂപയും (ആകെ 2500 രൂപ) മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം ആയി പരമാവധി 10000 രൂപയും( ആകെ 10000 രൂപ)(ഒരാളിന് 5000 രൂപ വീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകിവരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോത് അനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

**അപ്പീൽ അധികാരി :-** മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം

### 1.2.6 മത്സ്യത്തൊഴിലാളി ക്ഷേമനിധി

മത്സ്യബന്ധനത്തിനിടയിൽ ഹൃദ്രോഗം, മസ്തിഷ്ക്കാഘാതം, ഉയർന്ന രക്തസമ്മർദ്ദം എന്നിവ മൂലം മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട അംഗങ്ങളുടെ കുട്ടികളുടെയും ആശ്രിതരുടെയും മാരകരോഗങ്ങളുടെ ചികിത്സയ്ക്കായും പ്രകൃതിദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായും 'മത്സ്യത്തൊഴിലാളി ക്ഷേമനിധി' എന്ന ശീർഷകത്തിൽ ലാഭവിഹിതത്തിന്റെ തോതനുസരിച്ച് മാനദണ്ഡങ്ങൾക്ക് അനുസൃതമായി ധനസഹായം വരുന്നു. വിശദവിവരങ്ങൾ താഴെ പറയുന്നു.

- മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് അടിയന്തര ആശ്വാസമായി 10000 രൂപ വരെ നൽകുന്നതാണ്.
- നിത്യ രോഗിയായി മാറിയിട്ടുള്ള തൊഴിലാളികൾക്ക് അവരുടെ ചികിത്സയ്ക്കായി പതിനായിരം രൂപ വരെ നൽകുന്നതാണ്.
- അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര സഹായമായി പതിനായിരം രൂപ വരെ നൽകുന്നതാണ്.
- പ്രകൃതി ദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവർക്ക് അടിയന്തര സഹായമായി പരമാവധി 10000 രൂപ വരെ നൽകുന്നതാണ്.

- മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്കാഘാതം എന്നിവ മൂലം മരിച്ചാൽ അവ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ മരണപ്പെട്ട തൊഴിലാളിയുടെ ആശ്രിതർക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ ആശ്വാസ ധനം നൽകുന്നതാണ്. "മത്സ്യത്തൊഴിലാളി ക്ഷേമനിധി" യിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതം അംഗത്വമുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ മുഖാന്തിരമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

## 1.2.7 നിലവിലെ മണ്ണെണ്ണ പെർമിറ്റ് എൻജിനുകൾ മാറ്റി പകരം പെട്രോൾ എൻജിനുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സബ്സിഡി അനുവദിക്കുന്ന പദ്ധതി

പരമ്പരാഗതമത്സ്യബന്ധനമേഖല നേരിടുന്ന പ്രതിസന്ധികളിൽ ഏറ്റവും പ്രധാനം മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന എഞ്ചിനുകൾക്കാവശ്യമായ മണ്ണെണ്ണയുടെലഭ്യതക്കുറവും വിലവർദ്ധനവുമാണ്. ഈ സാഹചര്യം മറികടക്കുന്നതിന്മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, ഡീസൽ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച്പ്രവർത്തിക്കുന്ന ആധുനിക എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ്നടപ്പിലാക്കി വരുന്നു. മണ്ണെണ്ണ ഇന്ധനമായി എൻജിനുകളിൽ ഉപയോഗിയ്ക്കുന്നമത്സ്യത്തൊഴിലാളികൾ ചെലവാക്കുന്ന തുകയേക്കാൾ കുറഞ്ഞ തുക മതിയാകും LPG ഇന്ധനമായി ഉപയോഗിക്കുന്നതിന്. മത്സ്യബന്ധനത്തിന് മണ്ണെണ്ണയ്ക്ക് പകരം LPG ഇന്ധനമായി ഉപയോഗിക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് 66% ചെലവ് കുറയ്ക്കാൻകഴിയും.

യൂണിറ്റ് വിലയുടെ 75% സർക്കാർ വിഹിതവും 25% ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി മത്സ്യഫെഡ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

### പദ്ധതി നടപ്പിലാക്കുന്നതിന്റെ മാർഗ്ഗ രേഖ ചുവടെ ചേർക്കുന്നു

1. അപേക്ഷകർ മത്സ്യത്തൊഴിലാളികളോ മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളോ ആയിരിക്കണം.
2. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായിരിക്കണം.
3. അപേക്ഷകർ മത്സ്യഫെഡുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളിസംഘങ്ങളിൽ അംഗങ്ങളായിരിക്കണം. സബ്സിഡി അപേക്ഷകൾ ബന്ധപ്പെട്ടമത്സ്യത്തൊഴിലാളി സംഘം ശുപാർശ ചെയ്തിരിക്കണം.
4. പ്രൈമറി കോ – ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന മത്സ്യ ലേലത്തിൽപങ്കെടുക്കുന്ന ഗുണഭോക്താക്കൾക്ക് ടി പദ്ധതി പ്രകാരമുള്ള സബ്സിഡിഅനുവദിക്കുന്നതാണ്
5. അപേക്ഷകനായ മത്സ്യത്തൊഴിലാളിക്ക് കേരള മറൈൻ ഫിഷറീസ് റഗുലേഷൻ ആക്ട്പ്രകാരം സ്വന്തമായി യാനവും, 9.9 HP മണ്ണെണ്ണ എഞ്ചിനും ഉണ്ടായിരിക്കണം.
6. നിലവിൽ ഉപയോഗിച്ചു വരുന്ന എഞ്ചിൻ വാങ്ങിയത് 2017 ലോ 2017 നു ശേഷമോ ആയിരിക്കണം.
7. നിലവിൽ ഉപയോഗിച്ചു വരുന്ന മത്സ്യബന്ധന യാനത്തിന് രജിസ്ട്രേഷൻസർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതും, ഫിഷിംഗ് ലൈസൻസിന്റെ കാലാവധിപുതുക്കിയിട്ടുള്ളതും മത്സ്യബന്ധന യാനം, എഞ്ചിൻ എന്നിവ FIMS – ൽരജിസ്ട്രേഷൻ ചെയ്തിട്ടുള്ളതായിരിക്കണം.
8. അപേക്ഷകൾ, നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ഫോറത്തിൽ സബ്സിഡി അപേക്ഷബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സംഘം വഴി മത്സ്യഫെഡ് ക്ലസ്റ്റർഓഫീസർക്ക് സമർപ്പിക്കണം
   അനുബന്ധമായി
   (എ).റേഷൻ കാർഡ്, ആധാർ കാർഡ്, മത്സ്യബന്ധന യാനം രജിസ്ട്രേഷൻസർട്ടിഫിക്കറ്റ്, ഫിഷിംഗ് ലൈസൻസ്, മണ്ണെണ്ണ പെർമിറ്റ് കാർഡുകളുടെപകർപ്പ്, ക്ഷേമനിധി ബോർഡിന്റെ കാർഡ്, ബാങ്ക് പാസ്സ്ബുക്ക്എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കണം.
9. മണ്ണെണ്ണ എഞ്ചിനുകൾ, ഇന്ധനമായി എൽ.പി.ജി ഉപയോഗിക്കുന്നഎഞ്ചിനാക്കുന്നതിനുള്ള LPG ConvertionKItന്റെ വിലയുടെ 75 ശതമാനമോ 48,000,/- രൂപയോ ഏതാണോ കുറവ് ആയത് സബ്സിഡിയായി ലഭിക്കും. എൽ.പി.ജികിറ്റിന്റെ വിലയുടെ 25% ഗുണഭോക്തൃ വിഹിതം മുൻകൂറായി അടയ്ക്കുന്നമത്സ്യത്തൊഴിലാളിക്കാണ് ടി പദ്ധതി പ്രകാരം സബ്സിഡി അനുവദിക്കുന്നത്.എൽ.പി.ജി. കിറ്റ് വാങ്ങുന്നതും, വിതരണം ചെയ്യുന്നതും മത്സ്യഫെഡ് മുഖേനആയിരിക്കും..

10. എൽ.പി.ജി. സിലിണ്ടറിന്റെയും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയുടെയും 75 ശതമാനമോ, 4,500,/- രൂപയോ ഏതാണോ കുറവ് ആയത് സബ്സിഡിയായി ലഭിക്കും.ആയതിന്റെ 25% ഗുണഭോക്തൃ വിഹിതം, മുൻകൂറായി അടയ്ക്കുന്നമത്സ്യത്തൊഴിലാളികൾക്കാണ് ടി പദ്ധതി പ്രകാരം സബ്സിഡി അനുവദിക്കുന്നത്.എൽ.പി.ജി സിലിണ്ടർ പൊതുമേഖല ഓയിൽ കമ്പനികളിൽ നിന്ന് വാങ്ങിമത്സ്യഫെഡ് നേരിട്ടോ അതാത് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾമുഖേനയോ വിതരണം ചെയ്യും.
11. മേൽ പ്രസ്താവിച്ച മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ച് സബ്സിഡിആനുകൂല്യത്തിനായി 200/- രൂപ മുദ്ര പത്രത്തിൽ സമ്മത പത്രം ഒപ്പുവയ്ക്കേണ്ടതും ആയത് ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സഹകരണ സംഘം. സെക്രട്ടറി /പ്രസിഡന്റ്, പ്രോജക്റ്റ് ഓഫീസർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## ഗുണഭോക്തൃ തിരഞ്ഞെടുപ്പ്

1. അപേക്ഷകർ മത്സ്യത്തൊഴിലാളികളോ മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളോ ആയിരിക്കണം
2. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായിരിക്കണം.
3. അപേക്ഷകർമത്സ്യഫെഡുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി സംഘങ്ങളിൽഅംഗങ്ങളായിരിക്കണം. സബ്സിഡി അപേക്ഷകൾ ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സംഘംശുപാർശ ചെയ്തിരിക്കണം.
4. നിലവിൽ ഉപയോഗിച്ചു വരുന്ന മണ്ണെണ്ണ എഞ്ചിനുകളുടെ കാലപ്പഴക്കം 10 വർഷത്തിൽ കൂടുതൽ ആകുവാൻ പാടുള്ളതല്ല
5. നിലവിൽഉപയോഗിച്ചു വരുന്ന മത്സ്യബന്ധന യാനത്തിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്ഉണ്ടായിരിക്കേണ്ടതും, ഫിഷിംഗ് ലൈസൻസിന്റെ കാലാവധി പുതുക്കിയിട്ടുള്ളതുംമത്സ്യബന്ധന യാനം, എഞ്ചിൻ എന്നിവ FIMS ൽ രജിസ്ട്രേഷൻചെയ്തിട്ടുള്ളതായിരിക്കണം.
6. അപേക്ഷകർ, നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ഫോറത്തിൽ സബ്സിഡി അപേക്ഷ ബന്ധപ്പെട്ടമത്സ്യത്തൊഴിലാളി സംഘം വഴി മത്സ്യഫെഡ് ക്ലസ്റ്റർ ഓഫീസർക്ക് സമർപ്പിക്കണം.അനുബന്ധമായി

(എ) റേഷൻ കാർഡ്, ആധാർ കാർഡ്, മത്സ്യബന്ധന യാനം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫിഷിംഗ് ലൈസൻസ്, മണ്ണെണ്ണ പെർമിറ്റ് കാർഡുകളുടെ പകർപ്പ്, ക്ഷേമനിധിബോർഡിന്റെ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയപകർപ്പുകൾ സമർപ്പിക്കണം.

7. മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പകരം വാങ്ങിയ പെട്രോൾ എഞ്ചിനുകൾ ഒരു മാസത്തിനകം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.
8. മണ്ണെണ്ണഎഞ്ചിനുകൾക്ക് പകരമായി വാങ്ങുന്ന പെട്രോൾ എഞ്ചിന്റെ വിലയുടെ 50 ശതമാനമോ, 50,000/- രൂപയോ ഏതാണോ കുറവ് ആയത് സബ്സിഡിയായി ലഭിക്കും. സബ്സിഡി തുകയുടെ 50% സ്പോട്ട് സബ്സിഡിയായും 50% തുക എഞ്ചിൻ രജിസ്ട്രേഷൻ പൂർത്തിയാക്കിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽനിക്ഷേപിക്കുന്നതായിരിക്കും.
9. സബ്സിഡി ആനുകൂല്യത്തോടെ വാങ്ങിയ എഞ്ചിൻ കുറഞ്ഞത് രണ്ട് വർഷമെങ്കിലും കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല
10. മൂന്ന്മാസത്തിനകം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാത്ത പക്ഷം സ്പോട്ട്സബ്സിഡിയായി അനുവദിച്ച 50% തുക വസൂലാക്കുന്നതിന് മത്സ്യഫെഡിന്അധികാരമുണ്ടായിരിക്കുന്നതാണ്.

മേൽപ്രസ്താവിച്ച മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ച് സബ്സിഡി ആനുകൂല്യത്തിനായി 200/- രൂപ മുദ്ര പത്രത്തിൽ സമ്മതപത്രം ഒപ്പ് വെയ്ക്കേണ്ടതും ആയത് ബന്ധപ്പെട്ടമത്സ്യത്തൊഴിലാളി സഹകരണ സംഘം സെക്രട്ടറി/ പ്രസിഡന്റ്, പ്രോജക്റ്റ് ഓഫീസർഎന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

### 1.2.8 ഉൽപ്പാദന ബോണസ് പദ്ധതി

മത്സ്യത്തൊഴിലാളികൾക്കുള്ള ഉൽപ്പാദന ബോണസ് പദ്ധതിപാരമ്പര്യ മത്സ്യമേഖലയിൽ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുവാനും അതു മുഖേന മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുവാനുമുള്ള പദ്ധതിയാണ്. കൂടുതൽ മത്സ്യത്തൊഴിലാളികളെ സംഘത്തിന് കീഴിൽ കൊണ്ടു വരുക എന്നതിലുപരി ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലവും വളർത്തുന്നു. മത്സ്യലേലത്തിൽ പങ്കെടുക്കുന്ന ഓരോ മത്സ്യത്തൊഴിലാളിയും 1% ലേലത്തുകയെങ്കിലും സമ്പാദ്യമായി പാസ്സ് ബുക്കിൽ നിലനിർത്തേണ്ടതും ആ തുകയുടെ ആനുപാതികമായി 0.5% തുക സർക്കാർ വിഹിതമായി ചേർത്ത് ലേലത്തുകയുടെ 1.5% തുക ബോണസ്സായി നൽകുന്ന പദ്ധതിയാണിത്.

### 1.2.9 ആഴക്കടൽ മത്സ്യബന്ധനം

കേരള സർക്കാർ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് 10 ആഴക്കടൽ മത്സ്യബന്ധന യൂണിറ്റുകൾ അനുവദിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കി. ആകെ 177 ലക്ഷം രൂപയുടെ പദ്ധതിയിൽ ഗിൽനെറ്റിനുള്ള 20 ലക്ഷം രൂപ വായ്പയായി മത്സ്യഫെഡിൽ നിന്ന് അനുവദിക്കുന്നു.

### 1.2.10 നോൺ PDS മണ്ണെണ്ണ വിതരണ പദ്ധതി

2015-16 മുതൽ മത്സ്യഫെഡ് വഴി നോൺ PDS മണ്ണെണ്ണ വിതരണം നടത്തി വരുന്നു. പൊതുമേഖലാ എണ്ണക്കമ്പനികളായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ(IOC), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ(HPCL),ഭാരത് പെട്രോളിയം (BPCL) എന്നിവരുടെ സഹകരണത്താൽ 9 തീരദേശ ജില്ലകളിൽ ആയി 13 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച്മണ്ണെണ്ണ വിതരണം ആരംഭിച്ചു. ഒരു ലിറ്ററിന് 25 രൂപ സബ്സിഡിയായി സംസ്ഥാന സർക്കാർ നൽകുന്നു. സബ്സിഡി തുക പെർമിറ്റ് ഉടമകളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നേരിട്ട് നൽകുന്നത്.

ചുവടെ പറയുന്ന അളവിലാണ് മത്സ്യഫെഡ് വഴിയുള്ള വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നത്

| ക്രമ നം. | എൻജിൻ കപ്പാസിറ്റി | മണ്ണെണ്ണ നിരക്ക് |
|---|---|---|
| 1 | 10 HP | 140 L |
| 2 | 10 HP - 15 HP | 150 L |
| 3 | 15 HP യ്ക്ക് മുകളിൽ | 190 L |

**അർഹതാ മാനദണ്ഡം**

- മത്സ്യബന്ധന യാനത്തിന് രജിസ്ട്രേഷൻ ലൈസൻസ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
- FIMS രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്.
- കാലപ്പഴക്കം 10 വർഷത്തിനുള്ളിൽആയിരിക്കണം.
- ഒരു വ്യക്തിക്ക് പരമാവധി രണ്ട് എൻജിനുകൾക്ക് മാത്രമേ പെർമിറ്റ് അനുവദിക്കുകയുള്ളൂ.

ഇതോടൊപ്പം സബ്സിഡി ഇല്ലാത്ത മണ്ണെണ്ണ എൻജിന്റെ കുതിരശക്തിക്ക് അനുസരിച്ച് ഒരു മാസം 230 ലിറ്റർ മുതൽ 630 ലിറ്റർ വരെ പെർമിറ്റ് ഉടമയ്ക്ക് ആവശ്യമെങ്കിൽ മത്സ്യഫെഡ് ലഭ്യമാക്കുന്നുണ്ട്. ഒരു വർഷം മത്സ്യഫെഡ് ബങ്കുകളിൽ കൂടി 15,000 മുതൽ 20,000 കിലോ ലിറ്റർ വരെ മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ട്.

**(മൂന്നു വർഷം കൂടുമ്പോൾ ഫിഷറീസ്, സിവിൽ സപ്ലൈസ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്ന സംയുക്ത പരിശോധനയിൽ യോഗ്യമെന്ന് കണ്ടെത്തുന്ന എൻജിനുകൾക്കാണ് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നത്.)**

### 1.2.11 മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യകച്ചവടത്തിന് പലിശരഹിത വായ്പ

2008-09 മുതൽ മത്സ്യഫെഡ് ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഒൻപത് കടലോര ജില്ലകളും ഉൾനാടൻ ജില്ലയായ കോട്ടയവും ഉൾപ്പെടെ 400 പ്രാഥമിക സംഘങ്ങൾ വഴി ഈ പദ്ധതിയുടെ 10 ഘട്ടങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഏകദേശം 65500 വനിതകൾക്ക് തുടർച്ചയായി ആദ്യഘട്ടത്തിൽ 10,000 രൂപ വീതവും തുടർന്ന് 20,000 രൂപ വീതവും വായ്പ നൽകുന്നു. ആകെ 310. 73 കോടി രൂപ വായ്പയായി നൽകിയിട്ടുള്ള ഈ പദ്ധതി മത്സ്യക്കച്ചവടക്കാർക്ക് ഏറെ പ്രയോജനപ്രദവും ജനപ്രീതി ഉള്ളതുമാണ്.

### 1.2.12 മത്സ്യബന്ധനോപകരണ വായ്പകൾക്കും വനിതകൾക്കുള്ള മത്സ്യവിപണന വായ്പകൾക്കുമുള്ള പലിശ സബ്സിഡി

NCDC, NBCFDC, NMDFC തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന ധനസഹായം ഉപയോഗിച്ച് മത്സ്യഫെഡ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മത്സ്യബന്ധന ഉപകരണ വായ്പകൾക്കും, വനിതകൾക്കുള്ള മത്സ്യവിപണന വായ്പകൾക്കുമുള്ള പലിശ, സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു.

### 1.2.13 വായ്പ ദുരിതാശ്വാസ പദ്ധതി (LDRS)

മൈക്രോ ഫിനാൻസ് വായ്പ, മത്സ്യക്കച്ചവടത്തിന് പലിശരഹിത വായ്പ എന്നീ പദ്ധതികളുടെ ഗുണഭോക്താക്കൾ മരണപ്പെടുകയോ, സ്ഥിരമായി അവശരാകുകയോ ചെയ്യുന്ന പക്ഷം അവരെ സഹായിക്കുവാനുള്ളതാണ് ഈ പദ്ധതി. വായ്പ നൽകുന്ന സമയത്ത് ഗുണഭോക്താക്കളിൽ നിന്ന് ശേഖരിക്കപ്പെടുന്ന 0.35% തുകയാണ് (കുറഞ്ഞത് 100 രൂപ )ഈ പദ്ധതിയുടെ സഞ്ചിത നിധി.

### 1.2.14 ഫൈബർ ഗ്ലാസ് വള്ളങ്ങൾ (ബ്ലൂ റവല്യൂഷൻ പദ്ധതി)

ഈ പദ്ധതിയിൽ 200 മറൈൻ പ്ലൈവുഡ് വള്ളങ്ങൾക്ക് പകരം ഫൈബർ ഗ്ലാസ് വള്ളങ്ങൾ നൽകുന്നതിന് 4 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി 40% സബ്സിഡിയോടുകൂടി നടപ്പിലാക്കി.

### 1.2.15 കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി

31/12/ 2008 വരെ മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിൽ നിന്ന് എടുത്തിട്ടുള്ള NCDC വായ്പകളും, NBCFDC, NMDFC സ്വയംതൊഴിൽ വായ്പകളും പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളും വ്യവസ്ഥകൾക്ക് വിധേയമായി തിരിച്ചടവിൽ ഇളവ് വരുത്തുന്ന പദ്ധതിയാണിത്.

### 1.2.16 മത്സ്യത്തൊഴിലാളികൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ്

കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് വായ്പ ലഭിക്കുന്നതിനായി 11000 മത്സ്യത്തൊഴിലാളികൾ വിവിധ ബാങ്കുകളിലായി അപേക്ഷ സമർപ്പിക്കുകയും 790 മത്സ്യത്തൊഴിലാളികൾക്ക് 9.31 കോടി രൂപ വായ്പ ലഭിക്കുകയും ചെയ്തു.

### 1.2.17 പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന(PMMSY)

ടി പദ്ധതിയിൽ 100 മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് വള്ളം വല എൻജിൻ എന്നിവ നൽകുന്നതിന് യൂണിറ്റ് ഒന്നിന് 5 ലക്ഷം രൂപ വീതം 5 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി അംഗീകാരം ലഭിക്കുകയും, 40%സബ്സിഡി നിരക്കിൽ നടപ്പിലാക്കുകയും ചെയ്തു. 99 FRP യൂണിറ്റുകൾ നടപ്പിലാക്കുകയും 191.7 ലക്ഷം രൂപ സബ്സിഡി അനുവദിക്കുകയും ചെയ്തു.

### 1.2.18 MPEDA നെറ്റ് ഫിഷ് പദ്ധതി

SC/ST വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും വനിതകളുടെയും ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത് .MPEDA യുടെ കീഴിലുള്ള നെറ്റ് ഫിഷ് എന്ന സ്ഥാപനത്തിന്റെ ധനസഹായത്തോടെ കോട്ടയം ജില്ലയിലെ SC/ST വിഭാഗത്തിൽപ്പെട്ട 60 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്ക് ലക്ഷം രൂപയും വനിതകളുടെ സ്വയംസഹായ ഗ്രൂപ്പുകൾക്ക് സോളാർ ഫിഷ് ഡ്രൈയറുകൾ നൽകുന്നതിന് 10 ലക്ഷം രൂപയും നൽകുന്ന പദ്ധതി നടപ്പിലാക്കി. 90% തുക നെറ്റ് ഫിഷ് ഗ്രാന്റ് ആയി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി തുടർന്ന് എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് നെറ്റ് ഫിഷ് അനുമതി നൽകിയിട്ടുണ്ട്

## 1.3 കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് വഴി നടപ്പിലാക്കുന്നവ

## 1.3.1 വാർദ്ധകൃകാല പെൻഷൻ

വാർദ്ധകൃകാലത്തു മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പ്രതിമാസം പെൻഷൻ നൽകുന്ന പദ്ധതി .പെൻഷൻ തുക : പ്രതിമാസം 1600/– രൂപ.

## നിബന്ധനകൾ

- 60 വയസ്സ്പൂർത്തിയാക്കുകയും
- തൊഴിലിൽ നിന്ന് വിരമിക്കുന്ന ക്ഷേമനിധി അംഗങ്ങൾ പെൻഷൻ ലഭിക്കുന്നതിന് അർഹരാണ്

## അപേക്ഷസമർപ്പിക്കേണ്ടവിധം

- മത്സ്യത്തൊഴിലാളിക്ക് 60 വയസ്സ് പൂർത്തിയാക്കുന്ന മാസത്തിന്റെ പിറ്റേ മാസം ഓൺലൈൻ പോർട്ടൽ ആയ FIMS മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്
- FIMS അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകൾ ഉള്ളടക്കം ചെയ്തു ജില്ലയിലെ മത്സ്യബോർഡിന്റെ ഫിഷറീസ് ഓഫീസർക്ക് ആണ്സമർപ്പിക്കേണ്ടത്.

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. അപേക്ഷകന്റെവയസ്സ്തെളിയിക്കുന്നതിന്
   a. സ്കൂളിൽനിന്നോജനനമരണരജിസ്ട്രേഷനിൽനിന്നോലഭിക്കുന്നസർട്ടിഫിക്കറ്റ്
   b. പാസ്പോർട്ട്/ ഡ്രൈവിംഗ് ലൈസൻസ്
   c. ഇവയൊന്നും ഇല്ലെങ്കിൽ നിശ്ചിത ഫോറത്തിൽ ഉള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.
2. ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ മത്സ്യബോർഡ് പാസ് ബുക്കിന്റെ പകർപ്പ്.
3. ആധാർ ലിങ്ക് ചെയ്ത വ്യക്തിഗതബാങ്ക്അക്കൗണ്ടിന്റെപകർപ്പ്
4. പഞ്ചായത്തിൽമുൻസിപ്പാലിറ്റിയിൽനിന്നുംമറ്റുംപെൻഷൻലഭിക്കുന്നില്ലഎന്നസർട്ടിഫിക്കറ്റ് .
5. റേഷൻകാർഡിന്റെപകർപ്പ്ഫിഷറീസ്ഓഫീസർസാക്ഷ്യപ്പെടുത്തിയത്.
6. ആധാർകാർഡിന്റെപകർപ്പ്

## അനുബന്ധത്തൊഴിലാളികൾ

1. വരുമാന സർട്ടിഫിക്കറ്റ് (കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ)

## അപ്പീൽ

അപേക്ഷ നിരസിച്ച ഉത്തരവിൻമേൽ ആക്ഷേപം ഉണ്ടെങ്കിൽ അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം ബോർഡ് കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

## 1.3.2 ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

മത്സ്യത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതി. മത്സ്യ ബോർഡിന്റെ അംഗത്വമുള്ളവരിൽ കൃത്യമായി വിഹിതം അടച്ച് അംഗത്വം പുതുക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികളെയും അനുബന്ധ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷുർചെയ്യുന്നു. പ്രീമിയമായി പ്രത്യേക തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഇൻഷുറൻസ് പ്രീമിയം പൂർണമായും സർക്കാരിൽ നിന്ന് നൽകുന്നു.

ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യ തൊഴിലാളികൾക്കും അവരുടെ നിയമാനുസൃത ആശ്രിതർക്കും ലഭിക്കുന്ന ധനസഹായം താഴെപ്പറയുന്ന പ്രകാരം ആയിരിക്കും

| | | |
|---|---|---|
| 1 | അപകട മരണം | 10 ലക്ഷം രൂപ |
| 2 | മത്സ്യബന്ധന വേളയിൽ അപകടം മൂലം കാണാതായാൽ ( മത്സ്യത്തൊഴിലാളികൾക്ക് മാത്രം) | 10 ലക്ഷം രൂപ |
| 3 | സ്ഥിരവും പൂർണവുമായ അവശത | 10 ലക്ഷം രൂപ |
| 4 | സ്ഥിരവും ഭാഗികവുമായ അവശത : | 5 ലക്ഷം രൂപ |
| 5 | അപകടമരണം അടഞ്ഞ മത്സ്യത്തൊഴിലാളികളുടെ രണ്ടു കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം: | 5000/- രൂപ വീതം ഒരാൾക്ക് (പരമാവധി10,000/- രൂപ) |
| 6 | അപകടം മൂലം ഇരുപത്തി നാല് മണിക്കൂറിൽ അധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- രൂപ (പരമാവധി) |
| 7 | ശവസംസ്കാര ചടങ്ങ് | 2,500/- രൂപ |

## അപേക്ഷസമർപ്പിക്കേണ്ടവിധം

- നഷ്ടപരിഹാര തുക ലഭിക്കുന്നതിന് നിശ്ചിത ഇൻഷുറൻസ് കമ്പനിയുടെ ക്ലെയിം ഫോറം പൂരിപ്പിച്ച് അനുബന്ധരേഖകൾ സഹിതംക്ലെയിം അപേക്ഷ നാല് പകർപ്പുകൾ ഫിഷറീസ് ഓഫീസർക്ക് നൽകണം.
- മത്സ്യ ബോർഡ് പാസ്സുക്കിന്റെ പകർപ്പം ഇൻഷൂർ ചെയ്ത വ്യക്തിയുടെയും അവകാശിയുടെയും ഐഡി കാർഡും അവകാശിയുടെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളും ഫിഷറീസ് ഓഫീസറുടെയും മേഖലാ എക്സിക്യൂട്ടീവിന്റെയും അന്വേഷണം റിപ്പോർട്ട് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

### അപകട മരണം സംഭവിച്ചാൽ

1. മരണ സർട്ടിഫിക്കറ്റ്.
2. പോലീസ് സ്റ്റേഷനിലെ പ്രഥമ വിവരം റിപ്പോർട്ടറിന്റെ എഫ് ഐ ആർ പകർപ്പ്/ഫൈനൽ റിപ്പോർട്ട് / മഹസർ
3. പോസ്റ്റമോർട്ടം സർട്ടിഫിക്കറ്റ് ഇൻഷുറൻസ് റിപ്പോർട്ടിന്റെയും പകർപ്പ്.
4. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ശരീരഭാഗങ്ങൾ രാസ പരിശോധന അയച്ചിരിക്കുന്നതായി രേഖപ്പെടുത്തിയാൽ രാസ പരിശോധന റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്.
5. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്.
6. വിദ്യാഭ്യാസ ആനുകൂല്യത്തിന് വിദ്യാർഥിയുടെ സ്കൂൾ സർട്ടിഫിക്കറ്റ് ശവസംസ്കാര ചെലവ് ലഭ്യമാക്കുന്നതിന് ബില്ല്.

### ശാരീരിക അവശത സംഭവിച്ചാൽ

1. ആശുപത്രിയിലെ കേസ് സർട്ടിഫിക്കറ്റ് / ഡിസബിലിറ്റി സർട്ടിഫിക്കറ്റ്
2. ഡോക്ടറുടെ സർട്ടിഫിക്കറ്റ് നിശ്ചിത ഫോറത്തിൽ.

## അപകടം മൂലം 24 മണിക്കൂറിൽ അധികം ആശുപത്രിയിൽ കിടത്തി ചികിത്സ

1. പോലീസിന്റെ പ്രഥമ വിവര റിപ്പോർട്ട്
2. പോലീസിന്റെ അന്തിമ ചാർജ് ഷീറ്റ്
3. ആശുപത്രി ഡിസ്ചാർജ് കാർഡ്
4. ആശുപത്രിയിലെ അസൽ ബിൽ

## അപകടം മൂലം കാണാതാവുകയാണെങ്കിൽ

## ( മത്സ്യത്തൊഴിലാളികൾക്ക് മാത്രം)

1. പോലീസ് സ്റ്റേഷനിൽ നിന്നുള്ള റിപ്പോർട്ട്.
2. കളക്ടർ/ആർ ഡി ഒ നൽകുന്ന മിസ്സിംഗ് സർട്ടിഫിക്കറ്റ്
3. മാർഗരേഖ പ്രകാരമുള്ള അവകാശികളുടെ സത്യപ്രസ്താവന നോട്ടറി സാക്ഷ്യപ്പെടുത്തിയത്.
4. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്.

## 1.3.3 വിധവാ പെൻഷൻ

മത്സ്യതൊഴിലാളി/അനുബന്ധതൊഴിലാളികളുടെ മരണം മൂലം നിരാലംബരായി തീരുന്ന ഭാര്യമാർക്ക് ആശ്വാസ സഹായമെന്ന നിലയിൽ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ളപദ്ധതി .മത്സ്യ ബോർഡിൽ വിഹിതമടച്ച് അംഗത്വം എടുത്തശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ തുക ഒരു ഗഡു പോലും കൈപ്പറ്റുന്നതിന് മുൻപായി മരണമടയുന്ന മത്സ്യതൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നു

പ്രതിമാസപെൻഷൻ തുക 1600/- രൂപ .

## നിബന്ധനകൾ

- സ്ഥിര വരുമാനമുള്ള ഉദ്യോഗമുണ്ടെങ്കിൽ ഈ പദ്ധതി പ്രകാരമുള്ളപെൻഷൻ ലഭിക്കുകയില്ല
- പുനർ വിവാഹം നടക്കുന്ന പക്ഷം വിവാഹം നടക്കുന്ന മാസം മുതൽ പെൻഷൻ റദ്ദ് ചെയ്യുന്നതാണ്
- പെൻഷൻ തുക മത്സ്യ ബോർഡിന്റെ വാർദ്ധക്യകാല പെൻഷൻ പദ്ധതിനിരക്കിൽ നൽകുന്നതാണ്

## അപേക്ഷകൾ സമർപ്പിക്കേണ്ട വിധം

- ➢ നിശ്ചിത ഫോറത്തിൽ അപേക്ഷയുടെ രണ്ടു കോപ്പികൾ തയ്യാറാക്കിമരിച്ച മത്സ്യത്തൊഴിലാളി അംഗമായിരുന്ന ഗ്രാമത്തിന്റെ ചുമതലവഹിക്കുന്ന ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.
- ➢ മരണം നടന്ന്90 ദിവസത്തിനുള്ളിൽ ഫിഷറീസ് ഓഫീസർക്ക് അപേക്ഷനൽകണം.

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. മത്സ്യത്തൊഴിലാളിയുടെ മരണ സർട്ടിഫിക്കറ്റ് പകർപ്പ് ഫിഷറീസ്ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.
2. മത്സ്യ ബോർഡ് വിഹിതം അടച്ച പേജിന്റെയും പാസ്സ്ബുക്കിന്റെയും പൂർണമായ പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.
3. മറ്റു പെൻഷൻ ലഭിക്കുന്നില്ല എന്ന് തെളിയിക്കുന്ന രേഖ, ആധാർകാർഡിന്റെ പകർപ്പ്.

4. വ്യക്തിഗത ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ്(ആധാർ ലിങ്ക് ചെയ്തബാങ്ക് അക്കൗണ്ട്).
5. റേഷൻ കാർഡിന്റെ പകർപ്പ്(കുടുംബ വിവരം അടങ്ങിയ പേജ്സഹിതം).
6. പുനർവിവാഹം നടത്തിയിട്ടില്ലെന്നും സ്ഥിര വരുമാനമുള്ള തൊഴിൽ ഇല്ലെന്നു തെളിയിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറി/ വാർഡ് കൗൺസിലർ നൽകുന്ന സാക്ഷ്യപത്രം.

## അപ്പീൽ

അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക്സമർപ്പിക്കാവുന്നതാണ്.

## 1.3.4 മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും മരണത്തോട് അനുബന്ധിച്ച് ആശ്രിതർക്ക് ഉള്ള ധനസഹായം

മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ഏതു സാഹചര്യത്തിലും മരിച്ചാൽ ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്.

ധനസഹായം:15000/- രൂപ.

## നിബന്ധനകൾ

- മരിച്ച മത്സ്യ തൊഴിലാളി 60 വയസ്സിൽ താഴെ പ്രായമുള്ള ആളായിരിക്കണം ക്ഷേമനിധി വിഹിതം പൂർണമായും അടച്ചിരിക്കണം.
- 60 വയസ്സിനുശേഷം തൊഴിൽ തുടരുകയും പട്ടികയിൽ പേര് ഉണ്ടായിരിക്കുകയും വിഹിതങ്ങൾ കൃത്യമായി അടക്കുകയും ചെയ്യുന്നവരുടെ ആശ്രിതർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.
- ഏതു സാഹചര്യത്തിലും എവിടെ വെച്ചു മരണപ്പെട്ടാലും ഈ പദ്ധതി അനുസരിച്ച്ധനസഹായം നൽകുന്നതാണ്.
- മരണവുമായി ബന്ധപ്പെട്ട് മറ്റെന്തെങ്കിലും പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതായാൽ ടി തുകയിൽ നിന്നും ഈ പദ്ധതി പ്രകാരം അനുവദിച്ചു നൽകിയ തുക കുറച്ച് ബാക്കി തുക നൽകുന്നതാണ്.

## അപേക്ഷ നൽകേണ്ട വിധം

- ➢ മാർഗ്ഗരേഖ പ്രകാരമുള്ള ആശ്രിതർ അപേക്ഷയുടെ രണ്ടു പകർപ്പുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം.
- ➢ അപേക്ഷകനും മരിച്ച ആളുമായുള്ള ബന്ധവും മരിച്ച തീയതിയും അപേക്ഷയിൽ പ്രത്യേകമായി കാണിച്ചിരിക്കേണ്ടതാണ്.
- ➢ മരിച്ചയാളുടെ മത്സ്യ ബോർഡ് പാസ്സ്ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും മരണ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

### അപ്പീൽ

- ❖ ഈ പദ്ധതി പ്രകാരമുള്ള അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം മത്സ്യത്തൊഴിലാളി ഫണ്ട് ബോർഡ് കമ്മീഷണർക്കും.
- ❖ അനുബന്ധ തൊഴിലാളികൾ റീജിയണൽ എക്സിക്യൂട്ടീവ്/ ജൂനിയർ എക്സിക്യൂട്ടീവിനും സമർപ്പിക്കേണ്ടതാണ്.

## 1.3.5 മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക്ധനസഹായം നൽകുന്ന പദ്ധതി

മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാരം ഉൾപ്പെടെയുള്ള ചെലവുകൾ നടത്തുന്നതിന് സാമ്പത്തികസഹായം നൽകുന്ന പദ്ധതിയാണിത്. സാമ്പത്തികസഹായം 2000/- രൂപയാണ്. മത്സ്യതൊഴിലാളികളുടെ അച്ഛൻ, അമ്മ, ഭാര്യ/ ഭർത്താവ് മൈനർമാരായ ആൺമക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നിവരുടെ മരണം സംഭവിക്കുമ്പോഴാണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നത്.

### അപേക്ഷ സമർപ്പിക്കേണ്ട വിധം

ആശ്രിതൻ മരിച്ച് മൂന്നുമാസത്തിനകം നിശ്ചിതഫോറത്തിൽ അപേക്ഷയുടെ രണ്ടുപകർപ്പുകൾ തയ്യാറാക്കി ഫിഷറീസ്ഓഫീസർക്ക് സമർപ്പിക്കണം.

### അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. ആശ്രിതന്റെ മരണസർട്ടിഫിക്കറ്റ്
2. ഫിഷറീസ്ഓഫീസർ സാക്ഷ്യപ്പെടുത്തിയ മത്സ്യബോർഡ് പാസ്സുക്കിന്റെ പകർപ്പ്

### അപ്പീൽ

അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കാവുന്നതാണ്.

## 1.3.6 അപകടം അല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം

മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടമില്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും ഗ്രൂപ്പ് ഇൻഷ്വറൻസ് പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളി /അനുബന്ധ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം ആശ്രിതർക്ക് നൽകുന്ന സാമ്പത്തിക സഹായം 100000/- രൂപയാണ്.

### നിബന്ധനകൾ

- മരിച്ച മത്സ്യ തൊഴിലാളി 60 വയസ്സിന് താഴെ പ്രായമുള്ള ആളായിരിക്കണം.
- ക്ഷേമനിധി വിഹിതം പൂർണമായും അടച്ചിരിക്കണം 60 വയസ്സിനുശേഷം തൊഴിൽ തുടരുകയും പട്ടികയിൽ പേരുണ്ടാകുകയും വിഹിതങ്ങൾ കൃത്യമായി അടക്കുകയും ചെയ്യുന്നവരുടെയും ആശ്രിതർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

### അപേക്ഷ നൽകേണ്ട വിധം

മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം അല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണം സംഭവിച്ചാൽ ഉടൻതന്നെ ഫിഷറീസ് ഓഫീസറെ, തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കണം

അപേക്ഷയുടെ മൂന്ന് പകർപ്പുകൾ തയ്യാറാക്കി താഴെ പറയുന്ന രേഖകൾ സഹിതം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്

### അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. മരണ സർട്ടിഫിക്കറ്റ് അസൽ
2. ആശുപത്രിയിൽ പ്രവേശിച്ച ശേഷമാണ് മരണമെങ്കിൽ മരണം സാധാരണ രോഗം കൊണ്ടുണ്ടായതല്ലെന്ന് അപ്രത്യക്ഷമായ കാരണങ്ങളാൽ കൊണ്ടായിരുന്നു എന്ന് തെളിയിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ്
3. പോലീസ് സ്റ്റേഷനിൽ നിന്ന് ലഭിക്കുന്ന പ്രധാന വിവര റിപ്പോർട്ട് പകർപ്പ്

4. മരിച്ചയാളിനെ മത്സ്യ ബോർഡ് പാസ് ബുക്കിന്റെ ഫോട്ടോ കോപ്പി ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് അവകാശിയുടെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ.

## അപ്പീൽ

കമ്മീഷണർ ആണ് ഈ പദ്ധതി പ്രകാരമുള്ള ധനസായം അനുവദിക്കുന്നത് കമ്മീഷനോട് തീരുമാനത്തിന്മേൽ ആക്ഷേപമുണ്ടെങ്കിൽ ആയതിനുള്ള അപേക്ഷ ബോർഡിന്റെ പരിഗണനക്കായി ചെയർമാൻ സമർപ്പിക്കേണ്ടതാണ്

### 1.3.7 മാരകരോഗ ചികിത്സാ പദ്ധതി

മാരകരോഗങ്ങൾ പിടിക്കപ്പെട്ട കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളി/അനുബന്ധ മത്സ്യത്തൊഴിലാളിക്ക് വിദഗ്ധ ചികിത്സ നൽകുവാൻ വേണ്ടി ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

### നിബന്ധനകൾ

- അപേക്ഷകർ 23 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവർ ആയിരിക്കണം
- മത്സ്യ ബോർഡിൽ അംഗത്വം ഉള്ളവർ ആയിരിക്കണം ആദ്യമായി വിഹിതം മത്സ്യത്തൊഴിലാളി അഞ്ചുവർഷമെങ്കിലും അനുബന്ധം മത്സ്യത്തൊഴിലാളി രണ്ടുവർഷമെങ്കിലും പൂർത്തിയാവുകയും കുടിശ്ശികയില്ലാതെ വിഹിതങ്ങളെല്ലാം അടക്കുകയും ചെയ്തിരിക്കണം.
- വാർഷിക വരുമാനം 50000 രൂപയിൽ കൂടുതലായിരിക്കരുത്.
- സർക്കാർ ആശുപത്രിയിലെയും സഹകരണ ആശുപത്രിയിലെയും ചികിത്സയ്ക്ക് മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ.

### അപേക്ഷകൾ സമർപ്പിക്കേണ്ട വിധം

രോഗിയോ രോഗിയുടെ ആശ്രിതരോ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ മൂന്ന് പകർപ്പുകൾ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം.

പദ്ധതി പ്രകാരം ലഭിക്കുന്ന ധനസഹായം താഴെപ്പറയുന്ന പ്രകാരം ആയിരിക്കും.

| | | മത്സ്യത്തൊഴിലാളി | അനുബന്ധ തൊഴിലാളി |
|---|---|---|---|
| ഹൃദ്രോഗം | പരമാവധി | 50,000/- | 25,000/- |
| വൃക്കരോഗം | പരമാവധി | 50,000/- | 25,000/- |
| ക്യാൻസർ | പരമാവധി | 50,000/- | 25,000/- |
| തളർവാദം | പരമാവധി | 12,000/- | 10,000/- |
| ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | പരമാവധി | 5,000/- | 10,000/- |
| വനിത അനുബന്ധ തൊഴിലാളികൾക്ക് ഗർഭാശയ സംബന്ധമായ രോഗങ്ങൾക്ക് | പരമാവധി | | 5,000/- |

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. വരുമാനം തെളിയിക്കുന്നതിന് റേഷൻ കാർഡിന്റെ പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

2.സർക്കാർ ആശുപത്രിയിലെ ചികിത്സിച്ച ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്

3.സർക്കാർ ആശുപത്രിയിൽ നിന്നും സ്വകാര്യ ആശുപത്രിയിലേക്ക് റഫർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിനുള്ള രേഖ

4.ചികിത്സ ചെലവിലേക്കുള്ള ബില്ലുകൾ ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തിയത് സമർപ്പിക്കണം

5.രോഗിയുടെ വയസ്സ് തെളിയിക്കുന്നതിന് സ്കൂൾ സർട്ടിഫിക്കറ്റ് അഥവാ ജനനം മരണ രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ ജ്ഞാനസ്നാന സർട്ടിഫിക്കറ്റ് ഇവയൊന്നും ഇല്ലെങ്കിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ്.

6.മത്സ്യ ബോർഡ് പാസ് ബുക്കിന്റെ ശരി പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

7.ചികിത്സിക്കുന്ന ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ പകർപ്പ്

താഴെപ്പറയുന്ന സ്വകാര്യ ആശുപത്രികളിൽ നേരിട്ട് ചികിത്സ നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതാണ്.

1.ഉത്രാടം തിരുനാൾ ആശുപത്രി തിരുവനന്തപുരം

2.അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് സെന്റർ ഇടപ്പള്ളി എറണാകുളം

3.ബേബി മെമ്മോറിയൽ ആശുപത്രി കോഴിക്കോട്

4.വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ ഹൈടെക് സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റൽ തൃശ്ശൂർ

5.ഫാത്തിമ ഹോസ്പിറ്റൽ കോഴിക്കോട്

6.കോട്ടക്കൽ ആര്യ വൈദ്യശാല (തളർവാതത്തിന് മാത്രം)

## 1.3.8 അടിയന്തിര ധനസഹായം

അപകടമരണം സംഭവിച്ചമത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം ആയി 25000/- രൂപ നൽകുന്ന പദ്ധതി.

## 1.3.9 വിവാഹധനസഹായപദ്ധതി

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതി .

ധനസഹായം: **25,000/-**

## അർഹതാമാനദണ്ഡം

1. 60 വയസ്സിൽ താഴെപ്രായമുള്ള മത്സ്യത്തൊഴിലാളികൾ/അനുബന്ധതൊഴിലാളികൾ, മത്സ്യത്തൊഴിലാളി /അനുബന്ധതൊഴിലാളികളുടെ വിധവകൾ (വിഹിതം കുടിശ്ശികയുണ്ടെങ്കിൽ ഭർത്താവ്മരിച്ച തീയതി വരെയുള്ള വിഹിതം അടച്ചിരിക്കണം) രണ്ട്പെൺമക്കളുടെയുംവിവാഹത്തിന്അപേക്ഷിക്കാം
2. 60 വയസ്സിൽകൂടുതൽപ്രായമുള്ളമത്സ്യത്തൊഴിലാളി/ അനുബന്ധതൊഴിലാളികൾ, പെൻഷൻകാർ /പെൻഷൻകാരുടെ വിധവകൾ എന്നിവർക്ക്മുൻപൊരിക്കലും ഈ സഹായം ലഭിച്ചിട്ടില്ലെങ്കിൽ ഒരു മകളുടെ മാത്രം വിവാഹത്തിന് ധനസഹായഅപേക്ഷ സമർപ്പിക്കാം

3. വധു മത്സ്യത്തൊഴിലാളി അനുബന്ധതൊഴിലാളി ആണെങ്കിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാം

4. മത്സ്യത്തൊഴിലാളി /അനുബന്ധതൊഴിലാളിയായപിതാവ് /മാതാവ്മരണപ്പെട്ടാൽവധുവിന്നേരിട്ട്അപേക്ഷസമർപ്പിക്കാം.

## നിബന്ധനകൾ

- വധുവിന് വിവാഹ തീയതിക്ക് 18 വയസ്സ്പൂർത്തിയായിരിക്കണം
- അപേക്ഷകരുടെ കുടുംബവാർഷികവരുമാനം റേഷൻകാർഡിൽ 50,000 രൂപയും താഴെയായിരിക്കണം (റേഷൻകാർഡിന്റെ പകർപ്പ്സമർപ്പിക്കണം)
- മത്സ്യത്തൊഴിലാളി വിഹിതങ്ങൾ പൂർണ്ണമായും അടച്ചിരിക്കണം
- അംഗത്വമെടുത്ത ആദ്യമായി വിഹിതം അടച്ചത് മുതൽ മൂന്നുവർഷം കഴിഞ്ഞാൽ മാത്രമേ ഈ പദ്ധതിപ്രകാരമുള്ള ധനസഹായം ലഭിക്കുകയുള്ളൂ

## അപേക്ഷകൾ സമർപ്പിക്കേണ്ട വിധം

- വിവാഹ തീയതി മുതൽ 60 ദിവസത്തിനകം അപേക്ഷ ഫിഷറീസ് ഓഫീസർക്ക്സമർപ്പിക്കേണ്ടതാണ്
- നിശ്ചിതഫോറത്തിൽ തയ്യാറാക്കിയ അപേക്ഷകളുടെ രണ്ടു പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്

### അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. വധുവിന്റെ വയസ്സ്തെളിയിക്കുന്ന രേഖ
2. 50,000/- രൂപയിൽ താഴെ റേഷൻകാർഡിൽവാർഷികവരുമാനംരേഖപ്പെടുത്തിയതിന്റെപകർപ്പ്
3. മത്സ്യബോർഡ്പാസ്ബുക്കിന്റെപകർപ്പ് (ഫിഷറീസ്ഓഫീസർസാക്ഷ്യപ്പെടുത്തിയത്)
4. വിവാഹസർട്ടിഫിക്കറ്റ്

## അപ്പീൽ

അപേക്ഷ നിരസിക്കപ്പെട്ടാൽ നിരസന ഉത്തരവിൻമേൽ ആക്ഷേപമുണ്ടെങ്കിൽ നിരസന ഉത്തരവ്തീയതി മുതൽ 90 ദിവസത്തിനകം കമ്മീഷണർക്ക്അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## 1.3.10 പ്രസവശുശ്രൂഷയ്ക്കുള്ളധനസഹായപദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതി. പ്രസവശുശ്രൂഷ ധനസഹായമായി 750 രൂപവീതംനൽകിവരുന്നു.

## നിബന്ധനകൾ

- മത്സ്യത്തൊഴിലാളി വനിതകൾക്ക്നേരിട്ട്ധനസഹായ അപേക്ഷ സമർപ്പിക്കാം. ഭർത്താവിന്ക്ഷേമനിധി അംഗത്വം ഉണ്ടായിരിക്കുകയും ഭാര്യക്ക്അംഗത്വം ഇല്ലാതിരിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഭർത്താവാണ്ധനസഹായ അപേക്ഷ സമർപ്പിക്കേണ്ടത്.
- പ്രസ്തുതവനിതയ്ക്ക് 19 വയസ്സെങ്കിലും പ്രായം ഉണ്ടായിരിക്കേണ്ടതാണ്.

## അപേക്ഷകൾ സമർപ്പിക്കേണ്ട വിധം

നിർദിഷ്ടഫോറത്തിൽ അപേക്ഷയുടെ രണ്ടുപകർപ്പുകൾ, രേഖകൾസഹിതം പ്രസവതീയതിക്ക് 2 മുതൽ 8 ആഴ്ചകൾക്കുള്ളിലായി ഫിഷറീസ്ഓഫീസർക്ക്സമർപ്പിക്കേണ്ടതാണ്.

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. എംബിബിഎസ് യോഗ്യതയുള്ള ഡോക്ടറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്
2. അപേക്ഷകയുടെ / അപേക്ഷകന്റെ വിവാഹ സർട്ടിഫിക്കറ്റ്
3. വയസ്സ്തെളിയിക്കുന്നതിനുള്ള നിയമാനുസൃതരേഖ

## അപ്പീൽ

അപേക്ഷ നിരസിക്കപ്പെട്ടാൽ നിരസന ഉത്തരവിൻ മേൽആക്ഷേപമുണ്ടെങ്കിൽ നിരസന ഉത്തരവ്തീയതി മുതൽ 90 ദിവസത്തിനകം കമ്മീഷണർക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

### 1.3.11 തണൽപദ്ധതി

- സംസ്ഥാന സർക്കാർ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ്തണൽ.
- ഫിഷറീസ്/തൊഴിൽവകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം ഫിഷറീസ്ഇൻഫർമേഷൻ മാനേജ്മെന്റ്സിസ്റ്റം (FIMS ) ൽ എൻട്രോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും 1000 /-രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

### 1.3.12 സാന്ത്വനതീരംപദ്ധതി

ഗുരുതരരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും പെൻഷനേഴ്സിനും തുടർചികിത്സ ഉറപ്പാക്കുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന പദ്ധതി.

## ഈ പദ്ധതിക്കായി പരിഗണിക്കുന്ന രോഗചികിത്സകൾ ചുവടെ ചേർക്കുന്നു

1) ക്യാൻസർ –പരമാവധി 50,000 രൂപ
2) തളർവാതം /കിടപ്പുരോഗം– പരമാവധി 20,000/– രൂപ
3) ഗർഭാശയസംബന്ധമായരോഗം – പരമാവധി 10000 /– രൂപ
4) ഹൃദയംതുറന്നുള്ളശസ്ത്രക്രിയയ്ക്ക്ശേഷംഉള്ളചികിത്സ– പരമാവധി 25000/– രൂപ
5) ഡയാലിസിസ് – പരമാവധി 50,000 രൂപ
6) കരൾരോഗംപരമാവധി 20,000/– രൂപ
7) ഓട്ടിസം /മാനസികവെല്ലുവിളി /നേരിടുന്നകുട്ടികൾഅംഗപരിമിതർപരമാവധി 10000 /–രൂപ

## നിബന്ധനകൾ

- അപേക്ഷകൻമത്സ്യബോർഡിൽഅംഗത്വമുള്ളവരായിരിക്കണം, ആദ്യമായി വിഹിതം അടച്ച്മൂന്നുവർഷമെങ്കിലും പൂർത്തിയാക്കുകയും കുടിശ്ശികയില്ലാതെ വിഹിതങ്ങളെല്ലാം അടയ്ക്കുകയും ചെയ്തിരിക്കണം.
- അപേക്ഷകർ 23 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം

- ആശുപത്രിയിൽനിന്നും സർക്കാർ ആശുപത്രിയിലെയും സഹകരണആശുപത്രിയിലെയും ചികിത്സയ്ക്ക് മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ. സർക്കാർറഫർചെയ്യുന്ന കേസുകളിൽ അവിടുത്തെ ചികിത്സക്കും ധനസഹായം അനുവദിക്കുന്നതാണ്.

## അപേക്ഷകൾസമർപ്പിക്കേണ്ടവിധം

രോഗിയോ രോഗിയുടെ ആശ്രിതരോ ആണ്അപേക്ഷ സമർപ്പിക്കേണ്ടത്.

നിശ്ചിതമാതൃകയിലുള്ള അപേക്ഷയുടെ 3 പകർപ്പുകൾ തയ്യാറാക്കി ജില്ലയിലെ മത്സ്യബോർഡിന്റെ ബന്ധപ്പെട്ട ഫിഷറീസ്ഓഫീസർക്ക് ആണ് അപേക്ഷ സമർപ്പിക്കേണ്ടത്.

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1) വരുമാനംതെളിയിക്കുന്നതിന്റേഷൻകാർഡിന്റെപകർപ്പ് (ഫിഷറീസ്ഓഫീസർസാക്ഷ്യപ്പെടുത്തിയത്)
2) സർക്കാർആശുപത്രിയിൽചികിത്സിച്ചഡോക്ടർനൽകുന്നമെഡിക്കൽസർട്ടിഫിക്കറ്റ്
3) സർക്കാർആശുപത്രിയിൽനിന്നുംസ്വകാര്യആശുപത്രിയിലേക്ക്റഫർചെയ്തിട്ടുണ്ടെങ്കിൽആയതിനുള്ളരേഖ
4) ചിലവിലേക്കുള്ളബില്ലുകൾചികിത്സിച്ചഡോക്ടർസാക്ഷ്യപ്പെടുത്തിയത്
5) രോഗിയുടെവയസ്സ്തെളിയിക്കുന്നതിന്സ്കൂൾസർട്ടിഫിക്കറ്റ്അഥവാപാസ്പോർട്ട്, ഡ്രൈവിംഗ്ലൈസൻസ്ഇവയൊന്നുമില്ലെങ്കിൽസർക്കാർഡോക്ടറുടെസർട്ടിഫിക്കറ്റ്
6) മത്സ്യബോർഡ്പാസ്ബുക്കിന്റെശരിപകർപ്പ്ഫിഷറീസ്ഓഫീസർസാക്ഷ്യപ്പെടുത്തിയത്
7) ചികിത്സിക്കുന്നഡോക്ടറുടെരോഗവിവരകുറിപ്പിന്റെപകർപ്പ്

(**സാക്ഷ്യപത്രങ്ങൾ**ബന്ധപ്പെട്ട**വിദഗ്ധരിൽനിന്നുംഹാജരാക്കേണ്ടതാണ്**.)

## 1.4 സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്)

സാഫ് മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്കായി Alternative and Supportive Livelihood Opportunity to Fisherwomen of Kerala പദ്ധതിയിൽ ഉൾപ്പെടുത്തി തീരമൈത്രി – ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## 1.4.1 ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം

കേരളത്തിലുടനീളം ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിലൂടെ 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കുന്നു.

**മാനദണ്ഡങ്ങൾ**

- അപേക്ഷകർ ഫിഷർമെൻ ഫിമിലി രജിസ്റ്ററിൽ (FFR) അംഗത്വമുള്ള വനിതകൾ ആയിരിക്കണം.
- അപേക്ഷകർ ഏതെങ്കിലും മത്സ്യഗ്രാമത്തിൽ സ്ഥിരതാമസക്കാർ ആയിരിക്കണം.

- 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഗ്രൂപ്പായിരിക്കണം അപേക്ഷകർ
- അപേക്ഷകർ ടീപ്പ്/ടി.ആർ.പി/ജെ.എഫ്.പി.ആർ/പി.എം.എൻ.ആർ.എഫ്/സാഫ് പദ്ധതികൾ വഴി സ്വയം തൊഴിൽ ക ത്തുന്നതിനോ മറ്റു ജീവനോപാധികൾക്കോ ഫിഷറീസ് വകുപ്പിൽ നിന്നും ധനസഹായം ലഭിക്കാത്തവരായിരിക്കണം.
- 20 ഴം 40 ഴം ഇടി് പ്രായമുള്ള അപേക്ഷകർക്ക് മുൻഗണന ഉ ായിരിക്കും.
- ഓഖി, സുനാമി ബാധിതർക്ക് മുൻഗണന.
- പ്രത്യേക വിഭാഗത്തിൽ പെടുന്നവർക്ക് (ട്രാൻജെന്റർ, വിധവ, ശാരീരിക വൈകല്യമുള്ളവർ/ വൈകല്യമുള്ള കുട്ടികൾ ഉള്ളവർ) കൂടിയ പ്രായപരിധി 50 വയസ്സ്.
- ഗ്രൂപ്പംഗങ്ങളിൽ 40 ശതമാനം പേർക്ക് പ്ലസ്ടു വിദ്യാഭ്യാസ യോഗ്യത അഭികാമ്യമാണ്.

**അപേക്ഷയൊടൊപ്പം സമർപ്പിക്കേ രേഖകൾ**

1. ഇലക്ഷൻ ഐഡന്റിറ്റി കാർഡ്/ആധാർകാർഡ്
2. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കേറ്റ്
3. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പാസ് ബുക്ക്
4. റേഷൻ കാർഡ്
5. ബിപിഎൽ സർട്ടിഫിക്കേറ്റ്

**മുൻഗണന**

- ഓഖി, സുനാമി ബാധിതർക്ക് മുൻഗണന
- സാഫ് നടപ്പിലാക്കിയ തീരനൈപുണ്യ, ഡിജിറ്റൽ മീഡീയ മാർക്കറ്റിങ്ങ് കോഴ്സ് പഠിതാക്കൾക്ക് മുൻഗണന

**ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ്**

- ജില്ലാ ഫിഷറീസ് ഓഫീസ് / മത്സ്യഭവൻ / സാഫ് നോഡൽ ഓഫീസുകൾ / സാഫ് വെബ്സൈറ്റ് / FIMS എന്നിവ വഴി അപേക്ഷ ഫോറം വിതരണം ചെയ്യുന്നു.
- അപേക്ഷകൾ തിരികെ സ്വീകരിച്ച് ഗ്രേഡിങ്ങ് നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.
- ഗുണഭോക്താക്കളുടെ ലിസ്റ്റ് ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നു.
- ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ സമർപ്പിക്കുന്നു.

**ധനസഹായം**

- ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ്
- പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക്ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്.
- ധനസഹായം ര ് ഘട്ടങ്ങളിയായി അനുവദിക്കുന്നു.
- സ്ഥിരമൂലധനം വാങ്ങുന്നതിനായി ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി ര ാംഗഡു ധനസഹായവും അനുവദിക്കുന്നു.

**കാറ്റഗറി ഫെഡറേഷനുകൾ**

സാഫ് യൂണിറ്റുകളുടെ സംരംഭത്തിന്റെ അടിസ്ഥാനത്തിൽ Fish & Fish Processing, Food & Food Processing, Tailoring & Garments, Supermarkets & Retail Stores, Services & Others എന്നീ 5 കാറ്റഗറികളായി തിരിച്ചിരിക്കുന്നു. ഈ കാറ്റഗറി ഫെഡറേഷന്റെ അപ്പെക്സ് ബോഡിയായി SAF Activity Groups Apex Federation പ്രവർത്തിക്കുന്നു.

**ചെറുകിട തൊഴിൽ സംരംഭങ്ങളുടെ സുസ്ഥിര നിലനിൽപ്പിനായി താഴെപ്പറയുന്ന ഘടകങ്ങൾ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നു.**

- ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് 25000 രൂപ മുതൽ 1.50 ലക്ഷം രൂപ വരെ പലിശരഹിത റിവോൾവിംഗ് ഫ ്.
- സാങ്കേതിക വിദ്യ നവീകരണത്തിനായി 50000 രൂപ വരെ ടെക്നോളജി ഇപ്രൂവ്മെന്റ്.
- ഗ്രൂപ്പുകൾക്കായി 5 ലക്ഷംരൂപ വരെയുള്ള ബാങ്ക്ലോണിന് 5% പലിശസബ്സിഡി
- വിവിധ പരിശീലനങ്ങൾ (അച്ചീവ്മെന്റ് മോട്ടീവേഷൻ ട്രെയ്നിംഗ്, മാനേജ്മെന്റ് ട്രെയ്നിംഗ്, ബുക്ക് കീപ്പിങ്ങ് & അക്കൗ ിങ്ങ് ട്രെയ്നിംഗ്, സ്കിൽ ട്രെയ്നിംഗ്)

## 1.4.2 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊ ു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ പദ്ധതി നടപ്പിലാക്കുന്നു. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിക്കുന്നു.

**മാനദണ്ഡങ്ങൾ**

- മത്സ്യ അനുബന്ധ മേഖലയിൽ തൊഴിൽ ചെയ്യുന്ന 5 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഗ്രൂപ്പായിരിക്കണം അപേക്ഷകർ
- അപേക്ഷകർ ഫിഷർമെൻ ഫിമിലി രജിസ്റ്ററിൽ (FFR) അംഗത്വമുള്ള വനിതകൾ ആയിരിക്കണം.
- തീരദേശ/ ഉൾനാടൻ മേഖലയിൽ നിന്നുള്ള മത്സ്യത്തൊഴിലാളി വനിതകൾക്ക് അപേക്ഷിക്കാം.
- മത്സ്യവിൽപ്പന നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് മുൻഗണന.
- പ്രായപരിധിയില്ല. നിലവിൽ മത്സ്യ അനുബന്ധ തൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ (Fish vending/peeling/drying) ആയിരിക്കണം.
- സാഫിന്റെ ഏതെങ്കിലും പദ്ധതിയിൽ നിന്ന് ധനസഹായം ലഭിച്ചവർ ആയിരിക്കരുത് അപേക്ഷകർ

**അപേക്ഷയോടൊപ്പം സമർപ്പിക്കേ□ രേഖകൾ**

1. ഇലക്ഷൻ ഐഡിന്റിറ്റി കാർഡ്/ആധാർകാർഡ്
2. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്
3. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പാസ് ബുക്ക്
4. റേഷൻ കാർഡ്
5. ബിപിഎൽ സർട്ടിഫിക്കറ്റ്

**മുൻഗണന**

- മത്സ്യ അനുബന്ധ തൊഴിൽ നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾ

**ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ്**

- ജില്ലാ ഫിഷറീസ് ഓഫീസ് / മത്സ്യഭവൻ / സാഫ് നോഡൽ ഓഫീസുകൾ / സാഫ് വെബ്സൈറ്റ്/ ഫീൽഡ് തലത്തിൽ നേരിട്ട്/ FIMS എന്നിവ വഴി അപേക്ഷ ഫോറം വിതരണം ചെയ്യുന്നു
- അപേക്ഷകൾ തിരികെ സ്വീകരിച്ച് ഗ്രേഡിങ്ങ് നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.
- ഗുണഭോക്താക്കളുടെ ലിസ്റ്റ് ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നു.
- ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ സമർപ്പിക്കുന്നു.

**ധനസഹായം**

- പ്രവർത്തനമൂലധനമായി ഒരു ഗ്രൂപ്പിന് 50000/- രൂപ (ഒരംഗത്തിന് 10000/-രൂപ വീതം) വരെ റിവോൾവിംഗ് ഫ ്.
- റിവോൾവിംഗ് ഫ ് തിരിച്ചടച്ച ഒരു ഗ്രൂപ്പിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000/-രൂപ വീതം) വരെ വീ ും റിവോൾവിംഗ് ഫ ് അനുവദിക്കുന്നു.

## II മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കുള്ള കടൽ സുരക്ഷാ പദ്ധതികൾ

### 2.1 മത്സ്യവകുപ്പ് വഴി നടപ്പിലാക്കുന്നവ

#### 2.1.1 മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി

മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഉണ്ടാകുന്ന കേടുപാടുകൾക്കും നാശനഷ്ടങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് പദ്ധതി സഹായിക്കുന്നു.

**അപേക്ഷിക്കേണ്ട വിധം:**

നിർദിഷ്ട പൂരിപ്പിച്ച അപേക്ഷ മത്സ്യഭവൻ മുഖേനസമർപ്പിക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം അപേക്ഷകൻ ഉള്ളടക്കം ചെയ്യേണ്ടരേഖകൾ (പകർപ്പുകൾ മാത്രം):

1. യാനം ഉടമയുടെ തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽആധാർ കാർഡ്
2. യാനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
3. യാനത്തിന്റെ ലൈസൻസ് സർട്ടിഫിക്കറ്റ് /ടി ആർ 5
4. യാനത്തിന്റെ മത്സ്യ ബോർഡ് വിഹിതം അടവ് രസീത്
5. മത്സ്യ ബോർഡ് പാസ്സ്ബുക്കിന്റെ ബന്ധപ്പെട്ട പേജുകൾ
6. പാസ്പോർട്ട് സൈസ് കളർ ഫോട്ടോ.

**മുൻഗണന:**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽഅംഗങ്ങൾ ആയിട്ടുള്ളവർക്കും ,മോട്ടോർ ഘടിപ്പിച്ച കടൽമത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന പരമ്പരാഗതമത്സ്യബന്ധനയാനങ്ങൾക്കും പദ്ധതി പ്രകാരം മുൻഗണനലഭിക്കുന്നതാണ്.

**പദ്ധതിയുടെ വിശദ വിവരങ്ങൾ:**

10 മീറ്ററിൽ താഴെ നീളമുള്ളതും, 10 മീറ്ററിനും 15മീറ്ററിനും ഇടയിൽ നീളമുള്ളതും, 15 മീറ്ററിനും 20മീറ്ററിനും ഇടയിൽ നീളമുള്ളതും, 20 മീറ്ററിന് മുകളിൽ നീളം ഉള്ളതുമായ പരമ്പരാഗതയാനങ്ങൾക്കും എൻജിനുകൾക്കും പൂർണ്ണവും ഭാഗികവുമായ നഷ്ടത്തിനും എഞ്ചിന്റെ കവറേജ്സംബന്ധിച്ച് എൻജിനും ഹള്ളിനും കൂടി ഒരുമിച്ച്ഉണ്ടാകുന്ന നാശനഷ്ടത്തിനും മാത്രമേ ഇൻഷ്വറൻസ് കവറേജ് ലഭ്യമാവുകയുള്ളൂ.

പദ്ധതി പ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർവിഹിതവും 10% ഗുണഭോക്തൃ വിഹിതവും ആണ്.

| നമ്പർ | വിഭാഗം | ഇൻഷ്വറൻസ് പരിരക്ഷ തുക (രൂപയിൽ) | പ്രീമിയംതുക (ജിഎസ്ടിയും സ്റ്റാമ്പ്ഡ്യൂട്ടിയും ഉൾപ്പെടെ) (രൂപയിൽ) | ഗുണഭോക്താവിന്റെ സംഭാവന (10%) തുക (രൂപയിൽ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 10 മീറ്ററിൽ താഴെ LOA ഉള്ള മത്സ്യബന്ധനയാനങ്ങൾ, 10hp-ൽ താഴെ എഞ്ചിൻ ശേഷി | 350000 | 1070 | 108 |
| 2 | 10 മീറ്ററിൽ താഴെ LOA ഉള്ള മത്സ്യബന്ധന യാനം, 10hp മുകളിൽ എഞ്ചിൻ ശേഷിയും | 400000 | 1230 | 123 |
| 3 | 40 എച്ച്പി വരെ എഞ്ചിൻ ശേഷിയുള്ള 10 മീറ്ററിനും 15 മീറ്ററിനും ഇടയിൽ LOA ഉള്ള മത്സ്യബന്ധന യാനങ്ങൾ | 600000 | 1845 | 185 |
| 4 | 10 മീറ്ററിനും 15 മീറ്ററിനും ഇടയിൽ LOA ഉള്ള മത്സ്യബന്ധനയാനങ്ങൾ, എഞ്ചിൻ ശേഷി 40hp മുകളിൽ. | 800000 | 2460 | 246 |
| 5 | എഞ്ചിൻഉള്ള 15 മീറ്ററിനും 20മീറ്ററിനും ഇടയിൽ LOA ഉള്ള മത്സ്യബന്ധന യാനങ്ങൾ | 2300000 | 6366 | 637 |
| 6 | എഞ്ചിനോടു കൂടിയ 20 മീറ്ററിൽ കൂടുതൽ LOA ഉള്ള മത്സ്യബന്ധനയാനങ്ങൾ | 4600000 | 12731 | 1273 |

### 2.1.2 യന്ത്രവൽകൃത മത്സ്യബന്ധനയാനങ്ങളിലെ തടി കൊണ്ടുള്ള ഹൾ സ്റ്റീൽ ആക്കി മാറ്റുന്ന പദ്ധതി

തടികൊണ്ടുള്ള യന്ത്രവത്കൃത യാനങ്ങളുടെ ഹൾസ്റ്റീൽ ആക്കി മാറ്റി സുരക്ഷിത മത്സ്യബന്ധനം സാധ്യമാക്കുന്നതിന് പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു.

### അപേക്ഷിക്കേണ്ട വിധം:

നിർദിഷ്ട പൂരിപ്പിച്ച അപേക്ഷ മത്സ്യ ഭവൻ മുഖേനസമർപ്പിക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം അപേക്ഷകൻഉളളടക്കം ചെയ്യേണ്ട രേഖകൾ (പകർപ്പുകൾ മാത്രം):

1) അപേക്ഷകന് സാധുതയുള്ള ഉടമസ്ഥാവകാശസർട്ടിഫിക്കറ്റ്.

2) റിയൽ ക്രാഫ്റ്റിന് കീഴിലുള്ള രജിസ്ട്രേഷൻസർട്ടിഫിക്കറ്റ് ബയോമെട്രിക് ഐഡി കാർഡ്.

3) ക്യൂ ആർ കോഡ് ഉള്ള ആധാർ കാർഡ്.

### മുൻഗണന:

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽഅംഗങ്ങൾ ആയിട്ടുള്ളവർക്ക് മുൻഗണന.

40 അടി വരെ നീളവും 200 എച്ച് പിക്ക് താഴെ എഞ്ചിൻകപ്പാസിറ്റി ഉള്ളതും 12 വർഷത്തിലധികം പഴക്കമുള്ളതുംഎംഎസ് ആക്ട് 1958 കെ എം എഫ് ആർ ആക്ട് 1980പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ തടി നിർമ്മിതയന്ത്രവൽകൃത യാനം സ്വന്തമായുള്ള കടൽമത്സ്യത്തൊഴിലാളികൾ ആയിരിക്കും പദ്ധതിയുടെഗുണഭോക്താക്കൾ

### പദ്ധതിയുടെ വിശദ വിവരങ്ങൾ:

പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 30 ലക്ഷം രൂപയുംസബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ 50% തുകയായ 15ലക്ഷം രൂപയുമാണ്. യൂണിറ്റ് ചെലവിനേക്കാൾ കൂടുതൽ വരുന്ന തുകഗുണഭോക്താവ് സ്വയം വഹിക്കേണ്ടതാണ്.

- ഗുണഭോക്താവും ബോട്ട് നിർമാണ യാർഡും കരാർ ഒപ്പിടണം.

- ജില്ലാ ഓഫീസർ ബോട്ട് നിർമ്മാണ യാർഡിന്റെഅനുഭവം പരിശോധിക്കണം..
- കരാർ ഒപ്പിട്ടതിന് ശേഷം സബ്സിഡിയുടെ 25%തുകയും 75% പൂർത്തിയായതിന് ശേഷം 50%
- തുകയും, പൂർത്തിയായതിന് ശേഷം ബാക്കി 25%തുകയും നൽകും.
- ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ പരിശോധനനടത്തി പുരോഗതി റിപ്പോർട്ട് ചെയ്യണം.
- അന്തിമ സബ്സിഡി ലഭിക്കുന്നതിന് മുമ്പ് ബോട്ട്രജിസ്റ്റർ ചെയ്യുകയും ലൈസൻസ് നൽകുകയും
- വേണം.
- അന്തിമ സബ്സിഡിക്ക് മുമ്പ് ഒരു നേവൽആർക്കിടെക്റ്റിന്റെ സർവേ സർട്ടിഫിക്കറ്റ്
- ആവശ്യമാണ്.
- സബ്സിഡി ലഭിക്കുന്നതിന് മുമ്പ് ബോട്ട് ഇൻഷുറൻസ്ചെയ്തിരിക്കണം.
- സബ്സിഡി അനുവദിക്കുന്നതിന് മുമ്പ് മത്സ്യബന്ധന ലൈസൻസ് ആവശ്യമാണ്.
- ബോട്ട് നിർമാണ യാർഡിൽ നിന്നുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റ് ആവശ്യമാണ്.
- ഗുണഭോക്താവിൽ നിന്നുള്ള ഒരു യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

### 2.1.3 **സുസ്ഥിരമത്സ്യബന്ധന യന്ത്രവത്കൃതയാനങ്ങൾക്ക് സ്ക്വയർമെഷ് കോഡ് എൻഡ് (Square mesh cod end for trawlers)**

- SRO No.612/2019 dated 01/09/2019 – സ്ക്വാർ മെഷ് കോഡ് എൻഡ് ട്രോൾ വലകൾക്കു നിർബന്ധമാക്കി
- പദ്ധതി തുക: 40 ലക്ഷം രൂപ
- സംസ്ഥാന വിഹിതം: 20 ലക്ഷം രൂപ
- ഗുണഭോക്തൃ വിഹിതം: 20 ലക്ഷം രൂപ
- Fish cod end & Shrimp cod end: 250 എണ്ണം വീതം
- യൂണിറ്റ് തുക -Fish cod end -Rs.8500/-, Shrimp cod end- Rs.7500/-
- യൂണിറ്റ് തുകയുടെ 50% സബ്സിഡിയായിനല്കുന്നു
- യന്ത്രവത്കൃത ട്രോൾ ബോട്ട് ഉള്ള ബോട്ടുടമകളെയാണ്ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുന്നത്
- പരമ്പരാഗത ഡയമണ്ട്-ആകൃതിയിലുള്ള മെഷ് മാറ്റി സ്ക്വയർ (ചതുരം) ആകൃതിയിലുള്ള മെഷ് ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. വല വലിക്കുമ്പോൾ ചുരുങ്ങുകയില്ല, അതിനാൽ ചെറുമത്സ്യങ്ങൾക്ക് രക്ഷപ്പെടാൻ സാധിക്കുന്നു, ബൈ-ക്യാച്ച് കുറയ്ക്കാൻ സാധിക്കുന്നു പ്രതിദിനം 1800 രൂപയുടെ പ്രതി വർഷം (150 തൊഴിൽ ദിനം) 2.7 ലക്ഷം പ്രതിവർഷം ഡീസൽ ലഭിക്കും.

## III മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സഹായ പദ്ധതികൾ

## 3.1 മത്സ്യവകുപ്പ് വഴി നടപ്പിലാക്കുന്നവ

### 3.1.1 പ്രതിഭാതീരം പദ്ധതി

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി തീരദേശങ്ങളിൽ ഗ്രന്ഥശാലകൾ സ്ഥാപിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉപയോഗിച്ച് ആധുനീക പഠന സംവിധാനങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണിത്.

**ഗുണഭോക്താക്കൾ**

തീരപ്രദേശത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾ ആയിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ പരമാവധി 50 വിദ്യാർഥികൾക്ക് വരെ ഒരു പ്രതിഭാ തീരം സെന്ററിന്റെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

**ഗുണഭോക്തൃ തെരഞ്ഞെടുപ്പ്**

താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് പ്രതിഭാ തീരം സെൻററുകളിൽ നേരിട്ട് എത്തി പദ്ധതിയിൽ പേര് ചേർക്കാവുന്നതാണ് രജിസ്ട്രേഷൻ പൂർണമായും സൗജന്യമായിരിക്കും

**പഠനസമയം**

വൈകുന്നേരം 6.30 മണിക്കും 9.30 മണിക്കും ഇടയ്ക്കുള്ള 3 മണിക്കൂർ സമയമാണ്. ലൈബ്രറിയുടെയും മറ്റു സൗകര്യങ്ങൾ കൂടി പ്രയോജനപ്പെടുത്താൻ വിദ്യാർത്ഥികൾക്ക് അനുവാദം നൽകേണ്ടതാണ്.

**റിസോഴ്സ് ഗ്രൂപ്പ്**

വിരമിച്ച അധ്യാപകർ, വിദ്യാസമ്പന്നനായ യുവാക്കൾ,പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ഓരോ സെന്ററുകളിലും റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കണം. ഓരോ വിഷയത്തിനും ഒരു മെന്റർ വീതം ഉണ്ടാകുന്നതാണ്.

## 3.1.2 ഇ-ഗ്രാൻറ്സ്

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ' മത്സ്യത്തൊഴിലാളി' യായി രജിസ്റ്റർ ചെയ്തവരുടെ മക്കൾക്കുളള പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം (ഫിഷറീസ് ഇ-ഗ്രാൻറ്സ്.) കിഴക്കേ കടുങ്ങല്ലൂർ ഫിഷറീസ് ജോയിൻറ് ഡയറക്ടറുടെ (ട്രെയിനിങ് ) ഓഫീസ് മുഖേന അനുവദിച്ചുവരുന്നു.

പ്രീ മെട്രിക് വിദ്യാഭ്യാസാനുകൂല്യം ആനുകൂല്യം അതാത് ജില്ലകളിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് മുഖേന അനുവദിച്ചുവരുന്നു..

### അപേക്ഷ സമർപ്പിക്കേണ്ട വിധം

പഠിക്കുന്ന സ്ഥാപനം മുഖേനയോ അക്ഷയ കേന്ദ്രം മുഖേനയോ https://scholarship.fisheries.kerala.gov.in website മുഖേന e-grantz 2.0 അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

### അപേക്ഷിക്കുന്ന വിധം

1.Pre – metric സ്കോളർഷിപ്പ്

സ്കൂളുകൾ വഴിയാണ് അപേക്ഷിക്കേണ്ടത്.മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന സാക്ഷ്യപത്രം ഇതിനായി സ്കൂളുകളിൽ സമർപ്പിക്കേണ്ടതാണ്.

2. Post metric സ്കോളർഷിപ്പ്

ഫാറം നമ്പർ 4-ൽ ( മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് വാങ്ങണം ) നിശ്ചിത മാതൃകയിലുള്ള അപേക്ഷയിലാണ് മെട്രിക്കുലേഷന് മുകളിലുള്ള പഠനത്തിന് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്.

പ്രസ്തുത അപേക്ഷയിൽ അപേക്ഷകൻ, അപേക്ഷകന്റെ രക്ഷകർത്താവ്,പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി എന്നിവരുടെ ഭാഗങ്ങൾ കൃത്യമായും വ്യക്തമായും പൂരിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. Form No. 4 പൂരിപ്പിച്ചത്

2. അപേക്ഷ ഓൺലൈനിൽ സമർപ്പിച്ചതിന്റെ പ്രിന്റൗട്ട്

3. 10 ആം ക്ലാസ്സ് pass സർട്ടിഫിക്കറ്റ് പകർപ്പ്

4. . . ആധാർ കാർഡ് പകർപ്പ്

5. Bank passbook പകർപ്പ്

6. അഡ്മിഷൻ ലഭിച്ചത് merit quota യിൽ ആണ് എന്ന് തെളിയിക്കുന്നതിന് എൻട്രൻസ് കമ്മീഷണർ / എൽ ബി എസ് സെന്റർ /യൂണിവേഴ്സിറ്റികൾ ഉടങ്ങിയ സ്ഥാപനങ്ങൾ നൽകുന്ന രേഖകൾ (allotment memo )

7. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ ആണെങ്കിൽ അതാത് സ്ഥാപനങ്ങൾക്കുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്,സ്പെഷ്യൽ ഫീസ് നിശ്ചയിച്ചു കൊണ്ടുള്ള ബന്ധപ്പെട്ട ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ ഉത്തരവ്.( അതാത് കോളേജുകളിൽ നിന്ന് ലഭിക്കുന്നതാണ് )

അപേക്ഷ e- grantz 2.0 സോഫ്റ്റ്‌വെയറിലും, ഫിസിക്കൽ കോപ്പി അതാത് കോളേജുകളിലും സമർപ്പിക്കേണ്ടതാണ്. കോളേജ് തലത്തിൽ വെരിഫിക്കേഷനും അപ്രൂവലിനും ശേഷം അപേക്ഷ ജില്ലാ ഫിഷറീസ് ഓഫീസുകളിൽ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ജില്ലാതലത്തിൽ അപ്രൂവ് ചെയ്ത അപേക്ഷകളുടെ സ്കോളർഷിപ്പ് തുക ( ട്യൂഷൻ ഫീ,എക്സാം ഫീ,സ്പെഷ്യൽ ഫീസ് ഹോസ്റ്റൽ ഫീസ്,പ്രൈവറ്റ് അക്കോമഡേഷൻ പോക്കറ്റ് മണി,ലംപ്സം ഗ്രാൻഡ്,stipend,കണ്ടിജൻ്റ് ഗ്രാന്റ്, ഫെല്ലോഷിപ് എന്നിവയിൽ അനുവദനീയമായവ ) കി.കടുങ്ങല്ലൂർ ഫിഷറീസ് ജോയിന്റ് ഡയറക്ടർ(ട്രെയിനിങ് )ഓഫീസിൽ നിന്നും അനുവദിക്കുന്നു.

## 3.2 കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്നവ

### 3.2.1 എസ്എസ്എൽസി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ്അവാർഡ്

വിദ്യാഭ്യാസപുരോഗതി നേടുന്നതിന് മത്സ്യത്തൊഴിലാളികളുടെയും/അനുബന്ധതൊഴിലാളികളുടെയും മക്കളായ വിദ്യാർത്ഥികൾക്ക്മക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനാണ് ഈ പദ്ധതി.

പദ്ധതി പ്രകാരം ലഭിക്കുന്ന ധനസഹായം താഴെപ്പറയുന്ന പ്രകാരം ആയിരിക്കും.

| | |
|---|---|
| സംസ്ഥാനതലത്തിൽ എല്ലാ വിഷയങ്ങളിലും A+നേടുന്നവർക്ക് | 5000/- |
| സംസ്ഥാനതലത്തിൽ 9 വിഷയങ്ങളിൽ A+ നേടുന്നവർക്ക് | 4000/- |
| സംസ്ഥാനതലത്തിൽ 8 വിഷയങ്ങളിൽ A+ നേടുന്നവർക്ക് | 3000/- |
| റീജണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്നഗ്രേഡ് ലഭിക്കുന്ന ഓരോ സ്കൂളിലെയും മൂന്ന് വിദ്യാർത്ഥികൾക്കുവീതം | 3000/- |

## നിബന്ധനകൾ

- മത്സ്യ ബോർഡിന്റെ സജീവ അംഗത്വം ഉള്ളവരുടെ മക്കൾക്കു മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുള്ളൂ.
- എസ്എസ്എൽസി പരീക്ഷയ്ക്ക് എട്ടു വിഷയങ്ങളിലും എ + ഗ്രേഡ് ലഭിക്കാത്ത വിദ്യാർത്ഥികളെ അവാർഡിനായി പരിഗണിക്കുന്നതല്ല.

## അപേക്ഷ സമർപ്പിക്കേണ്ട വിധം

- ➢ ഓരോ വർഷവും എസ്എസ്എൽസി പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചാലുടനെ തന്നെ കമ്മീഷണർ ഈ പദ്ധതി സംബന്ധിച്ച് ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്
- ➢ അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ നേരിട്ടോ രക്ഷിതാവ് മുഖേനയോ നിശ്ചിത തീയതിക്കകം അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസർക്ക് സമർപ്പിക്കണം.
- ➢ സമയപരിധിക്ക്ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.
- ➢ അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കിയാൽ മതിയാകും.
- ➢ വിദ്യാർത്ഥിയുടെയും രക്ഷാകർത്താവിന്റെയും പേരും മേൽവിലാസവും വിദ്യാർത്ഥിയുടെ വയസ്സ്, പഠിച്ച സ്കൂൾ, എസ്എസ്എൽസി പരീക്ഷക്ക് ലഭിച്ച ഗ്രേഡ്, രക്ഷിതാവിന്റെ മത്സ്യ ബോർഡ് അംഗത്വ നമ്പർ, മത്സ്യഗ്രാമം, പണം അടവ് വിവരങ്ങൾ തുടങ്ങിയവ അപേക്ഷയിൽ ഉണ്ടായിരിക്കണം.

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. വിദ്യാർത്ഥിയുടെ വയസ്സും ഗ്രേഡും തെളിയിക്കുന്നതിനായിഎസ്എസ്എൽസി സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ് (ഗസറ്റഡ്ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത് )

2. മത്സ്യ ബോർഡ് പാസ്സുക്കിന്റെ ശരി പകർപ്പ് (ഫിഷറീസ്ഓഫീസർ സാക്ഷ്യപ്പെടുത്തിയത് )

## 3.2.2 ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. ഹയർസെക്കൻഡറി (പ്ലസ്ടു) വൊക്കേഷണൽ ഹയർസെക്കൻഡറി പരീക്ഷകളിൽ എല്ലാവിഷയങ്ങൾക്കും എ+ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 5000/- രൂപവീതം ഈ പദ്ധതി പ്രകാരമുള്ള പ്രോത്സാഹന ധനസഹായം നൽകിവരുന്നു.

## അർഹതയും അപേക്ഷിക്കേണ്ട വിധവും

- മത്സ്യ ബോർഡിൽ സജീവ അംഗത്വം ഉള്ളവരുടെ മക്കൾക്കു മാത്രമേ ഈപദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതഉണ്ടായിരിക്കുകയുള്ളൂ.
- ഓരോ അധ്യായനവർഷത്തിലും നടത്തുന്ന അവസാനവർഷ പരീക്ഷയിൽ പ്രഥമ അവസരത്തിൽ തന്നെ ജയിക്കുന്നവിദ്യാർത്ഥികളുടെ അപേക്ഷകൾ മാത്രമേപരിഗണിക്കുകയുള്ളൂ.

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. അവസാനവർഷ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ശരി പകർപ്പ്

2. വയസ്സ് തെളിയിക്കുന്ന എസ്എസ്എൽസി ബുക്കിന്റെ ശരി പകർപ്പ്

3. രക്ഷിതാവ് മത്സ്യത്തൊഴിലാളി ആണെന്ന് തെളിയിക്കുന്നതിനുള്ള

സർട്ടിഫിക്കറ്റിന്റെ ശരി പകർപ്പ്

4. വിഹിതം കുടിശ്ശികയില്ലാതെ അടച്ചിട്ടുണ്ടെന്നതിനുള്ള ഫിഷറീസ്

ഓഫീസറുടെ സർട്ടിഫിക്കറ്റും പാസ് ബുക്കിലെ ബന്ധപ്പെട്ടപേജിന്റെഫോട്ടോസ്റ്റാറ്റ് കോപ്പിയും

5.അവസാനം പഠിച്ച കോളേജ് പ്രിൻസിപ്പലിൽ നിന്നും ലഭിച്ച സ്വഭാവസർട്ടിഫിക്കറ്റ് ശരി പകർപ്പ്

## 3.2.3 കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹനപദ്ധതി

മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികളുടെ മക്കളിൽ കായികമത്സരങ്ങളിൽ ദേശീയതലത്തിലും, സംസ്ഥാനതലത്തിലും, ഗ്രൂപ്പ് അടിസ്ഥാനത്തിലും വിജയം കൈവരിക്കുന്നവർക്ക് ക്യാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും മൊമെന്റോയും നൽകുന്നു.

### എ ) വ്യക്തിഗത **അടിസ്ഥാനത്തിൽ ദേശീയതലത്തിൽ**

ഒന്നാം സ്ഥാനം നേടുന്നവർക്ക്- 10,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക്- 8,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക്- 5,000/- രൂപ

സംസ്ഥാനത്തെപ്രതിനിധീകരിക്കുന്നവർക്ക്- 5,000/- രൂപ

### ബി ) ഗ്രൂപ്പ് അടിസ്ഥാനത്തിൽ ദേശീയതലത്തിൽ

ഒന്നാം സ്ഥാനം നേടുന്നവർക്ക്- 8,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക്- 5,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക്- 3,000/- രൂപ

### സി ) വ്യക്തിഗത അടിസ്ഥാനത്തിൽസംസ്ഥാനതലത്തിൽ

ഒന്നാം സ്ഥാനം നേടുന്നവർക്ക്- 5,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക്- 3,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക്- 2,000/- രൂപ

## ഡി ) ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ

ഒന്നാം സ്ഥാനം നേടുന്നവർക്ക്- 3,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക്- 2,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക്- 1,000/- രൂപ

### അപേക്ഷ സമർപ്പിക്കേണ്ട വിധം

- മത്സ്യ ബോർഡിന്റെ സജീവ അംഗത്വം ഉള്ളവരുടെ മക്കൾക്കു മാത്രമേഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുള്ളൂ.
- ഇതുസംബന്ധിച്ച് ബോർഡിന്റെ കമ്മീഷണർ പുറപ്പെടുവിക്കുന്ന വിജ്ഞാപനംഅനുസരിച്ച് നിശ്ചിത സമയത്തിനകം അപേക്ഷകൾ വെള്ളക്കടലാസിൽതയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം.
- സമയപരിധിക്ക്ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

### അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. രക്ഷിതാവിന്റെ മത്സ്യ ബോർഡ് പാസ്സ്ബുക്കിന്റെ ശരി പകർപ്പ്.
2. വിജയം കൈവരിച്ച മത്സര സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫിഷറീസ്ഓഫീസർ സാക്ഷ്യപ്പെടുത്തിയത്

## IV ഭവനനിർമ്മാണ പദ്ധതികൾ

### 4.1 വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നവ

## 4.1.1 പുനർഗേഹം പദ്ധതി

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റി സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് പുനർഗേഹം.

പദ്ധതി പ്രകാരം മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ച കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നു. രൂക്ഷമായ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന കുടുംബങ്ങൾക്ക് മുന്തിയ പരിഗണന നൽകി ഫ്ളാറ്റുകളിൽ പുനരധിവസിപ്പിക്കും. പുനർഗേഹം പദ്ധതി പ്രകാരം തീരദേശത്ത് നിന്ന് മത്സ്യതൊഴിലാളി കുടുംബങ്ങളെ നിർബന്ധിതമായി മാറ്റി പാർപ്പിക്കുവാൻ സർക്കാർ ശ്രമിക്കില്ലെന്ന് മാത്രമല്ല നിലവിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം അവരിൽ തന്നെ നിലനിർത്തുന്നതുമാണ്. പ്രസ്തുത ഭൂമിയിൽ കൃഷി അടക്കമുള്ള എല്ലാ പ്രവർത്തനങ്ങൾക്കും അനുമതി ഉണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ല.

### ലക്ഷ്യങ്ങൾ

- തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുക.
- തീരത്ത് ഹരിത കവചമുൾപ്പെടെയുള്ള ബഫർ സോൺ ഒരുക്കുക.

### ആർക്കൊക്കെ പദ്ധതിയിൽ അംഗമാകാം

- കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളും പദ്ധതി ഗുണഭോക്താക്കൾ ആണ്.

- എന്നാൽ വെവ്വേറെ റേഷൻ കാർഡുള്ളവരും ഒരേ വീട്ടിൽ താമസിക്കുന്നവരേയും ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നവരായാലും സ്വന്തമായി വീടില്ലാത്തതുകൊണ്ട് മാത്രം മാതാപിതാക്കളോടൊപ്പമോ അല്ലാതെയോ താമസിക്കുന്നവരേയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് ധനസഹായം അനുവദിക്കുന്നതാണ്. ആദ്യ പരിഗണന ഭൂമിയുടേയും വീടിൻ്റേയും ഉടമയ്ക്കായിരിക്കും എന്ന് മാത്രം.

- തുടർച്ചയായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്കായിരിക്കും മുൻഗണന.

## പദ്ധതി ഘടകങ്ങൾ

- ഗുണഭോക്താവ് സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി ഭവന നിർമ്മാണം.

- സർക്കാർ ഭൂമി/സ്വകാര്യ ഭൂമി ഏറ്റെടുത്ത് സർക്കാർ ചെലവിൽ കെട്ടിട സമുച്ചയം നിർമ്മിച്ച് പുനരധിവാസം.

- ഗുണഭോക്താക്കൾ ചേർന്ന് റസിഡന്റ് ഗ്രൂപ്പുകൾ രൂപീകരിച്ച് ചെറു ഫ്ളാറ്റുകൾ നിർമ്മിച്ച് പുനരധിവാസം.

- ഗുണഭോക്താവ് സ്വന്തം നിലയിൽ ഭൂമിയും വീടും ഒരുമിച്ച് വാങ്ങി പുനരധിവാസം.

## ഗുണഭോക്തൃ തെരഞ്ഞെടുപ്പ് :ആവശ്യമായ രേഖകൾ

- അപേക്ഷകന് തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ സ്വന്തമായി വീട് ഉണ്ടായിരിക്കണം.

- ഗുണഭോക്താവ് അവരുടെ ഭൂമി പരിത്യജിക്കേണ്ടതും പിൽക്കാലത്ത് പ്രസ്തുത സ്ഥലത്ത് യാതൊരു വിധ നിർമ്മാണ പ്രവർത്തനവും നടത്തുകയില്ല എന്ന് ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.

- ഫിഷറീസ് വകുപ്പ് 2018-19-ൽ സർവ്വേ നടത്തി കണ്ടെത്തിയ ഗുണഭോക്താക്കളിൽ 50 മീറ്ററിനുള്ളിൽ നിന്നും മാറിത്താമസിക്കാമെന്ന് സമ്മതം അറിയിച്ചിട്ടുള്ളവരെ ഒന്നാം ഘട്ടത്തിലും ബാക്കിയുള്ളവരെ രണ്ടും മൂന്നും ഘട്ടങ്ങളിലുമായി പരിഗണിക്കുന്നതാണ്.

- മത്സ്യത്തൊഴിലാളി/ അനുബന്ധ മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളി പെൻഷണർ എന്നിവർ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ് ബുക്ക്/ ആധാർ കാർഡ്/ റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

- SC/ST ഗുണഭോക്താക്കൾ ബന്ധപ്പെട്ട സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

- ഇതര വിഭാഗത്തിലുൾപ്പെട്ട ഗുണഭോക്താക്കൾ ആധാർകാർഡ് / റേഷൻകാർഡിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്

- അപേക്ഷകനോ/പങ്കാളിയോ 50 മീറ്ററിനുള്ളിൽ അല്ലാതെ ഭൂമിയില്ലെന്ന് നോട്ടറി പബ്ളിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്.

- അപേക്ഷകൻ സ്വന്തമായി ഭൂമി കണ്ടെത്തുന്ന പക്ഷം കോർപ്പറേഷൻ/ മുനിസിപാലിറ്റി പ്രദേശങ്ങളിൽ കുറഞ്ഞത് 2 സെന്റും പഞ്ചായത്ത് പ്രദേശങ്ങളിൽ 3 സെന്റും ഭൂമി കണ്ടെത്തേണ്ടതാണ്. ഇപ്രകാരം കണ്ടെത്തുന്ന ഭൂമി CRZ-ൽ ഉൾപ്പെടുന്നതാണെങ്കിൽ കെട്ടിട നിർമ്മാണത്തിന് അനുവദനീയമായ സ്ഥലത്തായിരിക്കണം.

- അപേക്ഷകൻ സർക്കാരിന്റെ മറ്റിതര പുനരധിവാസ പദ്ധതികളിൽ നിന്നും ഭൂമിയും വീടും ലഭിച്ചവരായിരിക്കരുത്.

- ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ചുമാറ്റേണ്ടതും വസ്തു റിലിങ്കിഷ് ചെയ്യേണ്ടതുമാണ്. എന്നാൽ അഞ്ച് സെന്റിന് മുകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ടി സ്ഥലം ഉപയോഗിക്കാവുന്നതാണ്. ടി സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ അനുവദിക്കുന്നതല്ല.

- ഗുണഭോക്താക്കൾ റിലിങ്കിഷ് ചെയ്ത ഭൂമിയിൽ അനുയോജ്യമായ മരങ്ങൾ വച്ച് പിടിപ്പിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ഹരിത കവചമാക്കി നിലനിർത്തുന്നതാണ്.

- വേലിയേറ്റ രേഖയിൽ നിന്നും അൻപത് മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ട് മാറി താമസിക്കുവാൻ വിസമ്മതിക്കുന്നവർക്ക് തുടർന്ന് കടൽക്ഷോഭം മൂലം ഭൂമിയ്ക്കും വീടിനും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് യാതൊരുവിധ സർക്കാർ ധനസഹായത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല.

**പദ്ധതി ധനസഹായം**

- പരമാവധി 10 ലക്ഷം രൂപ.
    - ➢ ഭൂമി വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ
    - ➢ ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ

എന്നാൽ ഭൂമി വില 6 ലക്ഷം രൂപയിൽ താഴ്ന്ന കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയിൽ ശേഷിക്കുന്ന തുക കൂടി ഭവന നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുവാൻ കഴിയും. ഭൂമിയുടെ രജിസ്ട്രേഷൻ ചെലവ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ സർക്കാർ വഹിക്കും.

പദ്ധതി സഹായമായ 10 ലക്ഷം രൂപ നൽകൽ

**പദ്ധതി നിർവ്വഹണത്തിനായുള്ള ധനസഹായം ജില്ലാതല മോണിട്ടറിംഗ് കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായി 4 ഘട്ടങ്ങളിലായാണ് നൽകുന്നത്**

| | | |
|---|---|---|
| ഘട്ടം 1 | ഭൂമി വാങ്ങൽ | അസൽ ആധാരത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയുടെ വില + രജിസ്ട്രേഷൻ ഫീസ്, സ്റ്റാംപ് ഡ്യൂട്ടി, എഴുത്തുകൂലി എന്നിവ ഉൾപ്പെടെ 6 ലക്ഷത്തിൽ അധികരിക്കാത്ത തുക |
| ഘട്ടം 2 | ഭവന നിർമ്മാണം | ഭൂമിയുടെ വില അനുവദിച്ച ശേഷം ബാക്കിയുള്ള തുകയുടെ 40% |
| ഘട്ടം 3 | ഭവന നിർമ്മാണം | ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങിയതിനു ശേഷമുള്ള പദ്ധതി വിഹിതത്തിൻറെ 40% |
| ഘട്ടം 4 | ഭവന നിർമ്മാണം | ഭവന നിർമ്മാണം പൂർത്തികരിച്ച് വാസയോഗ്യമാക്കുന്ന മുറയ്ക്ക് ബാക്ക് 20% |

**അപ്പീൽ**

ഗുണഭോക്തൃലിസ്റ്റ് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ അതാത് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്

## 4.1.2 മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (എഫ് എച്ച്ഡിഎഫ്)

**മത്സ്യത്തൊഴിലാളികോളനിയിലെ വാസയോഗ്യമല്ലാത്ത വീടുകളുടെ പുനർനിർമ്മാണം**

## അർഹത മാനദണ്ഡം

1. മത്സ്യത്തൊഴിലാളി കോളനിയിലെ താമസക്കാരൻ ആയിരിക്കണം

2. കോളനി നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിന് പുറത്തും സി ആർ സെഡ് നോട്ടിഫിക്കേഷൻ പ്രകാരം നിർമ്മാണത്തിന് അനുവദനീയമായ മേഖലയിലും ആയിരിക്കണം

3. ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും FIMS-ID നമ്പറുള്ള വ്യക്തിയുമായിരിക്കണം പെൻഷൻ ആയവരെയും പരിഗണിക്കും

4. ഗുണഭോക്താവിന് വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഉണ്ടായിരിക്കണം

5. ലൈഫ് ഭവനപദ്ധതി വഴിയോ സർക്കാരിന്റെ മറ്റേതെങ്കിലും പദ്ധതി(പുനർനിർമ്മാണ പദ്ധതി /പുനരുദ്ധാരണ പദ്ധതി) വഴിയോ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ആനുകൂല്യം ലഭിച്ചവരെ പരിഗണിക്കുവാൻ പാടില്ല ഇരട്ട വീടുകൾക്ക് മുൻഗണന നൽകുന്നതായിരിക്കും

## മുൻഗണന മാനദണ്ഡം

മത്സ്യത്തൊഴിലാളി വിധവ / ഉപേക്ഷിക്കപ്പെട്ടവർ മാരകരോഗങ്ങൾ (കരൾ, വൃക്ക, കാൻസർ) പിടിപെട്ട് ചികിത്സയിലുള്ള അംഗങ്ങൾ ഉള്ള കുടുംബം

കടൽ അപകടങ്ങളിൽ കുടുംബനാഥൻ നഷ്ടപ്പെട്ട കുടുംബം

ബുദ്ധിമാന്ദ്യം സംഭവിച്ച അംഗങ്ങളും കുട്ടികളും ഉൾപ്പെടുന്ന കുടുംബം

ഉന്നത വിദ്യാഭ്യാസത്തിന് പഠിക്കുന്ന മക്കൾ ഉൾപ്പെടുന്ന കുടുംബം(ഡിഗ്രി മുതൽ)

ഒന്നിലധികം കുടുംബം ഉൾപ്പെടുന്ന കൂട്ടുകുടുംബം

ശാരീരിക വെല്ലുവിളികൾ നേരിടുന്ന മത്സ്യത്തൊഴിലാളികൾ ഉള്ള കുടുംബം

അവിവാഹിതരായ പെൺമക്കൾ ഉൾപ്പെടുന്ന കുടുംബം 65 വയസ്സിനു മുകളിൽ പ്രായമുള്ളവർ ഉൾപ്പെടുന്ന കുടുംബം

100% വാസയോഗ്യമല്ലാത്ത ഭവനം

## ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

മത്സ്യഭവൻ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിക്കുന്നു. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു കരട് പട്ടിക മത്സ്യ ഭവനിലും മത്സ്യ ഭവൻ പരിധിയിലുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിലും പ്രസിദ്ധപ്പെടുത്തുന്നു. പട്ടികയിലെ പരാതികൾ നൽകാൻ അഞ്ചുദിവസം സമയം നൽകി അവസരം കൊടുക്കുന്നു. അപ്പീൽ ജില്ലയിലെ അസിസ്റ്റൻറ് ഡയറക്ടർ തലത്തിലുള്ള ഉദ്യോഗസ്ഥൻ പരിഗണിക്കുന്നു. ഓരോ ജില്ലയിലും അനുവദിച്ച ടാർജറ്റിനേക്കാൾ കൂടുതലാണ് അർഹമായ ഗുണഭോക്താക്കൾ എങ്കിൽ നറുക്കെടുപ്പിലൂടെ ആണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത്. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് പട്ടികയിലെ മുൻഗണനാക്രമത്തിൽ ആനുകൂല്യങ്ങൾ നൽകുന്നു.

## 4.1.3 ലൈഫ് ഭവനപദ്ധതി

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നു. ഭൂമിയുളള ഭവന രഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവന നിർമ്മാണം, വാസയോഗ്യമല്ലാത്ത ഭവനം ഉളളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ താൽക്കാലിക ഭവനമുളളവർ തുടങ്ങിയവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

## തെരഞ്ഞെടുപ്പ്

2011 ൽ കേന്ദ്ര സർക്കാർ നടത്തിയ സാമൂഹിക സാമ്പത്തിക ജാതി സർവ്വേ അടിസ്ഥാനമാക്കി ഭവന രഹിതർ എന്ന് കണ്ടെത്തിയവരെ ഗുണഭോക്താക്കളായി നിർണ്ണയിക്കും. സർവ്വേയിൽ നിന്നും കണ്ടെത്തിയ വിവരങ്ങൾ പരിശോധിച്ച് അർഹതയില്ലാത്തവർ പട്ടികയിൽ ഇല്ല എന്ന് ഉറപ്പ് വരുത്തി

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പട്ടിക ക്രോഡീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിക്കുന്നു. ആക്ഷേപങ്ങൾ ജില്ലാതല സമിതി പരിശോധിച്ച് അന്തിമ പട്ടിക എല്ലാ വർഷവും മാർച്ച് 31- ന് മുൻപായി പ്രസിദ്ധീകരിക്കും. ഓരോ ഘട്ടത്തിലും പുതുതായി ചേർക്കുന്നവരുടെയും ഒഴിവാക്കുന്നവരുടെയും പട്ടിക പ്രത്യേകമായി പ്രസിദ്ധീകരിക്കും.

**മുൻഗണനാ ക്രമം**

- ❖ മാനസിക വെല്ലുവിളി നേരിടുന്നവർ/ അന്ധർ/ ശാരീരിക തളർച്ച സംഭവിച്ചവർ
- ❖ അഗതികൾ
- ❖ അംഗവൈകല്യമുള്ളവർ
- ❖ ഭിന്നലിംഗക്കാർ
- ❖ ഗുരുതര / മാരകരോഗമുള്ളവർ
- ❖ അവിവാഹിതരായ അമ്മമാർ
- ❖ രോഗം/ അപകടത്തിൽപെട്ട് ജോലി ചെയ്യാൻ പ്രാപ്തിയില്ലാത്തവർ
- ❖ വിധവകൾ എന്നിവർക്കാണ് മുൻഗണന

## V മത്സ്യകൃഷി പ്രോത്സാഹന പദ്ധതികൾ

### 5.1 വകുപ്പ് വഴി നടപ്പിലാക്കുന്നവ

വൈവിധ്യമാർന്ന ജലാശയങ്ങളാൽ സമ്പന്നമായ കേരളത്തിൽ ഇവയുടെ സാധ്യതകളും സവിശേഷതകളും പൂർണ തോതിൽ പ്രയോജനപ്പെടുത്തി ഉൾനാടൻ മത്സ്യോത്പാദനം വർധിപ്പിക്കുന്നതിന്മത്സ്യകൃഷി മേഖലയുടെ വിവിധങ്ങളായ ആവശ്യങ്ങൾ കണ്ടെത്തിവിവിധ ഘടക പദ്ധതികളിലൂടെ നടപ്പാക്കുന്നു.

### 5.1.1 ജനകീയ മത്സ്യ കൃഷി പദ്ധതികൾ

മത്സ്യകൃഷി പൂർണമായും ശാസ്ത്രീയമാക്കുക, സ്ഥലപര മത്സ്യകൃഷി വികസനം സാധ്യമാക്കുക, അനുയോജ്യമായ എല്ലാജലാശയങ്ങളിലും മത്സ്യകൃഷി നടപ്പാക്കുകയും മത്സ്യ ഉല്പാദനവുംഉല്പാദന ക്ഷമതയും വർധിപ്പിക്കുക , ആഭ്യന്തര വിപണിയിൽഗുണമേന്മ ഉള്ള മത്സ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക, സുസ്ഥിരമത്സ്യ കൃഷിയിലൂടെ മത്സ്യകർഷകരുടെ സാമൂഹിക സാമ്പത്തികഉന്നമനം സാധ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന പദ്ധതി

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | കുറഞ്ഞ വിസ്തൃതി | നിക്ഷേപ സാന്ദ്രത | സബ്സിഡി |
|---|---|---|---|---|
| 1 | തിലാപ്പിയ /പാക്കു മത്സ്യ കൃഷി | 50 സെൻറ് | 30000 എണ്ണം/ ഹെക്ടർ | വിത്തിന്റെ 70% |
| 2 | ആസാം വാള മത്സ്യ കൃഷി | 10 സെൻറ് | 30000എണ്ണം/ ഹെക്ടർ | വിത്തിന്റെ 70% |

| | | | | |
|---|---|---|---|---|
| 3 | വരാൽ മത്സ്യ കൃഷി | 10 സെൻറ് | 15000എണ്ണം/ ഹെക്ടർ | വിത്തിന്റെ 70% |
| 4 | അനബാസ്/ മറ്റു തനതു മത്സ്യങ്ങളുടെ കൃഷി | 10 സെൻറ് | 30000എണ്ണം/ ഹെക്ടർ | വിത്തിന്റെ 100% |
| 5 | കാർപ്പ് മത്സ്യ കൃഷി | 10 സെൻറ് | 7500എണ്ണം/ ഹെക്ടർ | വിത്തിന്റെ 100% |
| 6 | ഒരു നെല്ലും മീനും | 10 സെൻറ് | 30000എണ്ണം/ | വിത്തിന്റെ 100% |
| 7 | പടുത കുളങ്ങളിലെ ആസാം വാള കൃഷി | 100 ക്യൂബിക് മീറ്റർ | 10എണ്ണം/ക്യൂബിക് മീറ്റർ | വിത്തിന്റെ 70%+ തീറ്റ ചെലവിന്റെ 40 % |
| 8 | പടുത കുളങ്ങളിലെ വരാൽ കൃഷി | 100 ക്യൂബിക് മീറ്റർ | 10എണ്ണം/ക്യൂബിക് മീറ്റർ | വിത്തിന്റെ 70%+ തീറ്റ ചെലവിന്റെ 40 % |
| 9 | പടുത കുളങ്ങളിലെ അനബാസ്/ മറ്റു തനതു മത്സ്യങ്ങളുടെ കൃഷി | 100 ക്യൂബിക് മീറ്റർ | 50എണ്ണം/ക്യൂബിക് മീറ്റർ | വിത്തിന്റെ 70%+ തീറ്റ ചെലവിന്റെ 40 % |
| 10 | RAS ലെ അനബാസ് കൃഷി | 40 ക്യൂബിക് മീറ്റർ | 150എണ്ണം/ക്യൂബിക് മീറ്റർ | വിത്തിന്റെ 70%+ തീറ്റ ചെലവിന്റെ 40 % |
| 11 | RAS ലെ വരാൽ കൃഷി | 40 ക്യൂബിക് മീറ്റർ | 80എണ്ണം/ക്യൂബിക് മീറ്റർ | വിത്തിന്റെ 70%+ തീറ്റ ചെലവിന്റെ 40 % |
| 12 | ബയോഫ്ളോക് ലെ അനബാസ്/വരാൽ/ആസാം വാള കൃഷി | 20 ക്യൂബിക് മീറ്റർ | 50 എണ്ണം/ക്യൂബിക് മീറ്റർ | വിത്തിന്റെ 70%+ തീറ്റ ചെലവിന്റെ 40 % |
| 13 | ബയോഫ്ളോക് ലെ വനാമി കൃഷി | 50 ക്യൂബിക് മീറ്റർ | 400 എണ്ണം/ക്യൂബിക് മീറ്റർ | വിത്തിന്റെ 70%+ തീറ്റ ചെലവിന്റെ 40 % |
| 14 | കുളങ്ങളിലെ പൂമീൻ/ തിരുത കൃഷി | 10 സെൻറ് | 10000എണ്ണം/ ഹെക്ടർ | വിത്തിന്റെ 70%+ തീറ്റ ചെലവിന്റെ 40 %(bund construction-1.38 lakh) |
| 15 | കുളങ്ങളിലെ കരിമീൻ കൃഷി | 10 സെൻറ് | 10000എണ്ണം/ഹെക്ടർ | വിത്തിന്റെ 70%+ തീറ്റ ചെലവിന്റെ 40 %(bund construction-1.38 lakh) |
| 16 | കുളങ്ങളിലെ ചെമ്മീൻ കൃഷി | 50 സെൻറ് | 10000എണ്ണം/ ഹെക്ടർ | വിത്തിന്റെ 70%+ തീറ്റ ചെലവിന്റെ 40 %(bund construction-1.38 lakh) |
| 17 | കുളങ്ങളിലെ വനാമി | 50 സെൻറ് | 10000c | വിത്തിന്റെ |

| | | | | |
|---|---|---|---|---|
| | കൃഷി | | | 70%+ തീറ്റ ചെലവിന്റെ 40 %(bund construction–1.38 lakh) |
| 18 | ഞണ്ടു കൃഷി | 50 സെൻറ് | 7200എണ്ണം/ ഹെക്ടർ | വിത്തിന്റെ 70%+ തീറ്റ ചെലവിന്റെ 40 %(bund construction–1.38 lakh) |
| 19 | ശുദ്ധ ജല കൂട്ട കൃഷി | 60 ക്യൂബിക് മീറ്റർ | 40 എണ്ണം/ക്യൂബിക് മീറ്റർ | വിത്തിന്റെ 70%+ തീറ്റ ചെലവിന്റെ 40 % |
| 20 | ഓരു ജല കൂട്ട കൃഷി | 60 ക്യൂബിക് മീറ്റർ | 40 എണ്ണം/ക്യൂബിക് മീറ്റർ | വിത്തിന്റെ 70%+ തീറ്റ ചെലവിന്റെ 40 % |
| 21 | മസ്സൽ കൃഷി | 5mx 5m | 200 kg | പ്രവർത്തന ചെലവിന്റെ 20 % |
| 22 | ഓയിസ്റ്റർ കൃഷി | 7 mx 7 m | 3750 | പ്രവർത്തന ചെലവിന്റെ 20 % |
| 23 | പെൻ യൂണിറ്റുകളിലെ മത്സ്യ കൃഷി | 20m x10m | 10–15 എണ്ണം/ചതു.മീറ്റർ | 60 % യൂണിറ്റ് ചെലവിന്റെ (1.75 lakh) |
| 24 | എംബാങ്ക്മെൻറ് മത്സ്യ കൃഷി | | 10000എണ്ണം/ ഹെക്ടർ | 60 % യൂണിറ്റ് ചെലവിന്റെ (13.5 lakh) |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് (സാമ്പത്തിക വിശകലനം) | അടിസ്ഥാന സൗകര്യ വികസന ചെലവ് | പ്രവർത്തന ചെലവ് | യൂണിറ്റ് ചെലവ് |
|---|---|---|---|---|
| 1 | ശുദ്ധജല മത്സ്യങ്ങളുടെ അർദ്ധ ഊർജ്ജിത കൃഷി | 3 lakh (Bund, birdnet, aeration,cctv ,nets etc | 3.6 lakh (seed, feed, fuel, electricity etc) | 6.6 Lakh |
| 2 | ഓരു ജല മത്സ്യങ്ങളുടെ അർദ്ധ ഊർജ്ജിത കൃഷി | 3 lakh (Bund, birdnet, aeration,cctv ,nets etc | 3.6 lakh (seed, feed, fuel, electricity etc) | 6.6 Lakh |
| 3 | ചെമ്മീൻ കൃഷി | 3 lakh (Bund, birdnet, aeration,cctv ,nets etc | 3.6 lakh (seed, feed, fuel, electricity etc) | 6.6 Lakh |
| 4 | പടുത കുളങ്ങളിലെ മത്സ്യ കൃഷി | 0.74 lakh (pond construction, lining, pump, birdnet | 0.49 lakh (seed, feed, medicines) | 1.23 lakh |
| 5 | ബയോഫ്ളോക് 160 m3 | 5.5 lakh (Tank construction, pump, blower, generator,roofing,cctv etc) | 2.0 lakh (seed, feed, fuel, electricity, medicine,etc) | 7.5 Lakh |

| | | | | |
|---|---|---|---|---|
| 6 | റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS) 100m3 | 4.7 lakh (tank+veg bed,filtration,pump, generator, blowers,cctv) | 2.8 lakh (seed, feed, fuel, electricity etc) | 7.5 Lakh |
| 7 | കൂട് കൃഷി | 1.84 lakh (cage frame,nets,floating accessories, shed,cctv | 1.56lakh (seed, feed, fuel, electricity etc) | 3.5 Lakh |
| 8 | മസ്സൽ / ഓയിസ്റ്റർ കൃഷി | 0.15 lakh (Bamboo poles, seeds,ropes | | 0.15 akh |

## 5.1.2 പിന്നാമ്പുറ വിത്തുല്പാദന യൂണിറ്റ് പദ്ധതികൾ

തനതു മത്സ്യ ഇനങ്ങളുടെ വിത്തുല്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യകർഷകർക്കു ആവശ്യമായ മത്സ്യവിത്തിന്റെ സമയബന്ധിത ലഭ്യത ഉറപ്പു വരുത്തുന്നതിനും തനതു മത്സ്യ വിത്തുല്പാദനത്തിൽ സുസ്ഥിരത കൈവരിക്കുന്നതിനുമായി വരാൽ, കരിമീൻ എന്നീ തനതു മത്സ്യങ്ങളുടെ പിന്നാമ്പുറ വിത്തുല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

| SL no | Schemes | കുറഞ്ഞ വിസ്തൃതി | യൂണിറ്റ് ചെലവ് | ആനുകൂല്യം ആദ്യവർഷം (40%) | രണ്ടാം വർഷം (പ്രവർത്തന ചെലവിന്റെ 20%) | മൂന്നാം വർഷം (പ്രവർത്തന ചെലവിന്റെ 10%) |
|---|---|---|---|---|---|---|
| 1 | വരാൽ വിത്തുല്പാദന യൂണിറ്റ് | 35 സെൻറ് | 3 lakh (2.16+0.84) | 1.2 lakh | 0.168 lakh | 0.084 lakh |
| 2 | കരിമീൻ വിത്തുല്പാദന യൂണിറ്റ് | 35 സെൻറ് | 3 lakh (2.2+0.8) | 1.2 lakh | 0.16 lakh | 0.08 lakh |

### 5.1.3 പി. എം.എം.എസ്.വൈ പദ്ധതികൾ

മത്സ്യബന്ധന മേഖലയുടെ സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ വികസനത്തിലൂടെ നീല വിപ്ലവം കൊണ്ടുവരുന്നതിനുള്ള ഒരു പദ്ധതി. മത്സ്യത്തൊഴിലാളികളുടെ ക്ഷേമമുൾപ്പെടെ മത്സ്യമേഖലയുടെ സമഗ്ര വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. 2020–21 സാമ്പത്തിക വർഷം മുതൽ 2024–25 സാമ്പത്തിക വർഷം വരെയുള്ള 5 വർഷത്തേക്ക് എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും PMMSY നടപ്പിലാക്കുന്നു.

മത്സ്യ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, ഗുണനിലവാരം മുതൽ സാങ്കേതികവിദ്യ, വിളവെടുപ്പിനു ശേഷമുള്ള അടിസ്ഥാന സൗകര്യങ്ങൾ, വിപണനം എന്നിവ വരെയുള്ള മത്സ്യബന്ധന മൂല്യ ശൃംഖലയിലെ നിർണായക വിടവുകൾ പരിഹരിക്കുന്നതിനാണ് PMMSY രൂപകൽപ്പന ചെയ്തിരിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെയും മത്സ്യ കർഷകരുടെയും സാമൂഹിക-സാമ്പത്തിക ക്ഷേമം ഒരേസമയം ഉറപ്പാക്കുന്നതിനൊപ്പം മൂല്യശൃംഖല നവീകരിക്കാനും ശക്തിപ്പെടുത്താനും ശക്തമായ ഫിഷറീസ് മാനേജ്മെൻറ് ചട്ടക്കൂട് സ്ഥാപിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

| ഇനം | യൂണിറ്റ് വില ലക്ഷത്തിൽ | സബ്സിഡി പരിധി?( ലക്ഷത്തിൽ)<br>പൊതു വിഭാഗം: 40 % പട്ടിക ജാതി /പട്ടിക വർഗ്ഗം/വനിതാ: 60% | |
|---|---|---|---|
| ശുദ്ധ ജല മത്സ്യ ഹാച്ചറികൾ | 25 | 10 | 15 |
| ആറ്റകൊഞ്ച് ഹാച്ചറികൾ | 50 | 20 | 30 |
| റെയറിങ് കുള നിർമ്മാണം | 7 | 2.8 | 4.2 |
| ശുദ്ധ ജല മത്സ്യകൃഷിക്ക് ആവശ്യമായ ഇന്പുട് | 4 | 1.6 | 2.4 |
| ഓരു ജല ഹാച്ചറികൾ | 50 | 20 | 30 |
| ഓരു ജല മത്സ്യ കൃഷി | 14 | 5.6 | 8.4 |
| ഓരു ജല കുളങ്ങളിലെ ബയോഫ്ളോക് മത്സ്യകൃഷി | 18 | 7.2 | 10.8 |
| സീ കേജ് (100–120 m3) | 5 | 2 | 3 |
| ചിപ്പി വളർത്തൽ/കായൽ മുരിങ്ങ വളർത്തൽ | 0.2 | 0.08 | 0.12 |
| പിന്നാമ്പുറ അലങ്കാര മത്സ്യ വളർത്തൽ യൂണിറ്റ് | 3 | 1.2 | 1.8 |
| മീഡിയം അലങ്കാര മത്സ്യ വളർത്തൽ യൂണിറ്റ് | 8 | 3.2 | 4.8 |
| ഇൻറ്റഗ്രേറ്റഡ് അലങ്കാര മത്സ്യ വളർത്തൽ യൂണിറ്റ് | 25 | 10 | 15 |
| ശുദ്ധ ജല അലങ്കാര മത്സ്യ ബ്രൂട് ബാങ്ക് | 100 | 40 | 60 |

| | | | |
|---|---|---|---|
| വലിയ RAS/ബയോഫ്ളോക് മത്സ്യകൃഷി | 50 | 20 | 30 |
| മീഡിയം RAS/ബയോഫ്ളോക് മത്സ്യകൃഷി | 25 | 10 | 15 |
| പിന്നാമ്പുറ RAS/ബയോഫ്ളോക് മത്സ്യകൃഷി | 7.5 | 3 | 4.5 |
| റിസെർവോർ കൂട്ട കൃഷി | 3 | 1.2 | 1.8 |
| പൊതുജലാശയങ്ങളിലെ പെൻ കൃഷി | 3 | 1.2 | 1.8 |

### 5.1.4 ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്തിൻറെ സംയോജിത പരിപാലനം

ജലസ്രോതസ്സുകളുടെ ചുരുങ്ങൽ, ജലമലിനീകരണം, വിവേചനരഹിതമായ മത്സ്യബന്ധന രീതികൾ എന്നിവയും ആവാസവ്യവസ്ഥയുടെ നാശവും പ്രധാന വിഷയങ്ങളാണ്. ജലാശയങ്ങളുടെ ചുരുങ്ങൽ പ്രധാനമായും കൈയേറ്റം, മണ്ണൊലിപ്പ്, നികത്തൽ എന്നിവ മൂലമാണ്. വാട്ടർഷെഡ് അധിഷ്ഠിത ഇടപെടലിലൂടെയും ലൈൻ വകുപ്പുകളുടെ പരിപാലനത്തിലൂടെയും ഇത് നിയന്ത്രിക്കാനാകും. മത്സ്യസമ്പത്തിനെ നശിപ്പിക്കുന്ന പ്രധാന ഘടകം ജലമലിനീകരണമാണ്. അഴിമുഖത്തെ മലിനീകരണം നിരീക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അഭാവം ജലജീവികളുടെ ജീവജാലങ്ങൾക്ക് അപകടമുണ്ടാക്കുന്ന കടുത്ത ഭീഷണിയായി മാറുകയാണ്. നദികളിലും ജലസംഭരണികളിലും വിവേചനരഹിതമായ മത്സ്യബന്ധന സമ്മർദ്ദം അവിടെ നിന്ന് പുറത്തുകടക്കുന്നു. നശീകരണ മത്സ്യബന്ധനം നദികളിലും ജലസംഭരണികളിലും വളരെ സാധാരണമാണ്, ഇത് അപകടസാധ്യതയുള്ള നിരവധി ജീവജാലങ്ങളുടെ വംശനാശത്തിലേക്ക് നയിക്കുന്നു. മത്സ്യങ്ങളുടെ സ്വാഭാവിക റിക്രൂട്ട്മെൻറ് കുറഞ്ഞതിനാൽ, പ്രകൃതിദത്ത ജലത്തിൽ മത്സ്യത്തിൻറെ ലഭ്യതയും ഗണ്യമായി കുറഞ്ഞു. ഇവയെല്ലാം ജലജീവികൾക്ക് കടുത്ത ഭീഷണി ഉയർത്തുന്നു. അതിനാൽ, സംരക്ഷണ നടപടികൾക്ക് മുൻഗണന നൽകണം. കേരളത്തിലെ 8 ജില്ലകളിലെ തിരഞ്ഞെടുത്ത ആവാസവ്യവസ്ഥകളിൽ വിവിധ സംരക്ഷണ നടപടികൾ നടപ്പിലാക്കി, ആവാസവ്യവസ്ഥയുടെ സമീപനത്തിലൂടെ ഉൾനാടൻ ജല ആവാസവ്യവസ്ഥയിൽ സംയോജിത മത്സ്യവിഭവ പരിപാലനം ഈ നിർദ്ദേശം വിഭാവനം ചെയ്യുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 2022 മുതൽ 2025 വരെ 3 വർഷത്തേക്കാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

**ഗുണഭോക്താക്കൾ:** ഉൾനാടൻ ജലാശയങ്ങളിൽ നിന്നും ഉപജീവനം നേടുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികളികളും, അനുബന്ധ തൊഴിലാളികളും.

**ലക്ഷ്യങ്ങൾ**

- ഉൾനാടൻ മത്സ്യസമ്പത്തിൽ സംരക്ഷണവും പരിപാലനവും.

- ഫലപ്രദമായ നിരീക്ഷണം, മത്സ്യ സംരക്ഷിത മേഖലകൾ സ്ഥാപിക്കൽ
- കൃഷി എന്നിവയിലൂടെ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുക.
- ഉൾനാടൻ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി ഒരു മാനേജ്മെന്റ് പദ്ധതി വികസിപ്പിക്കുക.
- ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിരമായ ജീവനോപാധി സുരക്ഷ നൽകുക
- മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക അവസ്ഥ ഉയർത്തുക.
- ജനങ്ങൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുക.

## പദ്ധതി നടപ്പിലാക്കുന്ന ജലസ്രോതസുകൾ

- വാമനപുരം നദിയും അനുബന്ധ ബാക്ക് വാട്ടർ ജലാശയവും – തിരുവനന്തപുരം
- അഷ്ടമുടി കായൽ – കൊല്ലം
- വേമ്പനാട് കായൽ – ആലപ്പുഴ
- വേമ്പനാട് കായൽ – കോട്ടയം
- കരുവന്നൂർ-ചേറ്റുവ ജലാശയം – തൃശ്ശൂർ
- കടലുണ്ടി ജലാശയം – മലപ്പുറം
- കുറ്റ്യാടി നദിയും അനുബന്ധ ബാക്ക് വാട്ടേഴ്സും – കോഴിക്കോട്
- ധർമ്മടം അഞ്ചരക്കണ്ടി ജലാശയം – കണ്ണൂർ

## പദ്ധതിയിലെ ഘടകങ്ങൾ

1. **മത്സ്യ / കക്ക സംരക്ഷിത മേഖലകൾ** –

കരിമീൻ മത്സ്യ/കക്ക സംരക്ഷണത്തിനായി 2 ഹെക്ടർ വീതം

| ക്രമ നമ്പർ | ജലാശയം | മത്സ്യ/ചെമ്മീൻ സംരക്ഷിത മേഖലകളുടെ എണ്ണം |
|---|---|---|
| 1 | വാമനപുരം നദിയും അനുബന്ധ പുഴകളും, തിരുവനന്തപുരം | 3 |
| 2 | അഷ്ടമുടി കായൽ, കൊല്ലം | 8 |
| 3 | വേമ്പനാട് കായൽ, അലപ്പുഴ | 25 |
| 4 | വേമ്പനാട് കായൽ, കോട്ടയം | 12 |
| 5 | കരുവന്നൂർ-ചേറ്റുവ ജലാശയം, തൃശ്ശൂർ | 2 |
| 6 | കടലുണ്ടി ജലാശയം, മലപ്പുറം | 3 |
| 7 | കുറ്റ്യാടി നദിയും അനുബന്ധ ബാക്ക് വാട്ടേഴ്സും, കോഴിക്കോട് | 3 |
| 8 | ധർമ്മടം അഞ്ചരക്കണ്ടി ജലാശയം, കണ്ണൂർ | 3 |
| | **ആകെ** | **59** |

5.1.5 **പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം**

ജലാശയങ്ങളിൽ നശിക്കപ്പെട്ട/നശിപ്പിക്കപ്പെട്ട മത്സ്യസമ്പത്ത് നികത്തുന്നതിനുള്ള ഫലപ്രദമായ ഉപകരണമായി റാഞ്ചിങ്ങിന്റെ ഭാഗമായി വാണിജ്യ പ്രാധാന്യമുള്ള മത്സ്യങ്ങളായ കരിമീൻ, പൂമീൻ, കാർപ്പ്, കണമ്പ്, ചെമ്മീൻ എന്നിവയുടെ വംശവാർദ്ധനവിനായി ജല ആവാസവ്യവസ്ഥകൾ തിരിച്ചറിഞ്ഞു, തിരഞ്ഞെടുത്തവയിൽ ഗുണമേന്മയുള്ള വിത്ത് നിക്ഷേപിക്കുന്നു.

| ക്രമ നമ്പർ | വിശേഷണങ്ങൾ | എണ്ണം (in lakhs) | വില (in Rs.) | ആകെ തുക (in lakhs.) |
|---|---|---|---|---|
| 1 | കാർപ്പ് മത്സ്യകുഞ്ഞുങ്ങൾ | 46 | 0.60 | 27.6 |
| 2 | കരിമീൻ, പൂമീൻ, കണമ്പ്, മറ്റ് ഓരുജല മത്സ്യകുഞ്ഞുങ്ങൾ | 20 | 8.0 | 160.0 |
| 3 | ചെമ്മീൻ വിത്തുകൾ | 96 | 0.40 | 38.4 |
| | **ആകെ** | | | **226.0** |

## സർവൈലൻസ് പ്രോഗ്രാം/കായൽ പട്രോളിങ്

- മത്സ്യങ്ങളുടെ കുറഞ്ഞ നിയമപരമായ വലുപ്പം
- വലയുടെ കുറഞ്ഞ കണ്ണി വലുപ്പം
- മത്സ്യബന്ധനത്തിനുള്ള ബാൻ സീസൺ
- വിഷം ഉപയോഗിക്കുന്നത് പോലുള്ള അനധികൃത മത്സ്യബന്ധന രീതികൾ
- 20 വോൾട്ടിൽ കൂടുതൽ പ്രകാശം
- അനധികൃത മത്സ്യ അഗ്രഗേറ്റുകൾ നീക്കം ചെയ്യൽ
- ഉയർന്ന വേലിയേറ്റ സമയത്ത് മത്സ്യബന്ധന നിരോധനം
- മേഖലകളിൽ നിന്നുള്ള മത്സ്യബന്ധനം നിരോധിക്കൽ

## ബോധവൽക്കരണ പരിപാടികൾ

- മത്സ്യസമ്പത്ത് സംരക്ഷണം
- പിടിക്കപ്പെടുന്ന മത്സ്യത്തിന്റെ ഏറ്റവും കുറഞ്ഞ നിയമപരമായ വലിപ്പ
- ചെറുമത്സ്യങ്ങളെ പിടിക്കുന്നത് ഒഴിവാക്കൽ
- തിരഞ്ഞെടുത്ത മത്സ്യബന്ധന ഉപകരണങ്ങളുടെ ഉപയോഗം
- പ്രകൃതിദത്ത മത്സ്യപ്രജനന മേഖലകളുടെ സംരക്ഷണം
- വിവേചനരഹിതമായ മത്സ്യബന്ധനം
- നിയമവിരുദ്ധ മത്സ്യബന്ധന നിയന്ത്രണ നടപടികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

സംരക്ഷണ നടപടികളെക്കുറിച്ചുള്ള അറിവ്

## 5.2 അഡാക്ക് വഴി നടപ്പിലാക്കുന്നവ

### 5.2.1 ADAK മുഖേന നൽകുന്ന സേവനങ്ങൾ

- സംസ്ഥാനത്തെ അക്വാകൾച്ചറും, അനുബന്ധ പ്രവൃത്തികളും നടപ്പിലാക്കുന്നു
- ഹാച്ചറികൾ , ഫാമുകൾ , ഫീഡ് മിൽ , അക്വേറിയം, അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബുകൾ എന്നിവയുടെ പ്രവർത്തനം
- കർഷകർക്ക് സാങ്കേതികവും സാമ്പത്തികവുമായ സഹായം നല്കുന്നു
- കർഷകർക്കും വിദ്യാർത്ഥികൾക്കും പ്രായോഗികമായ പരിശീലനം നല്കുന്നു.
- വിത്ത്, തീറ്റ എന്നിവയുടെ ഉല്പാദനം, സംഭരവിപണനം

ADAK വെബ് സൈറ്റ് : https://www.adak.kerala.gov.in/

മത്സ്യ വിത്ത്, തീറ്റ, മത്സ്യങ്ങൾ, ടെസ്റ്റിങ് നിരക്കുകൾ എന്നിവയുടെ വിവരങ്ങൾ ADAK വെബ്സൈറ്റിൽ ലഭ്യമാണ്.

| പരിശോധന ഇനം | നിരക്കുകൾ (രൂപ ) |
|---|---|
| KHV (Koi herpesvirus) | 950 |
| SVC (Spring viraemia of carp) | 950 |
| TiLV (Tilapia Lake Virus) | 1050 |
| EUS (Epizootic Ulcerative Disease) | 1050 |
| ISKNV (Infectious Spleen and kidney Necrosis Virus) | 1050 |
| LCDV (Lymphocistis Disease Virus) | 950 |
| WSSV (White spot Syndrome Virus) | 900 |
| MBV (Monodon Baculo virus) | 700 |
| IHHNV (Infectious Hypodermal and Haematopoietic Necrosis Virus) | 800 |
| HPV (Human Papilloma Virus) | 700 |
| Microbiology & Parasitolgy | 525 |

## 5.3 KAVILമുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

### 5.3.1 കാവിൽ മുഖേന നൽകുന്ന സേവനങ്ങൾ

- കാവിൽ Retail outlet, Buyer-Seller Meet -കൾ, ട്രേഡ്ഷോകൾ, കയറ്റുമതി എന്നിവയിലൂടെ വിപണനം സംഘടിപ്പിക്കുന്നു.
- അക്വേറിയം മത്സ്യം, ചെടികൾ, അലങ്കാര മത്സ്യ വിത്തുകൾ, ബ്രൂഡ് ഫിഷുകൾ, അക്വേറിയം ആക്സസറികൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ബിസിനസ് പ്രൊമോഷൻ.
- അക്വാ ഹബ്ബുകളിലെ ഉത്പാദനവും പ്രവർത്തന പരിപാലനവും, ഹോംസ്റ്റഡ് യൂണിറ്റുകളിൽ നിന്നും മറ്റ് ഫാമുകളിൽ നിന്നും വാങ്ങൽ, അലങ്കാര മത്സ്യങ്ങളുടെ കണ്ടീഷനിംഗ്, പാക്കിംഗ്, വിപണനം.
- അലങ്കാര മത്സ്യ ഉൽപ്പാദനത്തിലും വ്യാപാരത്തിലും കർഷകർക്കും സംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം.
- അലങ്കാര മത്സ്യ ഉൽപ്പാദനം, സാമ്പത്തിക സഹായം, ജലജീവികളുടെ ആരോഗ്യം, ഗുണനിലവാരം, വിപണനം എന്നിവയ്ക്കായി ഹോംസ്റ്റേഡ് യൂണിറ്റുകളെ പിന്തുണയ്ക്കുക.
- ബ്രൂഡ് ബാങ്കിൽ നല്ല ഗുണമേന്മയുള്ള മത്സ്യങ്ങളുടെ ഉൽപാദനവും കർഷകർക്ക് വാണിജ്യ വലുപ്പത്തിൽ വളർത്തുന്നതിനോ ബ്രൂഡ് സ്റ്റോക്ക് വികസിപ്പിക്കുന്നതിനോ വിതരണം ചെയ്യുക.
- രോഗനിർണയം, ചികിത്സകൾ, ജലത്തിൻറെ ഗുണനിലവാരം വിശകലനം എന്നിവയിൽ അലങ്കാര മത്സ്യ കർഷകർക്കുള്ള കൺസൾട്ടേഷൻ സേവനങ്ങൾ.
- മത്സ്യകൃഷി, ആഭ്യന്തര വിപണനം എന്നിവയുടെ വികസനത്തിന് ബ്രൂഡ് മത്സ്യങ്ങൾ, മത്സ്യ വിത്തുകൾ, അനുബന്ധ വസ്തുക്കൾ എന്നിവയുടെ ഇറക്കുമതി.
- അക്വേറിയങ്ങളുടെ രൂപകൽപ്പനയും installantion-നും അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക പിന്തുണയും.
- അക്വാ ഹബ്ബുകളുടെ സൗകര്യങ്ങൾ സംരംഭകർക്ക് പ്രധാനമായും അലങ്കാര മത്സ്യ ഉൽപ്പാദനത്തിനായി താൽപര്യം പ്രകടിപ്പിക്കൽ (EOI) വഴി വാടകയ്ക്ക് നൽകുക.
- വിപണി ആവശ്യകത നിറവേറ്റുന്നതിന് ആവശ്യമായ അളവിൽ ഗുണനിലവാരം ഉറപ്പാക്കിയ അലങ്കാര മത്സ്യങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള വിപുലീകരണവും കൺസൾട്ടൻസി പ്രവർത്തനങ്ങളും

## 5.3.2 മത്സ്യകൃഷി പ്രവർത്തനങ്ങളുടെ നിയന്ത്രണം (രജിസ്ട്രേഷൻ & ലൈസൻസ്)

- 2010 കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് പ്രകാരം ഏതൊരു മത്സ്യ കൃഷിക്കും രജിസ്ട്രേഷൻ & ലൈസൻസ് നേടിയിരിക്കണം
- ഈ രജിസ്ട്രേഷൻ & ലൈസൻസ് കേരള സർക്കാർ ഫിഷറീസ് വകുപ്പ് വഴി നൽകുന്നു.

- മത്സ്യ കൃഷി, ചെമ്മീൻകൃഷി, അലങ്കാര മത്സ്യകൃഷി & മത്സ്യ /ചെമ്മീൻ വാറ്റ് എന്നിവ നടത്തുന്ന സ്ഥലം ഉടമയുടെ പേരിലും ഈ കൃഷി നടത്തുന്നതിന് ആവശ്യമായ ലൈസൻസ് കർഷകൻറെ പേരിലും എടുക്കേണ്ടത് നിർബന്ധമാണ്

## എവിടെ/എങ്ങനെ അപേക്ഷിക്കാം

അപേക്ഷ ഫോറം മത്സ്യ ഭവനകളിലോ ജില്ലാ ഓഫീസുകളിലോ ലഭിക്കുന്നതാണ്.

## രജിസ്ട്രേഷൻ നടപടിക്രമങ്ങൾ

- **മത്സ്യ കൃഷിക്ക്** – ഫോറം നമ്പർ AR 1 ൽ അപേക്ഷിക്കണം
- **മത്സ്യ/ ചെമ്മീൻ വാറ്റ്** – ഫോറം നമ്പർ RPF 1 അപേക്ഷിക്കണം

- രജിസ്ട്രേഷൻ കാലാവധി രജിസ്ട്രേഷൻ തീയതി മുതൽ ഏതെങ്കിലും കാരണത്താൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതുവരെ നിലനിൽക്കുന്നു
- രജിസ്ട്രേഷൻ നമ്പർ മഞ്ഞ പ്രതലത്തിൽ വെള്ള പെയിൻറ് കൊണ്ട് ഒന്ന് കായൽ വശത്തും രണ്ട് വഴി വശത്തും പ്രദർശിപ്പിക്കണം
- സ്ഥലം ഉടമയ്ക്കാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്

## ലൈസൻസ് നടപടിക്രമങ്ങൾ

മത്സ്യം/ ചെമ്മീൻ കൃഷിയ്ക്കും മത്സ്യ / ചെമ്മീൻ വാറ്റിനും വർഷാ വർഷം ലൈസൻസ് പുതുക്കൽ അനിവാര്യമാണ്

- **മത്സ്യകൃഷിക്ക്** – ഫോറം നമ്പർ AL 1 ൽ അപേക്ഷിക്കണം
- **മത്സ്യ / ചെമ്മീൻ വാറ്റ്** – ഫോറം നമ്പർ LPF 1 ൽ അപേക്ഷിക്കണം

- ലൈസൻസ് മത്സ്യ കർഷകനാണ് അനുവദിക്കുന്നത്
- എന്തെങ്കിലും കാരണത്താൽ ലൈസൻസ് റദ്ദാക്കാത്ത പക്ഷം കാലാവധി അനുവദിക്കപ്പെട്ട തീയതി മുതൽ ഒരു വർഷത്തേക്ക് ആണ് ലൈസൻസ് അനുവദിക്കുന്നത്
- കാലാവധി തീരുന്നതിന് ഒരു മാസം മുമ്പ് ലൈസെൻസ് പുതുക്കുന്നതിന് അപേക്ഷിക്കണം
- ചെമ്മീൻ സീസൺ കെട്ട് / വേനൽ കെട്ട് ലൈസെൻസ് ഓരോ വർഷവും നവംബർ മാസം 15 ആം തീയതി മുതൽ അടുത്ത വർഷം ഏപ്രിൽ 30 വരെ ആയിരിക്കും

## അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

- ആധാർ കാർഡ് പകർപ്പ്
- വില്ലേജ് ഓഫീസിൽ നിന്ന് ലഭിച്ച ലൊക്കേഷൻ സർട്ടിഫിക്കറ്റ്
- സ്ഥലത്തിൻറെ ഏറ്റവും ഒടുവിൽ കരം അടച്ച രസീത്
- പാട്ടത്തിനാണ് കൃഷി ചെയ്യുന്നതെങ്കിൽ പാട്ടക്കരാറിൻറെ പകർപ്പ്
- 10 Ha മുകളിലാണെങ്കിൽ മലിനീകരണനിയന്ത്രണ ബോർഡിൻറെ നിരാക്ഷേപപത്രം

രജിസ്ട്രേഷൻ ലൈസൻസ് അനുവദിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അപേക്ഷ ലഭിച്ച് ഒരു മാസത്തിനുള്ളിൽ ആവശ്യമായ അന്വേഷണങ്ങൾ നടത്തി സർട്ടിഫിക്കറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്തുകൊണ്ട് തീർപ്പാക്കേണ്ടതാണ്.

## അപേക്ഷ നിരസിക്കപ്പെടാൻ ഉള്ള കാരണങ്ങൾ

സാമൂഹിക പ്രാദേശിക തർക്കം

- പാരിസ്ഥിതിക ദോഷം
- ദുർബലമായ പ്രദേശം
- നിരോധിക്കപ്പെട്ട മത്സ്യം വളർത്തൽ
- ആവശ്യമായ രേഖകളുടെ അപര്യാപ്തത

## ചെമ്മീൻ കെട്ടിന്റെ രജിസ്ട്രേഷൻ ഫീസ്

| ക്രമ ന. | തരം | ഫീസ് (രൂപ) |
|---|---|---|
| 1 | 100 Hector- ന് താഴെ | 200 |
| 2 | 100- 200 Hector | 400 |
| 3 | 200-500 | 700 |
| 4 | 500 Hectorന് മുകളിൽ | 1000 |
| 5 | സീസൺ കെട്ട്/ Hector | 25 |

## മത്സ്യ / ചെമ്മീൻ കൃഷിയുടെ രജിസ്ട്രേഷൻ ഫീസ് വിവരം

| ക്രമ ന. | തരം | ഓരു ജലം | ശുദ്ധജലം |
|---|---|---|---|
| 1 | മത്സ്യകൃഷി | ഒരു ഹെ വരെ 100 രൂപ. അധികമായി വരുന്ന ഓരൊ ഹെ. 100 രൂപ വീതം | ഒരു ഹെ വരെ 100 രൂപ. അധികമായി വരുന്ന ഓരൊ ഹെ. 100 രൂപ വീതം |
| 2 | കൂട് കൃഷി | 10 രൂപ/ ഘന മീറ്റർ | 10 രൂപ/ ഘന മീറ്റർ |
| 3 | കല്ലുമ്മക്കായ കൃഷി | 1 രൂപ/ ഘന മീറ്റർ | 1 രൂപ/ ഘന മീറ്റർ |

**രജിസ്ട്രേഷൻ കൈമാറ്റത്തിനുള്ള ഫീസ്**

| ക്രമ ന. | തരം | ഫീസ് (രൂപ) |
|---|---|---|
| 1 | ചെമ്മീൻ കെട്ട് | 250 |
| 2 | ശുദ്ധജല മത്സ്യകൃഷി | 100 |
| 3 | ഓരു ജലമത്സ്യകൃഷി | 100 |

**ചെമ്മീൻ കെട്ട് പാടത്തിന്റെ ലൈസെൻസ് ഫീസ്**

| ക്രമ ന. | തരം | ഫീസ് (രൂപ) |
|---|---|---|
| 1 | 100 Hector ൽ കുറവ് | 200 |
| 2 | 100 – 200 Hector | 500 |
| 3 | 200–500 Hector | 750 |
| 4 | 500 Hector മുകളിൽ | 1000 |
| 5 | ചെമ്മീൻ കെട്ട്/ Hector | 10 |

## മത്സ്യ/ ചെമ്മീൻ കൃഷിക്കുള്ള ലൈസൻസ് ഫീസ്

| ക്രമ ന. | തരം | ഓരു ജല മത്സ്യകൃഷി | ശുദ്ധജല മത്സ്യകൃഷി |
|---|---|---|---|
| 1 | പൊതു ജലാശയത്തിലെ മത്സ്യകൃഷി | 150 രൂപ/ Hector | 50 രൂപ/ Hector |
| 2 | സ്വകാര്യ ജലാശയത്തിലെ മത്സ്യകൃഷി | 100 രൂപ/ Hector | 50 രൂപ/ Hector |
| 3 | കൂട് കൃഷി | 10 രൂപ/ ഘന മീറ്റർ | 10 രൂപ/ ഘന മീറ്റർ |
| 4 | കല്ലുമ്മക്കായ കൃഷി | 1 രൂപ/ ഘന മീറ്റർ | 1 രൂപ/ ഘന മീറ്റർ |

## 5.4 കോസ്റ്റൽ അക്വാ കൾച്ചർ അതോറിറ്റി (CAA)

### 5.4.1 രജിസ്ട്രേഷൻ & ലൈസൻസ്

**അർഹതാമാനദണ്ഡം**

- ഉപ്പ് വെള്ളത്തിലോ ഓരുജലത്തിലോ മത്സ്യകൃഷി നടത്തുന്ന കർഷകർ
- മത്സ്യഹാച്ചറി , മത്സ്യ വിത്ത് പരിപാലന യൂണിറ്റുകൾ നടത്തുന്ന സംരംഭകർ
- കടൽ പായൽ കർഷകർ
- Broodstock multiplication/ Nucleus breeding centre

**അപേക്ഷിക്കേണ്ട വിധം**

മത്സ്യ ഭവനുകളിൽ നിന്നോ CAA വെബ്സൈറ്റിൽ നിന്നോ അപേക്ഷ ലഭിയ്ക്കും

**ഫോം 1** – സീവീഡ്, കൂട്, റാഫ്റ്റ് , പെൻ കൾച്ചർ, RAS, BAS, നഴ്സറികൾ & ചെമ്മീൻ/കൊഞ്ച്/മത്സ്യം ഫാമുകൾ

**ഫോം II** – ഹാച്ചറി, നൗപ്ലി വളർത്തൽ ഹാച്ചറി, ലൈവ് ഫീഡ് യൂണിറ്റ്, ന്യൂക്ലിയസ് ബ്രീഡിംഗ് സെൻറർ, ബ്രൂഡ് സ്റ്റോക്ക് ഫാമുകൾ.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

- കൃത്യമായി പൂരിപ്പിച്ച അപേക്ഷാ ഫോം
- പാസ്പോർട്ട് സൈസ് ഫോട്ടോ
- ബാധകമായ രജിസ്ട്രേഷൻ ഫീസ്
- SDLCയുടെ മെമ്പർ കൺവീനറുടെ പേരിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് / യുടിഐ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് പേയ്മെന്റിന്റെ തെളിവ്
- ഭൂനികുതി രസീത്
- കൈവശാവകാശ സർട്ടിഫിക്കറ്റ്
- വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സൈറ്റ് പ്ലാൻ
- രജിസ്റ്റർ ചെയ്ത വിൽപ്പന കരാറിൻടെ പകർപ്പ്
- പാട്ടക്കരാർ

- പങ്കാളിത്ത കരാർ
- കമ്പനി/സ്ഥാപന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
- ഫീൽഡ് മെഷർമെൻറ് ബുക്ക്/ലൊക്കേഷൻ സ്കെച്ചിൻറെ പകർപ്പ്
- ഫാം-ETP യുടെ ലേഔട്ട്- 5 ഹെക്ടറിന് മുകളിൽ ഉള്ളവരും മൽസ്യവിത്ത് നിക്ഷേപ സാന്ദ്രത ചതുരശ്ര മീറ്ററിന് 20 എണ്ണത്തിന് മുകളിൽ ഉള്ളവരും
- നിർമ്മാണത്തിൻറെ ബ്ലൂ പ്രിൻറ്
- പരിസ്ഥിതി ആഘാത വിലയിരുത്തൽ റിപ്പോർട്ട് (ഫാമുകൾ/കടൽ കൃഷി യൂണിറ്റുകൾക്ക് - 10 ഹെക്ടർ മുകളിൽ നിർബന്ധം)
- പരിസ്ഥിതി മാനേജ്മെൻറ് പ്ലാൻ റിപ്പോർട്ട് (ഫാമുകൾ/കടൽ കൃഷി യൂണിറ്റുകൾക്ക് 40 ഹെക്ടർ മുകളിൽ നിർബന്ധം)
- പ്രാദേശിക ഭരണകൂടത്തിൽ നിന്നുള്ള എൻ.ഒ.സി
- പദ്ധതി റിപ്പോർട്ട്, ബാധകമെങ്കിൽ

| ക്രമ നം. | തരം/ വിസ്തൃതി | ഫീസ്( രജി. പുതുക്കൽ & കൈമാറ്റം) |
|---|---|---|
| 1 | 5 ഹെക്ടർ വരെ | 200/ഹെ , അധികരിക്കുന്ന ഓരോ അംശത്തിനും 200 രൂപ വീതം മിനിമം 500 |
| 2 | 5-10 ഹെക്ടർ വരെ | 5 ഹെ വരെ 1000 രൂപ .അധികരിക്കുന്ന ഓരോ അംശത്തിനും 500 രൂപ വീതം |
| 3 | 10 ഹെക്ടർ മുകളിൽ | 10ഹെ വരെ 3500 രൂപ .അധികരിക്കുന്ന ഓരോ അംശത്തിനും 1000 രൂപ വീതം |
| 4 | ഹാച്ചെറി, നൊപ്ലി പരിപാലനം, ലൈവ് ഫീഡ് പ്രൊഡക്ഷൻ സെൻ്റർ | രജിസ്ട്രേഷൻ 10000<br>മോണിറ്ററിങ് 50000<br>CAA നിശ്ചയിക്കുന്ന പെർഫോമൻസ് ഗ്യാരണ്ടി |
| 5 | ബ്രൂഡ് സ്റ്റോക്ക് ഉൽപാദനം/ ന്യൂക്ലിയസ് ബ്രീഡിങ് സെൻറർ | രജിസ്ട്രേഷൻ 10000<br>CAA നിശ്ചയിക്കുന്ന മോണിറ്ററിങ് ഫീസ് & പെർഫോമൻസ് ഗ്യാരണ്ടി |
| 6 | കടൽ പായൽ കൃഷി | ഓരോ രജിസ്ട്രേഷനും 100 വീതം |
| 7 | RAS, Biofloc | 10/m 3. മിനിമം 500 |
| 8 | വല വളപ്പ്, ചങ്ങാടം, കൂട കൃഷി | 2/m 3. മിനിമം 500 |

## അപേക്ഷയിൽ തീർപ്പ് കൽപ്പിക്കൽ

അന്തിമ തീർപ്പ് കൽപ്പിക്കുന്നത് CAA തന്നെയാണ്

- 2 ഹെക്ടർ വരെ മത്സ്യ ഭവൻ ഓഫീസർ പരിശോധിക്കണം
- 2-5 ഹെക്ടർ വരെ RDO / സബ് കളക്ടർ ചെയർമാനായ സബ് ഡിവിഷൻ ലെവൽ കമ്മിറ്റി പരിശോധിക്കണം
- 5 ഹെ. മുകളിലാണെങ്കിൽ ജില്ലാ കളക്ടർ അധ്യക്ഷനായിട്ടുള്ള ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി പരിശോധിക്കണം
- അപേക്ഷ ലഭിച്ച ഏഴ് ദിവസത്തിനുള്ളിൽ അപാകതകൾ അപേക്ഷകനെ അറിയിക്കണം
- അപാകത പരിഹരിച്ച് 15 ദിവസത്തിനുള്ളിൽ സമർപ്പിക്കാത്ത പക്ഷം അപേക്ഷ നിരസിക്കപ്പെടുന്നു
- അപേക്ഷ തൃപ്തികരമല്ലെങ്കിൽ കാരണം കാണിച്ച് അപേക്ഷകന് തിരികെ നൽകുന്നു
- തൃപ്തികരമായ അപേക്ഷ CAA ക്ക് കൈമാറുന്നു
- 60 ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നു
- അപേക്ഷ നിരസിച്ചാൽ 30 ദിവസത്തിനുള്ളിൽ CAA അദ്ധ്യക്ഷന് അപ്പീൽ നൽകാവുന്നതാണ്.
- സർട്ടിഫിക്കറ്റിന്റെ കാലാവധി 5 വർഷമാണ്

**രജിസ്ട്രേഷൻ റദ്ദാക്കൽ – കാരണങ്ങൾ**

- അപേക്ഷകൻ തെറ്റായ വിവരം നൽകുക
- ഏതെങ്കിലും വ്യവസ്ഥയ്ക്ക് വിരുദ്ധമായോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെന്നു അതോറിറ്റിക്കു ബോധ്യമായാൽ,
- റദ്ദാക്കുന്നതിനു മുൻപ് ആയതിനുള്ള കാരണങ്ങൾ രേഖാമൂലം അപേക്ഷകനെ അറിയിക്കുകയും ടിയാനെ കേൾക്കുകയും ചെയ്യുന്നു.

## VI മത്സ്യസമ്പത്ത് വർദ്ധിപ്പിക്കൽ

### 6.1 വകുപ്പ് വഴി നടപ്പിലാക്കുന്നവ

#### 6.1.1 മോഡൽ ഫിഷിംഗ് ബോട്ടുകൾ

മത്സ്യബന്ധന നിയന്ത്രണ നിയമ പ്രകാരം മത്സ്യബന്ധന ത്തിനായി കടലിൽ പോകുന്ന ഒരു ബോട്ടിൽ ഉണ്ടാകേണ്ട ഉപകരണങ്ങളെ കുറിച്ചും സംവിധാനങ്ങളെ കുറിച്ചും മത്സ്യത്തൊഴിലാളികളെ ബോധവത്ക്കരിക്കുന്നതിൻറെ ഭാഗമായി 9 ഫിഷിംഗ് ബോട്ടുകൾ തീരദേശജില്ലകളിൽ തയ്യാറാക്കുന്നു.

- പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾ മത്സ്യബന്ധനത്തിനായി കടലിൽ ഇറക്കുന്നതിനും മത്സ്യബന്ധനം കഴിഞ്ഞ കരയിലേക്ക് കയറ്റുന്നതിനും സഹായിക്കാനായി ടോയിംഗ്ടാക്ടർ വാങ്ങി നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു.
- കാലാവസ്ഥ (Early weather warning system) മുന്നറിയിപ്പ് യഥാസമയം മത്സ്യത്തൊഴിലാളികളിൽ എത്തിക്കുന്നതിനും കടലിൽ മത്സ്യലഭ്യതാപ്രദേശം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്നതിനും വിഴിഞ്ഞം, മുനമ്പം, ബേപ്പൂർ എന്നീ ഹാർബറുകൾ കേന്ദ്രീകരിച്ച് LED display boards സ്ഥാപിച്ചു.

## 6.2 തീരദേശവികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നവ

### 6.2.1 മത്സ്യസമ്പത്തിന്റെ പുനരുജ്ജീവനത്തിനായി കൃത്രിമപ്പാരുകൾ (Artificial Reefs)

- കാലാവസ്ഥ വ്യതിയാനവും മനുഷ്യ ഇടപെടലും മൂലം ജൈവവൈവിധ്യത്തിൻ്റെ കലവറയായ നമ്മുടെ കടലിലും മത്സ്യസമ്പത്തിന് ശോഷണം നേരിടുകയാണ്. കടലിനെ മാത്രം ഉപജീവനത്തിനായി ആശ്രയിക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവസന്ധാരണ പ്രവർത്തനങ്ങളെ ഇത് ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈ തിരിച്ചറിവാണ് കൃത്രിമപ്പാരുകളുടെ നിർമ്മിതിയിലേക്ക് നമ്മെക്കൊണ്ടെത്തിച്ചത്. പ്രകൃതിദത്തമായ പവിഴപ്പുറ്റുകളുടെ പരിസ്ഥിതിയെ അനുകരിക്കാൻ കഴിയുമാറ് രൂപകൽപ്പന ചെയ്തിട്ടുള്ള മനുഷ്യ നിർമ്മിത സംവിധാനങ്ങളാണ് കൃത്രിമപ്പാരുകൾ. മത്സ്യം ഉൾപ്പെടെയുള്ള ജലജീവികൾക്ക് കൃത്രിമ ആവാസ വ്യവസ്ഥ ഒരുക്കി സമുദ്ര മത്സ്യ സമ്പത്തിന്റെ വർദ്ധനവിനും സംരക്ഷണത്തിനും കൃതിപ്പാരുകൾ പ്രധാന പങ്കുവഹിക്കുന്നു.

**കൃത്രിമപ്പാര് നിക്ഷേപിക്കുന്ന സ്ഥലത്തിനു വേണ്ടുന്ന അഭിലഷണീയ ഘടകങ്ങൾ**

| | |
|---|---|
| ആഴം | 10 മുതൽ 20 മീറ്റർ വരെ |
| സുതാര്യത | 1.50 മീറ്ററിൽ കൂടുതൽ |
| ജലപ്രവഹത്തിന്റെ വേഗത | 2 മുതൽ 6 സെ. മി / സെക്കന്റ്വരെ |
| തിരമാലയുടെ ഉയരം | 0.5 മുതൽ 2 മീറ്റർവരെ |
| അടിത്തട്ട് മണ്ണ് (മണൽ : കളിമണ്ണ് ) | 98:2 |

- കൃത്രിമപ്പാര് വിന്യാസത്തിനായിപ്രദേശം തെരഞ്ഞെടുക്കുമ്പോൾ കടലിൻ്റെ ആഴം അടിത്തട്ടിൻ്റെ സ്വഭാവം, പ്രകൃതിദത്തപാരുകളുടെ സാമീപ്യം, നിലവിലുള്ള മത്സ്യങ്ങളുടെ ഇനം, എണ്ണം തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുക്കണം.ചുണ്ണാമ്പുകകല്ല് , കോൺക്രീറ്റ് അല്ലെങ്കിൽ പ്രകൃതിദത്ത വസ്തുക്കൾ ആണ് കൃത്രിമപ്പാര് നിർമ്മാണത്തിന് അനുയോജ്യം.കൃത്രിപ്പാര് മൊഡ്യൂളുകൾ ആൽഗകൾക്കുസൂക്ഷ്മ ജീവികൾക്കുംപറ്റിപ്പിടിച്ച് വളരുന്നതിന് പ്രതലം നൽകാൻ കഴിയുന്നവയാകണം. മത്സ്യത്തിൻ്റെ എണ്ണവും അവയുടെ സാധീനവും മനസ്സിലാക്കുന്നതിന് തുടർച്ചയായ നിരീക്ഷണവും വിലയിരുത്തലും അത്യന്താപേക്ഷിതമാണ്.പരിസ്ഥിതി സൗഹൃദ വസ്തുക്കളും രീതികളും വേണം നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുവാൻ കൃത്രിമപ്പാരുകളുടെ വിന്യാസംആവാസവ്യവസ്ഥയുടെ നാശത്തിന് കാരണമാകില്ലെന്ന് ഉറപ്പാക്കുകയും വേണം.പ്രാദേശിക കമ്മ്യൂണിറ്റികൾ, മത്സ്യത്തൊഴിലാളികൾ, സംഘടനകൾ, സർക്കാർ ഏജൻസികൾ എന്നിവയുടെ സഹകരണം ഉറപ്പാക്കി വേണം വിന്യാസത്തിനുള്ള സ്ഥലം തെരഞ്ഞെടുക്കുവാൻ.

### കൃത്രിമപ്പാരിൽ ജീവി വർഗ്ഗത്തിന്റെ പാരിസ്ഥിതിക പിന്തുടർച്ച

| കാലയളവ് | ജീവിവർഗ്ഗങ്ങൾ |
|---|---|
| 30–45 ദിവസം<br><br>45–90 ദിവസം | ബാക്ടീരിയ, ഡയാറ്റം, സൂക്ഷ്മ ജീവികൾ, പ്രോട്ടോസോവകൾ, പ്ലവകങ്ങൾ, സിലിയേറ്റുകൾസ്പോഞ്ചുകൾ, വിരകൾ ,ചെമ്മീനുകൾ ഞണ്ടുകൾ, ചെറുമത്സ്യങ്ങളുടെ ലാർവകൾ, ഫ്രൈ, വിവിധതരം ചിപ്പികൾ, ശംഖുവർഗ്ഗ ജീവികൾ |
| 3–6 മാസം | വലിയ ഞണ്ടുകൾ, കടൽ കുതിര,നക്ഷത്ര മത്സ്യങ്ങൾ, സ്പൈനി ലോബിസ്റ്റർ, തിരണ്ടി വർഗ ജീവികൾ തത്ത മത്സ്യങ്ങൾ അണ്ണാൻ മത്സ്യങ്ങൾ വിവിധതരം ചെമ്മീനുകൾ, ഗ്രൂപ്പറുകൾ |
| 4–8 മാസം | അയല, ചൂര, ശീലാവ്തുടങ്ങി അടിത്തട്ടിൽ നിന്നും ആഹാര സമ്പാദനം നടത്തുന്ന മറ്റ് മത്സ്യങ്ങൾ എന്നിവ വളരുന്നു. തിമിംഗല സ്രാവ്, ഹാമർ ഹെഡ്സ്ഡ് ( ചുറ്റികതലയൻ), സ്രാവ്, ഡോൾഫിൻ, മോത വലിയ മാംസഭുക്കുകളായ മത്സ്യങ്ങൾ മുതലായവ സന്ദർശകരുമാണ് |

## നേട്ടങ്ങൾ

**ആവാസവ്യവസ്ഥ സൃഷ്ടിക്കൽ**

മലനീകരണം ,അമിതമായ മത്സ്യബന്ധനം, ആവാസവ്യവസ്ഥയുടെ നാശം എന്നിങ്ങനെയുള്ള പ്രകൃതിദത്തമോ മനുഷ്യ പ്രേരിതമോ ആയ കാരണങ്ങളാൽ അന്യംനിന്ന്പോയേക്കാവുന്നസമുദ്രജീവികൾക്ക് കൃത്രിമപ്പാരുകൾ പുതിയ ആവാസ വ്യവസ്ഥകൾ നല്കുന്നു. പുതിയ ആവാസ വ്യവസ്ഥകൾ സൃഷ്ടിക്കുന്നതിലൂടെ, മത്സ്യ സമ്പത്ത് വർദ്ധനവും വൈവിധ്യവും നിലനിർത്താൻ കഴിയും .

**ഫിഷ് അഗ്രിഗേഷൻ (Fish Aggregation Reefs)**

കൃത്രിമപ്പാരുകൾക്ക് മത്സ്യത്തെ ആകർഷിക്കുവാൻകഴിയും, കൃത്രിമപ്പാരുകൾ മത്സ്യങ്ങൾക്ക് ആവാസസ്ഥലം, പ്രജനന കേന്ദ്രങ്ങൾ, തീറ്റ കണ്ടെത്തൽ സൗകര്യം എന്നിവ നൽകുന്നു. ആത്യന്തികമായി പ്രാദേശിക മത്സ്യങ്ങളുടെ വളർച്ചയ്ക്കും സുസ്ഥിരതയ്ക്കും പിന്തുണ നൽകുന്നു.ആവാസ വ്യവസ്ഥയുടെ മൊത്തത്തിലുള്ള ആരോഗ്യത്തെ ഇത് സ്വാധീനിക്കുകയും മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷയ്ക്ക് പ്രയോജനവും ചെയ്യുന്നു .

### പ്രജനന കേന്ദ്രങ്ങളും നഴ്സറി പ്രദേശങ്ങളും:

പ്രകൃതിദത്തവും കൃത്രിമവുമായ പാറകൾ മുട്ടയിടുന്നതിനും നഴ്സറിഇനങ്ങളും ഉപയോഗിക്കുന്നു.അനുയോജ്യമായ സ്ഥലങ്ങളിൽ കൃതിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ മത്സ്യ സംരക്ഷണത്തിനും എണ്ണം മെച്ചപ്പെടുത്തലിനും കഴിയുന്നു. കൃത്രിമപ്പാര് പ്രദേശങ്ങളെ വിനാശകരമായ പ്രവർത്തനങ്ങളിൽ നിന്ന് സംരക്ഷിക്കുന്നത് മൂലം മത്സ്യങ്ങളുടെ പുനരുൽപാദനം ഉറപ്പാക്കാൻ സഹായിക്കും.

### വൈവിധ്യവൽക്കരിക്കുന്ന മത്സ്യബന്ധന അവസരങ്ങൾ

കൃത്രിമപ്പാരുകൾ സുസ്ഥിര മത്സ്യബന്ധനത്തിനും ഇക്കോടൂറിസത്തിനും അവസരങ്ങൾ സൃഷ്ടിക്കുന്നു. വിനോദ യാത്രക്കാരും മുങ്ങൽ വിദഗ്ധരും പലപ്പോഴും കൃത്രിമപ്പാരുകളിലേക്ക് ആകർഷിക്കപ്പെടുന്നു. ഇത് (പ്രാദേശിക സമൂഹത്തിന് സാമ്പത്തിക നേട്ടങ്ങൾ ഉറപ്പാക്കുന്നു. പ്രകൃതിദത്ത പാരുകളിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നു.

## കൃത്രിമപ്പാര് പദ്ധതികൾ കേരളത്തിൽ

| പദ്ധതി | പാരുകൾ നിക്ഷേപിച്ച സ്ഥലം | എണ്ണം |
|---|---|---|
| സംസ്ഥാന ആവിഷ്കൃത പദ്ധതി (2017-2023) | പുല്ലുവിള, തുമ്പ, പുതുക്കുറുച്ചി, കൊച്ചുതുറ, പൂന്തുറ, ബീമാപള്ളി,വലിയതുറ, പൂവ്വാർ, പുതിയതുറ, വേളി | 2730 |
| വിഴിഞ്ഞം പാക്കേജ് 2020-22 | കൊല്ലങ്കോട്, വലിയതുറ, കൊച്ചുതുറ പരുത്തിയൂർ പുതിയതുറ, പള്ളം, അടിമലത്തുറ | 1400 |
| പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന | തിരുവനന്തപുരം ജില്ലയിലെ 33 മത്സ്യഗ്രാമങ്ങളിലെ 42 ഇടങ്ങളിൽ | 6300 |

## VII പരിശീലന പരിപാടികൾ /ബോധവത്കരണ പരിപാടികൾ

### 7.1 നിഫാം വഴി നടപ്പിലാക്കുന്നവ

ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കും മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും വിവിധ മേഖലകളിൽ ഏകദിന ബഹുദിന പരിശീലന പരിപാടികൾ, വിവിധ തരത്തിലുള്ള വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, ചർച്ച ക്ലാസ്സുകൾ തുടങ്ങിയവ നിഫാമിൽ നടത്തി വരുന്നു. നിഫാമിലെ ഗുണഭോക്താക്കൾക്ക് ഏതുതരത്തിലുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനായി ഫിഷറീസ് ജോയിന്റ് ഡയറക്ടർ, നിഫാം, കിഴക്കേ കടുങ്ങല്ലൂർ എന്ന സ്ഥാപനത്തെ സമീപിക്കാവുന്നതാണ്.

### 7.1.1 സ്രാങ്ക്മാർക്കുള്ള ( Syrang) സാങ്കേതിക പരിശീലനം

KMFRA പ്രകാരം, കടലിലെ സുരക്ഷ, നാവിഗേഷൻ വശങ്ങൾ, പുതിയ മത്സ്യബന്ധന സാങ്കേതികവിദ്യകൾ എന്നിവയിൽ മികച്ച അവബോധവും അറിവും ഉള്ള സിറാങ്/എഞ്ചിൻ ഡ്രൈവർ/ഡെക്ക്ഹാൻഡ് പോലെയുള്ള സർട്ടിഫൈഡ് വ്യക്തികളുമായി യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകൾ പ്രവർത്തിപ്പിക്കേണ്ടത് നിർബന്ധമാണ്.ഗുണഭോക്താക്കൾക്ക് എഞ്ചിൻ ഡ്രൈവറായി രണ്ട് വർഷത്തെ പ്രവൃത്തിപരിചയം/ഡെക്ക്ഹാൻഡായി അഞ്ച് വർഷത്തെ പ്രവൃത്തിപരിചയം, എട്ടാം ക്ലാസ് പൂർത്തിയാക്കിയവരും 21-നും 55-നും ഇടയിൽ പ്രായമുള്ളവരുമായിരിക്കണം.

### 7.1.2 മത്സ്യത്തൊഴിലാളികൾക്ക് 15 ദിന പരിശീലന പരിപാടി

ഉത്തരവാദിത്തപരമായ മത്സ്യബന്ധനം, മത്സ്യങ്ങളുടെ ശുചിത്വപരമായ കൈകാര്യം ചെയ്യൽ, കടൽ സുരക്ഷാ നടപടികൾ, നാവിഗേഷൻ ഉപകരണങ്ങൾ, റോഡ് നിയമം, ബോയ് സിസ്റ്റം, മറൈൻ റേഡിയോ ആശയവിനിമയം, തിരയലും രക്ഷാപ്രവർത്തനവും, ദുരിത സിഗ്നലുകൾ/കൊടുങ്കാറ്റ് സിഗ്നലുകൾ, മറൈൻ & ഫിഷറീസ് നിയന്ത്രണങ്ങൾ, പരിസ്ഥിതി സംരക്ഷണവും മലിനീകരണ പ്രതിരോധവും, അടിയന്തര വൈദ്യ പരിചരണം എന്നിവയിൽ. കൊച്ചിയിലെ CIFNETന്റെ സഹകരണത്തോടെ മത്സ്യവകുപ്പ് നടത്തുന്ന പരിശീലനത്തിൽ 3 ബാച്ചുകളിലായി 90 പേർക്ക് പങ്കെടുക്കാം. (ഓരോ ബാച്ചിലും 30 പേർ.)

### 7.2 ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ സഹായ പ്രവർത്തനങ്ങൾ

- ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പങ്കാളിത്ത സമീപന പ്രവർത്തനങ്ങൾ മത്സ്യ സംരക്ഷണത്തിൽ ഫലപ്രദമായ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

- വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരെയും, തദ്ദേശീയരെയും, മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തിയിട്ടുള്ള ടി കൗൺസിലിൽ, ജല പരിസ്ഥിതി മത്സ്യബന്ധനം എന്നിവയെ സുസ്ഥിരമായി പരിപാലിച്ച് കൊണ്ടുവരുന്നതിനാവശ്യമായ വിലപ്പെട്ട നിർദ്ദേശങ്ങൾ ലഭ്യാമാക്കുന്നതിനു ഏറെ സഹായകമാകും.
- എഫ്എംസിക്ക് സ്റ്റോക്ക് വർദ്ധിപ്പിക്കലിനും സർക്കാരിന്റെ പൊതു മാർഗ്ഗനിർദ്ദേശങ്ങളുടെ പരിധിയിൽ മറ്റ് പ്രവർത്തനങ്ങൾക്കും മാനദണ്ഡങ്ങൾ നിർവചിക്കാനും നിശ്ചയിക്കാനും കഴിയും.
- എഫ്എംസിക്ക് മത്സ്യങ്ങളുടെ ഇനം/തരം, മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന സ്ഥലം, മത്സ്യങ്ങളുടെ ആരോഗ്യം എന്നിവ നിർണ്ണയിക്കാൻ കഴിയും.

## 7.3 വകുപ്പ് വഴി നടപ്പിലാക്കുന്നവ

### 7.3.1 കണ്ടൽ വനവൽക്കരണം

- കണ്ടൽക്കാടുകൾ ജലജീവികളുടെ പ്രജനനത്തിനും കുഞ്ഞുങ്ങളുടെ ഭക്ഷണത്തിനും ഇടമായി പ്രവർത്തിക്കുന്നു കൂടാതെ നിരവധി മത്സ്യങ്ങളുടെ നഴ്സറി ഗ്രൗണ്ടാണിത്.
- പ്രകൃതിദത്ത കണ്ടൽ സസ്യങ്ങൾ ചേറ്റുവ അഴിമുഖത്തെ ആവാസവ്യവസ്ഥ ഇപ്പോൾ കുറഞ്ഞുവരികയാണ്.
- തീരപ്രദേശത്തെ കണ്ടൽ വനവൽക്കരണം സമുദ്രജലനിരപ്പ് വർദ്ധനവ്, തിരമാലകൾ, ചുഴലിക്കാറ്റുകൾ, എന്നിവയുടെ ഫലങ്ങൾ കുറയ്ക്കുന്നതിനും സഹായിക്കും.
- പദ്ധതി കാലയളവിൽ 1000 ചെടികൾ നടാനാണ് ഉദ്ദേശിക്കുന്നത്.
- നട്ടുന്ന തൈകളുടെ പരിപാലനം എഫ്എംസി ഏറ്റെടുക്കും.

## 7.3.2 ശുചിത്വ സാഗരം സുന്ദര തീരംപദ്ധതി

- കടലും തീരപ്രദേശവും പ്ലാസ്റ്റിക് മുക്തമാക്കി പ്രകൃതിദത്ത ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനായി ഫിഷറീസ് വകുപ്പിഭാവനംചെയ്തപദ്ധതിയാണ് 'ശുചിത്വ സാഗരം സുന്ദര തീരം'.
- പദ്ധതിയിൽമൊത്തം 5 കോടി രൂപ ചെലവിൽ ഭരണാനുമതി ലഭിച്ചു.
- മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, മറ്റ് സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ തുടങ്ങി മുഴുവൻ തീരദേശ സമൂഹത്തിന്റെയും സഹകരണത്തോടെ കടലും തീരവും പ്ലാസ്റ്റിക് വിമുക്തമാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.
- മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ·
  - **<u>ആദ്യഘട്ടത്തിൽ</u>**സാധ്യമായഎല്ലാമാർഗങ്ങളുംഉപയോഗിച്ചുള്ളബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുന്നു. ഇതിന്റെഭാഗമായിസംസ്ഥാനതലഉദ്ഘാടനം2022 ജൂൺ 8-ന് കൊല്ലം തങ്കശ്ശേരിയിൽ നടന്നു.
  - സെമിനാറുകൾ, ബിറ്റ് നോട്ടീസ്, ബ്രോഷറുകൾ, കലാപരിപാടികൾ, റോഡ് ഷോകൾ, ബൈക്ക് റാലികൾ, മെഴുകുതിരി ഘോഷയാത്രകൾ, ബീച്ച് വാക്ക്, കുടുംബയോഗങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ക്വിസ് മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ, സോഷ്യൽ മീഡിയ, എഫ്.എം, റേഡിയോഎന്നിവയിലൂടെയാണ് പ്രധാനമായും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത്.
  - **<u>രണ്ടാം ഘട്ടത്തിൽ</u>**ഒരു ദിവസം മുഴുവൻ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണവും അതിന്റെ പുനരുപയോഗവും ഉൾപ്പെടുന്നു.

- ❖ കേരളത്തിന്റെ590 കിലോമീറ്റർ തീരപ്രദേശം പ്ലാസ്റ്റിക് വിമുക്തമാക്കാൻ, നിശ്ചിത ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകിട്ട് 5 വരെ 'പ്ലാസ്റ്റിക് നിർമ്മാർജന യജ്ഞം' നടത്തും.

- ❖ ഓരോ കിലോമീറ്ററും ഗൂഗിൾ മാപ്പിൽ അടയാളപ്പെടുത്തുകയും ഓരോ കിലോമീറ്ററിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25 സന്നദ്ധപ്രവർത്തകർ വീതമുള്ള 600 ആക്ഷൻ ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്യും.

- ❖ ഓരോ ആക്ഷൻ ഗ്രൂപ്പും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് അതത് ആക്ഷൻ സെൻ്ററുകളിൽ സംഭരിക്കുകയും ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ചുമതലയിൽ ഷ്രെഡിംഗ് യൂണിറ്റുകളിലേക്ക് മാറ്റി ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്യും.

- ❖ **മൂന്നാം ഘട്ടത്തിൽ**കടലിൽനിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണം, പുനരുപയോഗം, തുടർ പ്രചാരണങ്ങൾ എന്നിവ ഫിഷിംഗ് ഹാർബറുകളിൽ സംഘടിപ്പിക്കും.

- ❖ 2018 മുതൽ നീണ്ടകര ഫിഷിംഗ് ഹാർബറിലെ ട്രോൾ വെസൽ ഉടമകളുടെയും തൊഴിലാളികളുടെയും സഹകരണത്തോടെ'**ശുചിത്വസാഗരം**'പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു.

- ❖ മത്സ്യബന്ധനത്തിനിടെ വലയിൽകുടുങ്ങുന്നകടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾശേഖരിക്കുകയും, ഇങ്ങനെ കടലിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ കടലിലേക്ക് വലിച്ചെറിയുന്നതിന് പകരം പ്രത്യേകം സജ്ജീകരിച്ച ചാക്കുകളിലാക്കി കരയിൽഎത്തിക്കുകയുംചെയ്യുന്നു.

- ❖ ലോകശ്രദ്ധ നേടിയ ഈ പദ്ധതി സംസ്ഥാനത്തെ പൂർണമായി പ്രവർത്തിക്കുന്ന മറ്റ് 25 തുറമുഖങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കും.

## നടപ്പിലാക്കുന്ന രീതി:

- ക്യാമ്പയിന്റെവിജയകരമായ നടത്തിപ്പിനായി, സംസ്ഥാനതല, ജില്ലാതല, തദ്ദേശ സ്വയംഭരണ തലത്തിലുള്ള ഏകോപന സമിതികൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.
- ഇതുകൂടാതെ, പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാനതല പ്രചാരണ സെല്ലും രൂപീകരിച്ചിട്ടുണ്ട്.
- പദ്ധതിയുടെ നടത്തിപ്പിന്റെ പ്രധാന ഉത്തരവാദിത്തംഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കുംകൂടാതെതദ്ദേശ സ്വയംഭരണ വകുപ്പ്, ടൂറിസം വകുപ്പ്, പരിസ്ഥിതിവകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ്വകുപ്പ്,, ജില്ലാ, പഞ്ചായത്ത്/ഗ്രാമ തലം ഉദ്യോഗസ്ഥർ എന്നിവർക്കും നിക്ഷിപ്തമാണ്.
- ഇത്കൂടാതെ യൂത്ത് മിഷൻ, ഹരിതകേരളം മിഷൻ, ഹരിത കർമ്മ സേന, ശുചിത്വ മിഷൻ, നെഹ്റു യുവകേന്ദ്ര, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, സാഫ് , കുടുംബശ്രീ, എൻ.സി.സി, എൻ.എസ്.എസ്., .കെ.എസ്.സി.എ.ഡി.സി., സംസ്ഥാന യുവജനക്ഷേമ ബോർഡ്, മത്സ്യബോർഡ്, കുഫോസ്, എം.പി.ഇ.ഡി.എ.-നെറ്റ്ഫിഷ്, മത്സ്യബന്ധന മേഖലയിലെ വിവിധ ട്രേഡ് യൂണിയനുകൾ, ബോട്ട് ഉടമകളുടെ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, സാംസ്കാരിക സംഘടനകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണവും പദ്ധതി നടപ്പിലാക്കുന്നതിനായി ഉറപ്പാക്കും.

## 7.3.3 തൊഴിൽതീരം

- മൽസ്യത്തൊഴിലാളി വിഭാഗത്തിൽപെട്ട തൊഴിലന്വേഷകർക്കായി കേരള നോളജ് ഇക്കണോമി മിഷൻ ഫിഷറീസ് വകുപ്പിന്റെ കൂടെ സഹകരണത്തോടെ ആരംഭിച്ച വൈജ്ഞാനിക തൊഴിൽ പദ്ധതിയാണ് തൊഴിൽതീരം.
- കേരളത്തിലെ 46 തീരദേശ നിയോജക മണ്ഡലങ്ങളിലും ഉൾനാടൻ മത്സ്യബന്ധന ഗ്രാമങ്ങളിലും പദ്ധതി നടപ്പാക്കികൊണ്ടിരിക്കുന്നു.

- ഇന്ത്യയിൽ തന്നെ സർക്കാർ തലത്തിൽ ആദ്യമായി നടപ്പിലാക്കുന്ന വൈജ്ഞാനിക തൊഴിൽ പദ്ധതി എന്ന നിലയിൽ ഈ പദ്ധതി രാജ്യത്തിന് തന്നെ മാതൃകയാണ്.

## ലക്ഷ്യങ്ങൾ

- മൽസ്യത്തൊഴിലാളിവിഭാഗത്തിൽപെട്ട പത്താം ക്ലാസ്സോ അതിനു മുകളിലോ യോഗ്യതയുള്ള തൊഴിലന്വേഷകരായ മുഴുവൻ വ്യക്തികളെയും ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ (DWMS) ഭാഗമാക്കികൊണ്ട് അവർക്ക് പരമാവധി തൊഴിൽ ലഭ്യമാക്കുക.
- സ്വകാര്യമേഖലയിൽ മൽസ്യത്തൊഴിലാളി സമൂഹത്തിൽ നിന്നുള്ള പ്രാതിനിധ്യം വർധിപ്പിക്കുക

## ഗുണഭോക്താക്കൾ

- മൽസ്യബന്ധന സമൂഹത്തിലെ പത്താം ക്ലാസ്സോ അതിനു മുകളിലോ യോഗ്യതയുള്ളവർ.
- മൽസ്യബന്ധന സമൂഹത്തിലെ 18 – 40 വയസിനിടയിലുള്ള യുവതി യുവാക്കൾ.
- മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗത്വമുള്ളവരും അവരുടെ കുടംബാംഗങ്ങളും.
- ഉൾനാടൻ മൽസ്യബന്ധന ഗ്രാമങ്ങളിലെ ഉദ്യോഗാർഥികൾ.

## തൊഴിൽ മേഖലകൾ

- DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത തൊഴിൽദാതാക്കൾ ലഭ്യമാക്കുന്ന തൊഴിൽ അവസരങ്ങൾ.
- ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന വലുതും ചെറുതുമായ സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലവസരങ്ങൾ.
- പ്രാദേശിക തൊഴിലുകൾ.
- സമുദ്രവുമായും മൽസ്യബന്ധനവുമായും ബന്ധപ്പെട്ട തൊഴിലുകൾ മുതലായവ.

## പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ

- പഞ്ചായത്ത് / പ്രാദേശികതലത്തിലുള്ള ബോധവൽക്കരണ പരിപാടി
- പ്രാദേശിക സംഗമങ്ങൾ
- തൊഴിൽക്ലബ് രൂപീകരണം
- DWMS രജിസ്ട്രേഷൻ
- നോളജ് ഇക്കണോമി മിഷൻ കൗൺസിലിംഗ് സേവനങ്ങൾ

തൊഴിൽ മേളകളും തുടർ പ്രവർത്തനങ്ങളും

## 7.3.7 സുസ്ഥിര സമുദ്ര മത്സ്യബന്ധന രീതികളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി

ഫിഷറീസ് വകുപ്പ് മുഖാന്തിരം മത്സ്യസമ്പത്ത്സംരക്ഷിക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക്ബോധവൽക്കരണം നൽകുന്ന പദ്ധതിയാണിത്.

മത്സ്യത്തൊഴിലാളികൾക്ക് താഴെ പറയുന്നവിഷയങ്ങളിൽ ഏകദിന പരിശീലന പരിപാടിപദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്നു.

1. കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമവും ചട്ടങ്ങളും നടപ്പിലാക്കൽ

2. സമുദ്ര മേഖലയിൽ ഫിഷറീസ് വകുപ്പ്നടപ്പിലാക്കുന്ന പദ്ധതികൾ

3. മത്സ്യബന്ധന യാനങ്ങളിലെ ആശയവിനിമയ ജീവൻരക്ഷാ ഉപകരണങ്ങൾ

4. മത്സ്യ സമ്പത്തിന്റെ സുസ്ഥിര സംരക്ഷണവുംപരിപാലനവും

## VIII ഓൺലൈൻ സേവനങ്ങൾ

### 8.1 വകുപ്പ് വഴി നടപ്പിലാക്കുന്നവ

### 8.1.1 FIMS (ഫിഷർമെൻ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം

മത്സ്യബന്ധനവകുപ്പ് നടപ്പിലാക്കുന്ന വിവിധ സേവന പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനും വിവിധ സേവനങ്ങൾക്കായി ഗുണഭോക്താക്കൾ വകുപ്പിലേക്ക് അപേക്ഷിക്കുന്നതിനും വേണ്ടി സർക്കാർ തയ്യാറാക്കിയിട്ടുള്ള ഒരു ഏകജാലക സംവിധാനമാണ്ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം അഥവാ FIMS. വെബ്സൈറ്റിൽ www.fims.kerala. gov. In എന്നപരിശോധിച്ചാൽ ഈ സംവിധാനം ലഭ്യമാകുന്നതാണ്. ഗുണഭോക്താക്കൾക്ക്നേരിട്ടോ അക്ഷയകേന്ദ്രങ്ങൾ വഴിയോ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്, കൂടാതെ ക്ഷേമപദ്ധതികളും മറ്റാനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് FIMS ലൂടെ കൈമാറാവുന്നതാണ്.

കാർഷികമേഖലയിൽ അതിവേഗം വളരുന്നതും പ്രധാനപ്പെട്ടതുമായ ഒരു സാമ്പത്തിക പ്രവർത്തനമാണ് മത്സ്യബന്ധനം. ഈ മത്സ്യബന്ധന മേഖ ലയുടെ അടിസ്ഥാനമായ മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങളും ആനുകൂല്യങ്ങളും അവരിലേക്ക്കൃത്യമായി എത്തിക്കുന്നതിന്നിലവിലുള്ള സംവിധാനങ്ങൾ പുനർക്രമീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ICT അധിഷ്ഠിത സോഫ്റ്റ്‌വെയറായ FIMS അവതരിപ്പിച്ചത്.

മത്സ്യത്തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ കുടുംബ രജിസ്റ്റർ അടിസ്ഥാനമാക്കിയാണ് FIMS പ്രവർത്തിക്കുന്നത്. ഈ കുടുംബ രജിസ്റ്ററിൽ നൽകിയിട്ടുള്ള മത്സ്യത്തൊഴിലാളികളുടെബാങ്ക്അക്കൗണ്ട്വിവരം, വിദ്യാഭ്യാസം, തൊഴിൽ, അവരുടെഉടമസ്ഥതയിലുള്ളയാനങ്ങൾ, കുടുംബാംഗങ്ങളുടെ വിശദവിവരങ്ങൾ തുടങ്ങിയവ അടിസ്ഥാനമാക്കിയാണ് വിവിധപദ്ധതികൾ / സേവനങ്ങൾ പ്രോസസ്സ്ചെയ്യുന്നത്. അതു വഴി സാമ്പത്തികസഹായ പദ്ധതികളുടെ തുക വളരെ വേഗത്തിലും കൃത്യതയിലും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ഡ്യൂപ്ലിക്കേഷൻ കൂടാതെ എത്തിക്കാൻ സാധിക്കും.

**ലക്ഷ്യങ്ങൾ**

1)മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികളിൽ കൂടുതൽ സുതാര്യതയും വേഗതയും കാര്യക്ഷമതയും കൈവരിക്കുക

2) ഫീൽഡ്പ്രവർത്തകരുടെസമയംലാഭിക്കുന്നതിനുംകൃത്യമായിടെക്നോളജികൈമാറുന്നതിനുംസാധിക്കുക

3) ഫിഷറീസ്ഡിപ്പാർട്ട്മെന്റിന്റെമത്സ്യബന്ധനമേഖലയിലുള്ളപ്രവർത്തനങ്ങൾഒരുഏകീകൃത ICT പ്ലാറ്റ്ഫോമിലേക്ക്മാറ്റുക.

4) ബഡ്ജറ്റ്പ്ലാനിംങുംഅതുമായിബന്ധപ്പെട്ട്തീരുമാനമെടുക്കുന്നതുംസുഗമമാക്കുക.

5) e-dbt വഴി സർക്കാർ ആനുകൂല്യങ്ങൾ/ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക്അക്കൗണ്ടിലേക്ക് കൈമാറി ചെയ്യുക.

**പ്രത്യേകതകൾ**

1) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വിഹിതമടച്ചവർക്കാണ് മത്സ്യത്തൊഴിലാളിക്ഷേമ നിധിബോർഡ്പെൻഷൻ ലഭ്യമാകുന്നത് FIMS ലെ വിവരം അടിസ്ഥാനമാക്കിയാണ്.യൂണിക്ഫാമിലി ഐഡി, ആധാർ അധിഷ്ഠിത നേരിട്ടുള്ള ആനുകൂല്യകൈമാറ്റം, മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഡാറ്റാബേസ്എന്നിവ FIMS സോഫ്റ്റ്‌വെയറിന്റെ മാത്രംപ്ര ത്യേകതകളാണ്.

2) FIMS ലെവിവരങ്ങൾ (വ്യക്തിഗതവിവരങ്ങൾ, കുടുംബത്തിന്റെവിവരങ്ങൾ, ബാങ്ക്അക്കൗണ്ട്വിവരങ്ങൾ) പരിശോധിക്കുന്നതിനും അപേക്ഷ നൽകുന്നതിനും ഓരോവ്യക്തിക്കും ഇന്റർനെറ്റ്ഉള്ള കമ്പ്യൂട്ടറിൽ നിന്നോ മൊബൈൽ ഫോണിൽ നിന്നോ ചെയ്യാവുന്നതാണ്. പരിശോധനയിൽ തിരുത്തലുകൾ ആവശ്യമുണ്ടെന്നു തോന്നിയാൽ മത്സ്യഭവനുകളുമായി ബന്ധപ്പെടാവുന്നതാണ്.

3) ഇത്തരത്തിൽ വിവരങ്ങൾ പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി സൂക്ഷിക്കുന്നവർക്ക്മത്സ്യത്തൊഴിലാളിക്ഷേമനിധി അംഗത്വം പുതുക്കുന്നത്ഒഴികെ മറ്റെല്ലാസേവനങ്ങളും ഓൺലൈനായി തന്നെ ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുകയാണ്ഫിംസ് എന്ന ഏകജാലക സംവിധാനം കൊണ്ട്ഉദ്ദേശിക്കുന്നത്. ഈ സംവിധാനത്തെ കുറിച്ചുള്ള സംശയങ്ങൾക്കും നിർദ്ദേശങ്ങൾക്കും മത്സ്യവകുപ്പിന്റെ കോൾസെന്ററുമായി ബന്ധപ്പെടാവുന്നതാണ്.

4) ക്ഷേമപദ്ധതികളായ SCRS ( സേവിംഗ്കംറിലീഫ്സ്കീം), സൗജന്യറേഷൻ, കാലാവസ്ഥ ആനുകൂല്യം (മോശമായ കാലാവസ്ഥയിൽ മത്സ്യബന്ധനത്തിന്പോകാൻ കഴിയാതെ വരുന്ന മത്സ്യത്തൊഴിലാളികൾക്ക്നൽകുന്ന ആനുകൂല്യം ) എന്നിവ FiMS-ലൂടെയാണ്നടപ്പിലാക്കി വരുന്നത്.

## സാദ്ധ്യതകൾ

1) മത്സ്യവകുപ്പ്നടപ്പിലാക്കാൻശ്രമിക്കുന്ന socio economic സർവ്വേപ്രാബല്യത്തിൽവരുന്നതോടെ socio economic സർവ്വേയും FIMS-ഉം ലിങ്ക്ചെയ്യാൻ സാധിക്കുകയും അത് വഴി FIMS- ലെ ഡാറ്റ അപ്ഡേറ്റ്ചെയ്യാൻ സാധിക്കുകയും ചെയ്യും.

2)മത്സ്യബന്ധനയാനങ്ങളുടെരെജിസ്ട്രേഷനുംലൈസൻസുംആയിബന്ധപ്പെട്ടഅപ്ലിക്കേഷൻആയറിയൽ ക്രാഫ്റ്റ്സോഫ്റ്റ്വെയർആയുംബന്ധിപ്പിക്കാനുംമത്സ്യവകുപ്പ്ശ്രമിക്കുന്നുണ്ട്.

## QR ENABLED AADHAAR

- മത്സ്യബന്ധന വേളയിൽ ഐഡി കാർഡുകൾ കൈവശം വയ്ക്കുന്നത് നിർബന്ധമാക്കുകയും നിയമലംഘനത്തിന് യാന ഉടമകളിൽ നിന്ന് പിഴ ചുമത്തുകയും ചെയ്യുന്നു
- ആദ്യത്തെ തവണ 1000 രൂപയും, രണ്ടാമത്തെ തവണ 2000 രൂപയും മൂന്നാമത്തെ തവണ 5000 രൂപയും പിഴ ഒടുക്കേണ്ടതാണ്.
- ഇതുവരെ UIDAI പ്രകാരം കടലിൽ പോകുന്ന 172078 മത്സ്യത്തൊഴിലാളികൾക്ക് QR enabled AADHAR CARD നൽകിയിട്ടുണ്ട്.

## IX തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

മത്സ്യമേഖലയുടെ സുസ്ഥിര വികസനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യമേഖല വികസനത്തിനായി വിവിധ ഘടക പദ്ധതികൾ നടപ്പാക്കുന്നു

| ഇനം | യൂണിറ്റ് വില | സബ്സിഡി പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|
| കൂടിലെ മത്സ്യകൃഷി | 40000/- | പൊതു വിഭാഗം 40 % പട്ടിക ജാതി 75% പട്ടിക വർഗ്ഗം100% | കേരള ഫിഷറീസ് ആൻഡ് അക്വാകൾച്ചർ നിയമം 2010 പ്രകാരം രജിസ്ട്രേഷനും ലൈസൻസും |
| വനിതകൾക്ക് അലങ്കാര മത്സ്യ വിത്തുല്പാദനവും വളർത്തലും | 50000/- | പൊതു വിഭാഗം 40 % പട്ടിക ജാതി 75% പട്ടിക വർഗ്ഗം100% | ഭൂമിയുടെ കൈവശാവകാശ രേഖ /ഉടമശാവകാശ രേഖ /അനുമതി ബന്ധപ്പെട്ട എഞ്ചിനീയർ ന്റെ മൂല്യനിർണയം |
| ചിപ്പി വളർത്തൽ/കായൽ മുരിങ്ങ വളർത്തൽ | 15000/rack | പൊതു വിഭാഗം 40 % പട്ടിക ജാതി 75% പട്ടിക വർഗ്ഗം100% | കേരള ഫിഷറീസ് ആൻഡ് അക്വാകൾച്ചർ നിയമം 2010 പ്രകാരം രജിസ്ട്രേഷനും ലൈസൻസും |
| മത്സ്യ കൃഷിക്ക് ആവശ്യമായ സംരക്ഷണ വല | 25000/Ha | എല്ലാ വിഭാഗങ്ങൾക്കും 40 % | കേരള ഫിഷറീസ് ആൻഡ് അക്വാകൾച്ചർ നിയമം 2010 പ്രകാരം രജിസ്ട്രേഷനും ലൈസൻസും |
| പൊക്കാളി പാടത്തെ ഒരു നെല്ലും ചെമ്മീനും | നഴ്സറി :170000/Ha ഇന്പുട് സബ്സിഡി:300000/Ha | പൊതു വിഭാഗം 40 % പട്ടിക ജാതി 75% പട്ടിക വർഗ്ഗം100% | കേരള ഫിഷറീസ് ആൻഡ് അക്വാകൾച്ചർ നിയമം 2010 പ്രകാരം രജിസ്ട്രേഷനും ലൈസൻസും ഭൂമിയുടെ കൈവശാവകാശ രേഖ /ഉടമശാവകാശ രേഖ /അനുമതി |
| ഒരു നെല്ലും ഒരു മീനും | നഴ്സറി :13000/Ha Input സബ്സിഡി:70000/Ha | എല്ലാ വിഭാഗങ്ങൾക്കും 40 % | കേരള ഫിഷറീസ് ആൻഡ് അക്വാകൾച്ചർ നിയമം 2010 പ്രകാരം രജിസ്ട്രേഷനും ലൈസൻസും ഭൂമിയുടെ കൈവശാവകാശ രേഖ /ഉടമശാവകാശ രേഖ /അനുമതി |

| | | | |
|---|---|---|---|
| റിസെർവോയറുകളിൽ മത്സ്യബന്ധന വല /കുട്ടവഞ്ചി /ബാംബൂ റാഫ്റ് | 15000/- | പട്ടിക വർഗ്ഗം100% | പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് മാത്രം |
| അക്വാ ടൂറിസം | യഥാർത്ഥ ചെലവ് | 100% സബ്സിഡി | മത്സ്യ കൃഷി മാതൃകകൾ ബോട്ടിംഗ് ആംഗ്ലിങ് മ്യൂസിയം പബ്ലിക് അക്വാറിയം ലൈവ് ഫിഷ് മാർക്കറ്റ് എന്നിവയോടൊപ്പം പരമ്പരാഗത കാർഷിക വ്യവസായ മാതൃകകളും മ്യൂസിയങ്ങളും സ്ഥാപിക്കുക<br><br>ജില്ലാ പഞ്ചായത്ത് പദ്ധതി |
| മുറ്റത്തൊരു മീൻതോട്ടം | 20000/- | പൊതു വിഭാഗം 40 % പട്ടിക ജാതി 75% പട്ടിക വർഗ്ഗം100% | കേരള ഫിഷറീസ് ആൻഡ് അക്വാകൾച്ചർ നിയമം 2010 പ്രകാരം രജിസ്ട്രേഷനും ലൈസൻസും<br>അര സെൻറ് കുളം |
| വീട്ടുവളപ്പിൽ/ പടുത കുളങ്ങളിലെ മത്സ്യ കൃഷി | 123000/- | പൊതു വിഭാഗം 40 % പട്ടിക ജാതി 75% പട്ടിക വർഗ്ഗം100% | രണ്ട് സെൻറ് കുളം<br>കേരള ഫിഷറീസ് ആൻഡ് അക്വാകൾച്ചർ നിയമം 2010 പ്രകാരം രജിസ്ട്രേഷനും ലൈസൻസും |
| ബയോഫ്ളോക് മത്സ്യകൃഷി | 138000/- | പൊതു വിഭാഗം 40 % പട്ടിക ജാതി 75% പട്ടിക വർഗ്ഗം100% | കേരള ഫിഷറീസ് ആൻഡ് അക്വാകൾച്ചർ നിയമം 2010 പ്രകാരം രജിസ്ട്രേഷനും ലൈസൻസും |

## X. മത്സ്യമേഖയിലെ അനുബന്ധ തൊഴിലാളികൾക്ക് വേണ്ടിയുള്ള സുസ്ഥിര വികസനപദ്ധതി – സംയോജന സാധ്യതകൾ

മത്സ്യത്തൊഴിലാളി മേഖലയിലെ പ്രദേശിക സാമ്പത്തിക വികസനം മുൻനിർത്തി ഉല്പാദമേഖലകളെ ആധുനികവത്കരിച്ചും ശാക്തീകരിച്ചും അനുബന്ധ മത്സ്യതൊഴിലാളി കൾക്ക് സംരഭകത്വ വികസനം സാധ്യമാക്കുന്നതിനായി കുടുംബശ്രീ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വ്യവസായ വാണിജ്യ വകുപ്പ്, ത്രിതല പഞ്ചായത്തുകളുടെ വിവിധ സംരഭകത്വ വികസന പദ്ധതികൾ

RSETI സെന്ററുകൾ എന്നിവയുമായി സംയോജിപ്പിച്ച് മത്സ്യമേഖലയിലെ അനുബന്ധ വ്യവസായങ്ങൾ ഏറ്റെടുത്ത് തൊഴിൽ സൃഷ്ടി സാധ്യമാക്കുന്നതിന് ആവശ്യമായ സൂചനകങ്ങൾ താഴെ ചേർക്കുന്നു.

## 10.1 വ്യവസായ വാണിജ്യ വകുപ്പ് – സംരംഭക സേവനങ്ങൾ ലഘുവിവരണം

### 10.1.1 നാനോ യൂണിറ്റുകൾക്കുളള മാർജിൻ മണി ഗ്രാന്റ്

ഉല്പാദന മേഖലയിലും, സേവന മേഖലയിലും ആകെ മുതൽ മുടക്ക് 10 ലക്ഷം രൂപ വരെയുള്ള സംരഭങ്ങൾക്ക് ഈ പദ്ധതിയുടെ സഹായം ലഭിക്കും, വായ്പാബന്ധിത പദ്ധതിയാണിത്.

| ഗുണഭോക്താവിന്റെ വിഭാഗം | സ്വന്തം മുതൽ മുടക്ക് | ബാങ്ക് വായ്പ | സബ്സിഡി നിരക്ക് |
|---|---|---|---|
| പൊതുവിഭാഗം | 30% | 40% | 30% |
| മുൻഗണനാവിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, വിമുക്തഭടന്മാർ യുവസംരംഭകർ (40 വയസ്സ് വരെ) | 20% | 40% | 40% |

### 10.1.2 പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി ( PMEGP )

തൊഴിലും ഉത്പാദനവും വർദ്ധിപ്പിയ്ക്കാൻ ഉദ്ദേശിച്ചുകൊണ്ടുളള കേന്ദ്രസർക്കാർ പദ്ധതിയാണിത്. ഉൽപ്പാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 20 ലക്ഷം രൂപ വരെയുമുള്ള പദ്ധതി ചെലവിനുമേൽ സബ്സിഡി നൽകുന്ന വായ്പാ ബന്ധിത പദ്ധതിയാണിത്. 10 ലക്ഷത്തിൽ കൂടുതലുള്ള ഉൽപ്പാദന സംരഭങ്ങൾക്കും 5 ലക്ഷത്തിൽ കൂടുതലുള്ള സേവന സംരംഭങ്ങൾക്കും സംരംഭകൻ എട്ടാം ക്ലാസ്സ് പാസ്സായിരിക്കണം. അപേക്ഷയും അനുബന്ധ രേഖകളും www.kviconline.gov.in എന്ന വെബ്സൈറ്റിലൂടെ അയക്കാവുന്നതാണ്. ജില്ല വ്യവസായ കേന്ദ്രം, KVIC, KVIB എന്നി ഏജൻസികളാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

| ഗുണഭോക്താവിന്റെ വിഭാഗം | സ്വന്തം മുതൽ മുടക്ക് | ബാങ്ക് വായ്പ | സബ്സിഡി നിരക്ക് | |
|---|---|---|---|---|
| | | | നഗരം | ഗ്രാമം |
| പൊതുവിഭാഗം | 10% | 90% | 15% | 25% |
| മുൻഗണനാവിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, ഒബിസി, ന്യൂനപക്ഷ വിഭാഗം,വിമുക്തഭടന്മാർ) | 5% | 95% | 25% | 35% |

### 10.1.3 പി. എം. എഫ്. എം. ഇ ( PMFME ) – PM Formalisation of Micro Food Processing Enterprises)

- കേന്ദ്ര ഫുഡ് പ്രോസസ്സിംഗ് മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്

- സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലെ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള സഹായം – സ്ഥിര മൂലധന നിക്ഷേപത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപ

- പൊതു അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായം – FPOs/സ്വാശ്രയ സംഘങ്ങൾ/സഹകരണ സ്ഥാപനങ്ങൾ /പ്രൊഡ്യൂസർ കോപ്പറേറ്റീവ്സ്/സർക്കാർ ഏജൻസികൾ എന്നിവർക്ക് പദ്ധതി വിഹിതത്തിന്റെ 35% പരമാവധി 3 കോടി രൂപാ വരെ സഹായം

### 10.1.4 സൂക്ഷ്മ ചെറുകിട സംരംഭങ്ങളെ സ്കെയിൽഅപ്പ് ചെയ്യുന്നതിനുള്ള പദ്ധതി

- പ്രവർത്തനക്ഷമമായ MSME സംരംഭങ്ങളെ സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള പദ്ധതി
- ഉല്പാദന മേഖലയിലോ സേവന മേഖലയിലോ ഏർപ്പെട്ടിരിക്കുന്ന എല്ലാ യൂണിറ്റുകൾക്കും അപേക്ഷിക്കാം

- പദ്ധതി പ്രകാരമുള്ള സഹായങ്ങൾ

- വിപുലീകരണത്തിന്റെ ഭാഗമായുള്ള DPR തയ്യാറാക്കുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ സഹായം

- വിപുലീകരണ പ്രവർത്തനങ്ങൾക്കായി വേണ്ടി വരുന്ന സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 2 കോടി രൂപ വരെ സഹായം

- ബാങ്കുകളിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ പ്രവർത്തന മൂലധന വായ്പ എടുക്കുന്ന സംരംഭങ്ങൾക്ക് ആദ്യ 4 വർഷത്തേക്ക് 50% പലിശ സബ്സിഡി (പരമാവധി 50 ലക്ഷം രൂപ വരെ)
- ഇന്ത്യാ ഗവൺമെന്റിന്റെ (GeM) പോർട്ടലിൽ MSME ഉൽപ്പന്നങ്ങളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതാണ് പദ്ധതി

- ഒരു സംരംഭത്തിന് GeM പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് 10,000 രൂപ വരെ ഇൻസെന്റീവ് ലഭിക്കും

- UDYAM പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉല്പാദന, സേവന മേഖലയിലെ എല്ലാ MSME – കൾക്കും ഈ സ്കീമിന് കീഴിൽ സഹായത്തിന് അർഹതയുണ്ട്.

### 10.1.5 MSME ഇൻഷുറൻസ് പദ്ധതി

- ഉത്പാദന – സേവന – വ്യാപാര മേഖലകളിൽപ്പെട്ട സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതി

- 2023 ഏപ്രിൽ ഒന്നിന് ശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 2500 രൂപ) സബ്സിഡി നൽകുന്നു.

- ഇതുവരെ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത സംരംഭങ്ങൾക്ക് മത്സരാധിഷ്ഠിത നിരക്കിൽ പൊതുമേഖലാ ഇൻഷുറൻസ് കമ്പനികളിൽ നിന്നും ഇൻഷ്വർ ചെയ്യാനുള്ള ഓൺലൈൻ സംവിധാനം.

## 10.2 കുടുംബശ്രീ – തീരദേശ മേഖലയിലെ സംരഭകത്വ വികസനം പദ്ധതി നടത്തിപ്പ്

മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും 18 വയസ്സ് പൂർത്തിയായ ഓരോ സ്ത്രീയെ വീതം ഉൾപ്പെടുത്തി 10 മുതൽ 20 വരെ അംഗങ്ങൾ ഉള്ള അയൽക്കൂട്ടങ്ങളായാണ് കുടുംബശ്രീ സംഘടനാ സംവിധാനം. ലഘുസമ്പാദ്യ മൂലധന നക്ഷേപത്തിന് പുറമേ അയൽക്കൂട്ടങ്ങളെ ലഘു സംരംഭങ്ങളിൽ ഏർപ്പെടുത്തുന്നതിന് പ്രേരിപ്പിക്കുന്ന തരത്തിൽ ബാങ്ക് ലിങ്കേജ് പ്രോഗ്രാമിലൂടെയും വിവിധ കുടുംബശ്രീ സബ്സിഡി പ്രോഗ്രാമുകളിലൂടെയും വനിതകൾക്ക് സ്വയം തൊഴിലിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് സൂക്ഷ്മസംരംഭങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

### അർഹതാമാനദണ്ഡം

1. 18 – 60 വയസ്സ് പ്രായ പരിധിയിലുള്ള വനിതകൾ / അവരുടെ കുടുംബത്തിലെ പുരുഷൻമാർ
2. കുടുംബശ്രീ തീരദേശ മേഖലയിലെ അയൽക്കൂട്ടാംഗങ്ങളോ/ അവരുടെ കുടുംബാംഗങ്ങളോ
3. തീരദേശ അയൽക്കൂട്ടത്തിൽ അംഗത്വം നേടി കുറഞ്ഞത് 6 മാസമെങ്കിലും പൂർത്തീകരിച്ചിരിക്കണം.
4. ഒരു തീരദേശ അയൽക്കൂട്ടത്തിൽ നിന്നോ, വ്യത്യസ്ത തീരദേശ അയൽക്കൂട്ടങ്ങളിൽ നിന്നോ സംരഭം ആരംഭിക്കാൻ താല്പര്യപ്പെടുന്ന വനിത/വനിതകളെയോ അവരുടെ കുടുംബാംഗങ്ങളെയോ ഉൾപ്പെടുത്തി വ്യക്തിഗത/ഗ്രൂപ്പ് സംരഭങ്ങൾ രൂപം നൽകാവുന്നതാണ്.

   പ്രോജക്ട് – പദ്ധതി തുക

   വ്യക്തിഗത സംരംഭം – പ്രൊജക്ട് തുകയുടെ 75% അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ ഏതാണോ കുറവ് ആയത് മൂലധന സബ്സിഡി ആയി ലഭിക്കും

   ഗ്രൂപ്പ് സംരംഭം – പ്രൊജക്ട് തുകയുടെ 75% അല്ലെങ്കിൽ പരമാവധി 5 ലക്ഷം രൂപ വരെ ഏതോണോ കുറവ് ആയത് മൂലധന സബ്സിഡി ആയി ലഭിക്കും

   കുടുംബശ്രീ എം. ഇ. സി –മാർ തയ്യാറാക്കുന്ന പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സംരഭകത്വ രൂപീകരണം നടത്തുന്നത്. കൂടുതൽ വിവരങ്ങൾ അതാത് പഞ്ചായത്ത് തല സി. ഡി. എസ് –കളെ സമീപിക്കാവുന്നതാണ്.

## 10.3 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

### 10.3.1 സംരംഭ ഗ്രൂപ്പുകൾക്ക് വർക്ക്ഷെഡ് നിർമ്മിക്കൽ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിലെ സ്ഥായിയായതും ഉൽപാദനപരവുമായ ആസ്തികൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സ്വയം സഹായ സംഘങ്ങൾ/ സംരംഭക ഗ്രൂപ്പുകൾ എന്നിവയ്ക്ക് ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം നടത്തുന്നതിന് സാധ്യതയുണ്ട്..

1. സ്വയം സഹായ സംഘങ്ങൾക്ക് വർക്ക് ഷെഡ് നിർമ്മിച്ച് നൽകുന്ന പ്രവൃത്തി പരിമിതമായ എണ്ണം മാത്രമാണ് സംസ്ഥാനത്ത് ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ കുടുംബശ്രീ/വിവിധ സംരഭകത്വ വികസന ഏജൻസികൾ എന്നിവയുടെ കീഴിൽ നിരവധി സ്വയം സഹായ സംഘങ്ങൾ വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്.

### മാനദണ്ഡങ്ങൾ

1. 5 പേർ അടങ്ങിയ മൈക്രോ എന്റർപ്രൈസസ് ഗ്രൂപ്പ് ആയിരിക്കണം. കുടുംബശ്രീ യിലോ സാഫ് പോലുള്ള മറ്റ് അംഗീകൃത ഏജൻസികളിലോ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
2. അംഗീകൃത ഏജൻസിയിൽ നിന്നും പരിശീലനം പൂർത്തിയാക്കിയവരായിരിക്കണം.
3. ഗ്രൂപ്പുകൾക്ക് വർക്ക് ഷെഡ് നിർമ്മിക്കുന്നതിനായി പൊതുഭൂമി കണ്ടെത്തണം എന്ന് നിർബന്ധം ഇല്ല
4. ഗ്രൂപ്പിലെ ഏതെങ്കിലും അംഗത്തിന്റെ പേരിൽ വർക്ക് ഷെഡ് പണിയുന്നതിനാ വശ്യമായ ഭൂമി ലഭ്യമാണെങ്കിൽ ഗ്രൂപ്പ് അംഗങ്ങളുടെ രേഖമൂലമുള്ള ഉഭയ സമ്മത പ്രകാരം പ്രസ്തുത ഭൂമിയിൽ വർക്ക് ഷെഡ് നിർമ്മിക്കാവുന്നതാണ്.
5. ഭൂമി ലഭ്യമായ ഗ്രൂപ്പിലെ അംഗവും ഗ്രൂപ്പിലെ മറ്റ് അംഗങ്ങളും തമ്മിൽ ഭൂമിയുടെയും, വർക്ക് ഷെഡിന്റെയും നിർമ്മാണവും, ഉപയോഗവും സംബന്ധിച്ച് പൊതുവായ ഒരു കരാരിൽ ഏർപ്പെടേണ്ടതാണ്.
6. കുറഞ്ഞത് 5 വർഷത്തേക്കെങ്കിലും ടി വർക്ക് ഷെഡ് ഗ്രൂപ്പിന്റെ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിനുള്ള സമ്മതപത്രം ഉടമസ്ഥൻ നൽകേണ്ടതാണ്.

### അപേക്ഷ നൽകേണ്ടത്

അതാത് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയോ, ഗ്രാമസഭ മുഖേന അപേക്ഷ സമർപ്പിക്കുകയോ ചെയ്യാവുന്നതാണ്.

### 10.3.2 ഗ്രാമചന്തകളുടെ നിർമ്മാണം

മത്സ്യത്തൊഴിലാളി മേഖലകളിൽ അനുബന്ധത്തൊഴിലാളികൾക്ക് കച്ചവടം നടത്തുന്നതിനായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയാണ് ഗ്രാമീണമേഖലയിലെ ചന്തകൾ പലതും

പ്രവർത്തിക്കുന്നത്. സംരംഭകർക്ക് സൗകര്യമായി ഇരുന്ന് കച്ചവടം നടത്തുന്നതിനുള്ള ഷെൾട്ടറുകൾ, സ്റ്റോറേജ് സൗകര്യം, ഇന്റർലോക്ക് പാകിയ നടപ്പാത, ശൗചാലയങ്ങൾ, മാലിന്യസംസ്കരണ സൗകര്യങ്ങൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നിർമ്മിക്കാവുന്നതാണ്.

## പദ്ധതി നിർവ്വഹണം

ഗ്രാമപഞ്ചായത്ത് ടി പ്രവൃത്തികൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി, നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന മാതൃകയിൽ ടി പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്. കൂടാതെ കാറ്റഗറി ബി പ്രവൃത്തിയായ ഫാം പോണ്ട് നിർമ്മിക്കുമ്പോൾ ഇതിനാവശ്യമായി വരുന്ന സാധന സാമഗ്രികളുടെ ചിലവ് യഥാർത്ഥ GST ബില്ലുകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാൻ സാധിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അതാത് പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## 10.4 റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (RSETI)

കേന്ദ്ര ഗ്രാമീണ തൊഴിൽ മന്ത്രാലയത്തിന് കീഴിൽ അതാത് ജില്ലകളിലെ ലീഡ് ബാങ്കിന്റെ നേതൃത്വത്തിൽ സംരഭകത്വ പരിശീലന കേന്ദ്രങ്ങൾ എല്ലാ ജില്ലയിലും താമസ സൗകര്യം ഉൾപ്പെടെ തികച്ചും സൗജന്യമായി ഏർപ്പെടുത്തിയിട്ടുണ്ട്. തീരദേശ ജില്ലകളിലെ RSETI കളുടെ ഫോൺ നമ്പർ താഴെ ചേർക്കുന്നു.

| ക്രമനം | ജില്ല | നോഡൽ ബാങ്ക് | ഫോൺനമ്പർ |
|---|---|---|---|
| 1 | ആലപ്പുഴ | എസ്.ബി.ഐ | 9447050242<br>0477 – 2292427 |
| 2 | എറണാകുളം (പെരുമ്പാവൂർ) | യൂ.ബി.ഐ | 9946899705<br>0484 – 2529344 |
| 3 | കണ്ണൂർ | RUDSETI | 9447548185<br>0460 – 2226573 |
| 4 | കാസർഗോഡ് (കാഞ്ഞങ്ങാട്) | ആന്ധ്രബാങ്ക് | 9495329582<br>0467 – 2268240 |
| 5 | കൊല്ലം | കാനറ ബാങ്ക് | 9495245002<br>0474 – 2537141 |
| 6 | കോഴിക്കോട് | കാനറ ബാങ്ക് | 9447276470<br>0495 – 2432470 |
| 7 | മലപ്പുറം (വണ്ടൂർ) | കാനറ ബാങ്ക് | 9495967888<br>0493 1 – 247001 |
| 8 | തിരുവനന്തപുരം | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 9847425515<br>0471 – 2322430 |
| 9 | തൃശ്ശൂർ | കാനറ ബാങ്ക് | 9447732324<br>0487 – 2370212 |